സഭാഭാസുരൻ വിശുദ്ധ വട്ടശ്ശേരിൽ
മാർ ദിവന്നാസ്യോസ് തിരുമേനിയുടെ
പെരുന്നാളിലെ

# പെങ്കീസാ നമസ്കാരം

(ശ്രേഷ്ഠാനുമതിയോടു കൂടിയത്)

തയ്യാറാക്കിയത്: ഡോ. യാക്കോബ് മാർ ഐറേനിയോസ്
മെത്രാപ്പോലീത്ത

2004

എം.ഒ.സി. പബ്ലിക്കേഷൻസ്, ദേവലോകം, കോട്ടയം

സഭാഭാസുരൻ വിശുദ്ധ വട്ടശ്ശേരിൽ
മാർ ദിവന്നാസ്യോസ് തിരുമേനിയുടെ
പെരുന്നാളിലെ

# പെങ്കീസാ നമസ്കാരം

(ശ്രേഷ്ഠാനുമതിയോടു കൂടിയത്)

തയ്യാറാക്കിയത്: ഡോ. യാക്കോബ് മാർ ഐറേനിയോസ്
മെത്രാപ്പോലീത്ത

2004

**Pemkeesa Namaskaram**
Prayer Book

Prepared by : Dr. Yakob Mar Iraneus Metropolitan

First Published : 2004

Published by: M.O.C. Publication, Devalokam, Kottayam

Copy Right : Publishers

Copies : 1500

Type Setting : Revelations, Kottayam

Printed at : Catholicate Offset, Devalokam
ISBN - 81 - 86631 - 62 - 3

**Price : Rs. 20.00**

## ആമുഖം

വി. വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് പിതാവിന്റെ ഓർമ്മപ്പെരുനാളിൽ ഉപയോഗിക്കുന്നതിനുള്ള 'പെങ്കീസാ'നമസ്കാരം സഭാസമക്ഷം സമർപ്പിക്കുന്നതിൽ അനല്പമായ ചാരിതാർത്ഥ്യമുണ്ട്. അദ്ദേഹത്തിന്റെ 'പരിശുദ്ധ പദ പ്രഖ്യാപന ശുശ്രൂഷാ ക്രമത്തിന്റെ രചനാ വേളയിലെന്നതുപോലെ, 'പെങ്കീസാ'യുടെ രചനയും അത്യന്തം അനായാസകരമായിരുന്നു എന്നത് പ്രസ്താവ്യമാണ്. ആശയങ്ങളും ഭാഷാപ്രയോഗങ്ങളും തടസ്സമില്ലാതെ ഒഴുകിവരികയായിരുന്നു എന്നു പറയാം. ബാലനായ Macaulay പറഞ്ഞതുപോലെ: 'I lisped in numbers, for the numbers came.' സഭാഭാസുരനായ പരിശുദ്ധ പിതാവിന്റെ ആശീർവ്വാദമാണ് ഈ കൃത്യനിർവ്വണത്തിനു പ്രേരകമായത് എന്നതിന് അശേഷം സന്ദേഹമില്ല. സഭയിൽ വെളിച്ചം നിറച്ച മാർ ദിവന്നാസ്യോസ് പിതാവ് നമ്മുടെ ചിന്തകളെയും ഭാസുരമാക്കട്ടെ. ഈ നമസ്കാര പുസ്തകത്തിന് അനുയോജ്യമായ പ്രസാധനകുറിപ്പെഴുതി അനുഗ്രഹിച്ച മലങ്കരസഭയുടെ സുവർണ്ണ നക്ഷത്രമായ നി.വ.ദി.മ.മ. ശ്രീ. മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കതോലിക്കാ ബാവായോടുള്ള കടപ്പാടും ഇവിടെ കുറിക്കട്ടെ!

***ഡോ. യാക്കോബ് മാർ ഐറേനിയോസ്.***

കോട്ടയം
മായൽത്തോപെരുന്നാൾ

# ശ്രേഷ്ഠാനുമതി

പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായുമായ ബസേലിയോസ് മാർത്തോമാ മാത്യൂസ് ദ്വിതിയൻ

(മുദ്ര)

വാത്സല്യമക്കളെ,

നമ്മുടെ സഭയിലെ രണ്ടാമത്തെ പ്രഖ്യാപിത വിശുദ്ധനായ സഭാഭാസുരൻ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ് പിതാവിന്റെ പെരുനാളിൽ ഉപയോഗിക്കത്തവണ്ണം അഭിവന്ദ്യനായ ഡോ. യാക്കോബ് മാർ എറേനിയോസ് മെത്രാപ്പോലീത്ത തയ്യാറാക്കിയ പെങ്കീസാ നമസ്കാരക്രമം 22-07-2003-ൽ ചേർന്ന എപ്പിസ്കോപ്പൽ സുന്നഹദോസിൽ സമർപ്പിക്കുകയും സുന്നഹദോസ് നിശ്ചയപ്രകാരം ആയത് നാം തന്നെ പരിശോധിച്ചശേഷം പ്രസിദ്ധീകരിക്കുന്നതിന് അനുമതി നൽകിയിട്ടുള്ളതുമാകുന്നു. സരളമായ പ്രാർത്ഥനകളും, പരിചിതമായ ലയങ്ങളുമാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഈ പുസ്തകത്തിൽ സന്ധ്യാനമസ്കാരം മുതൽ മദ്ധ്യാഹനനമസ്കാരം വരെയുള്ള പ്രാർത്ഥനകൾ ചേർത്തിരിക്കുന്നു. പ. ദീവന്നാസ്യോസ് പിതാവിനെ വിശുദ്ധനായി പ്രഖ്യാപിച്ചതിന്റെ ഒന്നാം വാർഷികത്തിനുമുമ്പുതന്നെ ഈ നമസ്കാരക്രമം പ്രസിദ്ധീകരിക്കാൻ സാധിച്ചതിൽ ദൈവത്തെ സ്തുതിക്കുന്നു. സഭയുടെ പ്രസിദ്ധീകരണ വിഭാഗത്തെയും, രചയിതാവായ മാർ ഐറേനിയോസ് തിരുമേനിയെയും അക്കാര്യത്തിൽ നാം അനുമോദിക്കുന്നു. ഈ നമസ്കാരക്രമം സഭാഭാസുരൻ പ. വട്ടശ്ശേരിൽ മാർദീവന്നാസ്യോസ് പിതാവിന്റെ പെരുനാളിൽ ഇനിമേൽ ഉപയോഗിക്കുന്നതിന് നാം അനുമതി നൽകിയിരിക്കുന്നു.

ആയത് ദൈവമാതാവായ വി. കന്യകമറിയാം അമ്മയുടെയും വി. മാർത്തോമ്മ ശ്ലീഹായുടെയും എല്ലാ പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും പ്രത്യേകിച്ച് പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയുടെയും പ്രാർത്ഥനകളാൽ തന്നെ

ശേഷം പിന്നാലെ

ദൈവം അനുഗ്രഹിക്കട്ടെ

ദേവലോകം കാതോലിക്കേറ്റ് അരമനയിൽനിന്ന്

(ഒപ്പ്)

# ഉള്ളടക്കം


| | പേജ് |
|---|---|
| സന്ധ്യാനമസ്കാരം | 9 |
| സുത്താറ നമസ്കാരം | 26 |
| ധൂപപ്രാർത്ഥനകൾ | 39 |
| രാത്രി നമസ്കാരം | 49 |
| ഒന്നാം കൗമ | 52 |
| രണ്ടാം കൗമ | 55 |
| മൂന്നാം കൗമാ | 60 |
| ധൂപപ്രാർത്ഥനകൾ | 71 |
| പ്രഭാത നമസ്കാരം | 77 |
| മൂന്നാംമണി നമസ്കാരം | 100 |
| ആറാം മണി | 102 |

# സന്ധ്യാനമസ്കാരം

## ഒരു കൗമാ

### പ്രാരംഭ പ്രാർത്ഥന

പട്ടക്കാരൻ : ശുബഹോ.....

ജനം : ബലഹീനരും പാപികളുമായ......

മഹാകാരുണ്യവാനും മനുഷ്യസ്നേഹിയുമായ കർത്താവേ! നിന്റെ സഭയ്ക്ക് ശ്രേഷ്ഠ ഇടയനായിരുന്ന്, ആയുസ്സുമുഴുവൻ സഭയുടെ ഉന്നമനത്തിനും ശ്രേയസ്സിനുംവേണ്ടി പ്രത്നിക്കുകയും, അതിന്റെ സമാധാനത്തിനും സ്വാതന്ത്ര്യത്തിനുംവേണ്ടി കഠിനമായ പീഢനങ്ങളും യാതനകളും സഹിക്കുകയും, സഭയെ സ്വാതന്ത്ര്യത്തിന്റെ പച്ചയായ മേച്ചിൽപ്പുറങ്ങളിലേയ്ക്ക് സുധീരം നയിക്കുകയും ചെയ്ത ഞങ്ങളുടെ പിതാവായ മാർ ദീവന്നാസ്യോസിന്റെ പെരുന്നാൾ ആഘോഷിക്കുവാൻ ഞങ്ങളെ അർഹരാക്കണമേ. ഈ പിതാവ് ലോകത്തെയും സ്വകുടുംബത്തേയും വിട്ട്, വിശുദ്ധ സഭയ്ക്കുവേണ്ടി ദീർഘനാൾ അത്യദ്ധ്വാനം ചെയ്തു. പ്രതിസന്ധികളിൽ തളരാതെ, ദൈവാശ്രയത്തോടെ സഭാനൗകയെ സ്വാതന്ത്ര്യത്തിന്റെ സ്വച്ഛന്ദ തീരത്തേക്കു നയിച്ചു. തിരുസഭയ്ക്ക് ശ്രേഷ്ഠംഇടയനായി മാർ ദിവന്നാസ്യോസിനെ നിയോഗിച്ച പിതാവിനെയും പുത്രനെയും പരിശുദ്ധ റൂഹായെയും ഞങ്ങൾ പുകഴ്ത്തുന്നു..

ഹോശോ...

ദൈവമേ! നിന്റെ കൃപപോലെ എന്നോടു കരുണ ചെയ്യണമെ. നിന്റെ കരുണയുടെ ബഹുത്വത്തിൻപ്രകാരം എന്റെ പാപങ്ങൾ മായിച്ചുകളയണമെ.

എന്റെ അന്യായത്തിൽനിന്ന് എന്നെ നന്നായി കഴുകി, എന്റെ പാപങ്ങളിൽനിന്ന് എന്നെ വെടിപ്പാക്കണമെ. എന്തെന്നാൽ, എന്റെ അതിക്രമങ്ങൾ ഞാൻ അറിയുന്നു. എന്റെ പാപങ്ങൾ എപ്പോഴും എനിക്കുനേരേയുമിരിക്കുന്നു.

നിന്നോടു തന്നെ ഞാൻ പാപം ചെയ്തു. നിന്റെ തിരുമുമ്പിൽ തിന്മകൾ ഞാൻ ചെയ്തു. എന്നാൽ നിന്റെ വചനത്തിൽ നീ നീതീകരിക്കപ്പെടുകയും, നിന്റെ ന്യായവിധികളിൽ നീ ജയിക്കുകയും ചെയ്യും: എന്തെന്നാൽ അന്യായത്തിൽ ഞാൻ ഉത്ഭവിച്ചു: പാപങ്ങളിൽ എന്റെ മാതാവ് എന്നെ ഗർഭം ധരിക്കുകയും ചെയ്തു.

എന്നാൽ നീതിയിൽ നീ ഇഷ്ടപ്പെട്ടു. നിന്റെ ജ്ഞാനത്തിന്റെ രഹസ്യങ്ങൾ എന്നെ അറിയിച്ചു. നിന്റെ സോപ്പാകൊണ്ട് എന്റെ മേൽ തളിക്കണമെ. ഞാൻ വെടിപ്പാക്കപ്പെടും. അതിനാൽ എന്നെ വെണ്മയാക്കണമെ; ഉറച്ച മഞ്ഞിനേക്കാൾ ഞാൻ വെണ്മയാകും.

നിന്റെ ആനന്ദവും സന്തോഷവുംകൊണ്ട് എന്നെ തൃപ്തിയാക്കണമെ: ക്ഷീണമുള്ള എന്റെ അസ്ഥികൾ സന്തോഷിക്കും. എന്റെ പാപങ്ങളിൽനിന്ന് നിന്റെ തിരുമുഖംതിരിച്ച് എന്റെ അതിക്രമങ്ങൾ ഒക്കെയും മായിക്കണമെ.

ദൈവമേ! വെടിപ്പുള്ള ഹൃദയം എന്നിൽ സൃഷ്ടിക്കണമെ; സ്ഥിരതയുള്ള ആത്മാവിനെ എന്റെ ഉള്ളിൽ പുതുതാക്കണമെ. നിന്റെ തിരുമുമ്പിൽനിന്ന് എന്നെ തള്ളിക്കളയരുതേ. നിന്റെ വിശുദ്ധാത്മാവിനെ എന്നിൽനിന്ന് എടുക്കുകയുമരുതെ.



എന്നാലോ നിന്റെ ആനന്ദവും രക്ഷയും എനിക്കു തിരിച്ചുതരണമെ. മഹത്വമുള്ള നിന്റെ ആത്മാവ് എന്നെ താങ്ങുമാറാകണമെ. അപ്പോൾ ഞാൻ അതിക്രമക്കാരെ നിന്റെ വഴി പഠിപ്പിക്കും. പാപികൾ നിങ്കലേക്കു തിരിയുകയും ചെയ്യും.

എന്റെ രക്ഷയുടെ ദൈവമായ ദൈവമേ! രക്തത്തിൽനിന്ന് എന്നെ രക്ഷിച്ചുകൊള്ളണമെ: എന്റെ നാവ് നിന്റെ നീതിയെ സ്തുതിക്കും. കർത്താവേ! എന്റെ അധരങ്ങൾ എനിക്കു തുറന്നു തരേണമെ: എന്റെ വായ് നിന്റെ സ്തുതികൾ പാടും.

എന്തെന്നാൽ, ബലികളിൽ നീ തിരുമനസ്സായില്ല: ഹോമബലികളിൽ നീ നിരപ്പായതുമില്ല. ദൈവത്തിന്റെ ബലി താഴ്മയുള്ള ആത്മാവാകുന്നു: ദൈവം നുറുങ്ങിയ ഹൃദയം നിരസിക്കുന്നില്ല.

നിന്റെ ഇഷ്ടത്താൽ സെഹിയോനോടു നന്മ ചെയ്യണമെ. ഊർശ്ലേമിന്റെ മതിലുകൾ പണിയണമെ. അപ്പോൾ നീതിബലികളിലും ഹോമബലികളും നീ ഇഷ്ടപ്പെടും. അപ്പോൾ നിന്റെ ബലിപീഠത്തിന്മേൽ കാളകൾ (ബലിയായി) കരേറും. ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

## കോലോ

### ഏമൊദ് കീസോ

(ഒലിവീന്തൽ...... എന്ന രീതി)

തലമുറ തോറും സഭയെ പാലിപ്പാൻ
ഇടയന്മാ - രെ ചേർപ്പോനാമീശോ!
ദേവാ! ദയ ചെയ്തീടണമെ.

ഭാരതദേ - ശേ മാർത്തോമ്മാ നട്ട
സഭയെ തൻ പ-രിപാലനയിൽ കാത്തോൻ ദേവാ...

സഭയെ പാ-ലിപ്പാൻ ദിവന്നാസ്യോസ്
ഇടതടവില്ലാ-തദ്ധ്യാനം ചെയ്തു ദേവാ...

ക്ഷോഭത്താൽ തളരാത്തൊരു മാലുമിയായ്
സഭയാം നൗ - കയെ തുറമുഖമവനേറ്റി ദേവാ...

ഗുരുവാം ഗ്രീ - ഗോറിയോസിൽനിന്നും
പാവനജീ - വിത മാതൃക കൈക്കൊണ്ടു ദേവാ...

എതിരും പീ - ഡയുമെല്ലാമേറ്റിട്ടും
സഭയുടെ പേ - ർക്കായ് വീറോടടരാടി ദേവാ...

നോമ്പു നമ - സ്കാരം വിനയം ധൈര്യം
നിർമ്മലജീ - വിതമിവയാൽ ഭൂഷിതനായ് ദേവാ...
ബാറെക്മോർ - ശുബഹോ - മെനഗാലം

നിന്നെയേ-റ്റൊരു നിത്യൻ താതനും
ഏകാത്മ-ജനും റൂഹായ്ക്കും സ്തോത്രം ദേവാ...
കുറിയേലായിസോൻ

### 140-ാം മസ്മൂർ[1]

കർത്താവേ! ഞാൻ നിന്നെ വിളിച്ചു; എന്നോടു നീ ഉത്തരമരുളിച്ചെയ്ത് എന്റെ വചനങ്ങൾ ശ്രദ്ധിച്ച് കേൾക്കണമെ.

എന്റെ പ്രാർത്ഥന തിരുമുമ്പാകെ ധൂപം പോലെയും, എന്റെ കൈകളിലെ കാഴ്ച വൈകുന്നേരത്തെ കാഴ്ചപോലെയും കൈക്കൊള്ളണമേ. എന്റെ ഹൃദയം ദുഷ്ക്കാര്യത്തിനു ചായുകയും ഞാൻ അന്യായക്രിയകൾ പ്രവർത്തിക്കുകയും ചെയ്യാതിരിപ്പാൻ എന്റെ വായ്ക്കു കാവൽക്കാരനേയും എന്റെ അധരങ്ങൾക്കു സൂക്ഷിപ്പുകാരനേയും നിയമിക്കണമെ.

1. "പ്ശീത്തോ" സുറിയാനി വേദപുസ്തകത്തിലെ മസുമൂറാകളുടെ സംഖ്യാക്രമമാണ് ഈ പുസ്തകത്തിൽ ക്രമീകരിച്ചിരിക്കുന്നത് 114 മുതൽ 147 വരെയുള്ള മസ്മൂറാകളുടെ സംഖ്യയിൽ വ്യത്യാസമുണ്ട്.



ദുഷ്ടമനുഷ്യരോടുകൂടി ഞാൻ അപ്പം ഭക്ഷിക്കുമാറാകരുതെ. നീതിമാൻ എന്നെ പഠിപ്പിക്കയും ശാസിക്കയും ചെയ്യട്ടെ. ദുഷ്ടന്മാരുടെ എണ്ണ എന്റെ തലയെ കൊഴുപ്പിക്കരുതെ. എന്തെന്നാൽ എന്റെ പ്രാർത്ഥന അവരുടെ ദോഷം നിമിത്തമാകുന്നു. അവരുടെ ന്യായാധിപതിമാർ പാറയാൽ തടയപ്പെട്ടു. ഇമ്പമുള്ള എന്റെ വചനങ്ങൾ അവർ കേട്ടു.

ഭൂമിയെ കൊഴുവു പിളർന്നു ചിതറിക്കുന്നതുപോലെ അവരുടെ അസ്ഥികൾ ചിതറിക്കപ്പെട്ടു. കർത്താവേ! എന്റെ കണ്ണുകൾ നിങ്കലേയ്ക്ക് ഞാൻ ഉയർത്തി, നിന്നിൽ ശരണപ്പെട്ടു, എന്റെ ആത്മാവിനെ തള്ളിക്കളയരുതെ.

എനിക്കായി കെണികൾ മറച്ചുവച്ചിട്ടുള്ള പ്രശംസക്കാരുടെ കയ്യിൽനിന്നും എന്നെ കാത്തുകൊള്ളണമേ. ഞാൻ കടന്നുപോകുമ്പോൾ അന്യായക്കാർ ഒരുമിച്ച് തങ്ങളുടെ വലകളിൽ വീഴുമാറാകണമെ.

### 141-ാം മസ്മൂർ

എന്റെ ശബ്ദത്തിൽ കർത്താവിനെ ഞാൻ വിളിച്ചു. എന്റെ ശബ്ദത്തിൽ കർത്താവിനോടു ഞാൻ അപേക്ഷിച്ചു, തിരുസന്നിധിയിൽ എന്റെ സങ്കടം ഞാൻ ഉയർത്തുകയും തിരുമുമ്പിൽ എന്റെ ഞെരുക്കം അറിയിക്കുകയും ചെയ്തു. എന്റെ ആത്മാവ് കുണ്ഠിതപ്പെട്ടിരിക്കുമ്പോൾ എന്റെ ഊടുവഴികൾ നീ അറിയുന്നു.

എന്റെ നടപ്പുകളുടെ വഴിയിൽ അവർ എനിക്കായി കെണികൾ മറച്ചുവച്ചു. ഞാൻ വലത്തോട്ടു നോക്കി, എന്നെ അറിയുന്നവൻ ഇല്ലെന്നു കണ്ടു. സങ്കേതസ്ഥലം എനിക്കില്ലാതായി. എനിക്കുവേണ്ടി അപേക്ഷിക്കുന്നവനുമില്ല. കർത്താവേ! ഞാൻ നിന്നോടു നിലവിളിച്ചു. നീ എന്റെ ആശ്രയവും ജീവനുള്ളവരുടെ ദേശത്ത് എന്റെ ഓഹരിയുമാകുന്നു എന്നു ഞാൻ പറഞ്ഞു.

എന്റെ അപേക്ഷ ശ്രദ്ധിച്ചു കേൾക്കണമേ. എന്തെന്നാൻ ഞാൻ ഏറ്റം താഴ്ത്തപ്പെട്ടിരിക്കുന്നു. എന്നെ പീഡിപ്പിക്കുന്നവരിൽ നിന്ന് എന്നെ വിടുവിക്കണമേ. എന്തെന്നാൽ അവർ എന്നേക്കാൾ ബലമുള്ളവരായിത്തീർന്നു. ഞാൻ നിന്റെ നാമത്തെ സ്തുതിക്കേണ്ടതിന് എന്റെ ആത്മാവിനെ കാരാഗൃഹത്തിൽനിന്നു വിടുവിക്കണമേ. നീ എനിക്കുവേണ്ടു പകരം ചെയ്യുമ്പോൾ നിന്റെ നീതിമാന്മാർ എനിക്കായി കാത്തിരിക്കും.

### 118-ാം മസ്മൂർ

നിന്റെ വചനം എന്റെ കാലുകൾക്കു വിളക്കും എന്റെ ഊടുവഴികൾക്കു പ്രകാശവുമാകുന്നു. നിന്റെ നീതിയുള്ള വിധികൾ പ്രമാണിക്കുന്നതിനായ് ഞാൻ ആണയിട്ട് നിശ്ചയിച്ചു. ഞാൻ ഏറ്റം ക്ഷീണിച്ചിരിക്കുന്നു. കർത്താവേ! നിന്റെ വചനപ്രകാരം എന്നെ ജീവിപ്പിക്കണമേ. കർത്താവേ! എന്റെ വായിലെ വചനങ്ങളിൽ നീ ഇഷ്ടപ്പെട്ട് നിന്റെ പ്രമാണങ്ങൾ എന്നെ പഠിപ്പിക്കണമേ.

എന്റെ ആത്മാവ് എല്ലായ്പോഴും നിന്റെ കൈകളിൽ ഇരിക്കുന്നു. നിന്റെ ന്യായപ്രമാണം ഞാൻ മറന്നില്ല. ദുഷ്ടന്മാർ എനിക്കായി കെണികൾ വച്ചു. എന്നാലും ഞാൻ നിന്റെ കല്പനകളിൽനിന്ന് തെറ്റിപ്പോയില്ല. ഞാൻ നിന്റെ സാക്ഷി എന്നേക്കുമായി അവകാശപ്പെടുത്തി. എന്തെന്നാൽ അത് എന്റെ ഹൃദയത്തിന്റെ ആനന്ദമാകുന്നു. നിന്റെ കല്പനകളെ എന്നേക്കും സത്യത്തോടെ, ചെയ്‌വനായിട്ട് ഞാൻ എന്റെ ഹൃദയത്തെ തിരിച്ചു.

### 116-ാം മസ്മൂർ

സകല ജാതികളുമേ! കർത്താവിനെ സ്തുതിപ്പിൻ. സകല ജനങ്ങളുമേ! അവനെ സ്തുതിപ്പിൻ. എന്തെന്നാൽ



അവന്റെ കൃപ നമ്മുടെമേൽ ബലപ്പെട്ടിരിക്കുന്നു. അവൻ സത്യമായിട്ടും എന്നേക്കും കർത്താവാകുന്നു. ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു.

ബാറെക്മോർ

### കോലോ
### ശ്ലീമോറിയോ

(എൻ നാഥാ നിൻ കൃപ നിന്നെ.....)

ശ്രേഷ്ഠൻ മാർ ദിവന്നാസ്യോസ്
ശുദ്ധപദം പ്രാപിച്ചോനേ!
നിൻ പ്രാർത്ഥന ഞങ്ങൾക്കെന്നും
കോട്ടയതായിത്തീരണമെ

ദൈവിക വിജ്ഞാനം നേടി
മല്പാന്മാർക്കും ഗുരുവരനായ്
വിശ്വാസത്തിൻ പൊൻ കതിരാൽ
ദീപ്തമതാക്കിത്തിരുസഭയെ

സഭയെ പ്രാണനുതുല്യം നീ
സ്നേഹിച്ചതിനാൽ വൈരിഗണം
പായിച്ചോരു കൂരമ്പുകളെ
നിഷ്പ്രഭമാക്കി തൃണതുല്യം

ഭക്തിയിൽ മുന്നേറുമ്പോഴും
പ്രകടന വിമുഖത താൻ പൂണ്ടു
ജാഗരണം നിഷ്ഠകളെല്ലാം
പാലിച്ചതി വിനയത്തോടെ

സഭയുടെ മാനം രക്ഷിപ്പാൻ
സഹദാ തുല്യം പോരാടി
മാർത്തോമ്മായുടെ ഭവനത്തെ
കണ്മണിപോൽ കാത്തു താതൻ

ശുദ്ധതയുടെ ബലവും നിറവും
രൂപം പൂണ്ടൊരു താതനിതാ!
ദിവന്നാസ്യോസുന്നതനേ!
സങ്കീർത്തിതമാം നിന്നോർമ്മ

ബാറെക്മോർ

ശുബഹോ - മെനഓലം......

ഭാരത സഭയുടെ ഭാസുരനായ്
നിന്നെ നിയമിച്ചോൻ നിത്യൻ-
പിതൃസുത പാവന റൂഹായ്ക്കായ്
വിമല സ്തുതിയേറ്റുന്നെങ്ങൾ

സ്തൗമെൻ കാലൊസ് കുറിയേലായിസ്സോൻ

**പ്രുമിയോൻ**

നാമെല്ലാവരും നമസ്കരിച്ച്......

സ്തുതിയും സ്തോത്രവും.......

സകല ജാതികളേയും ശിഷ്യരാക്കിക്കൊൾവിൻ എന്ന് അരുളിചെയ്തുകൊണ്ട് തന്റെ ശിഷ്യന്മാരെ കല്പിച്ചയക്കുകയും തന്റെ വാത്സല്യ ശിഷ്യനായ മാർത്തോമ്മായെ ഇന്ത്യയിലേക്കയച്ച് പരിശുദ്ധ സഭയെ സ്ഥാപിക്കുകയും, വിശുദ്ധന്മാരുടെ സംഘത്തിലേക്ക് ഗീവർഗീസ് മാർ ദിവന്നാസ്യോസിനെ വിളിച്ചുചേർക്കുകയും, ഞങ്ങൾക്കു നിത്യ മദ്ധ്യസ്ഥനായി അദ്ദേഹത്തെ നൽകുകയും ചെയ്ത സഭാനാഥനായ കർത്താവിനു സ്തുതി. തനിക്ക് തന്റെ ദാസനും ഞങ്ങളുടെ പിതാവുമായ സഭാഭാസുരൻ മാർ ദീവന്നാസ്യോസിന്റെ പെരുന്നാൾ ആഘോഷിക്കുന്ന.......

എങ്കിലോ പുണ്യമാക്കുന്ന.......



**സെദറാ**

'ഞാൻ വിശുദ്ധനാകയാൽ നിങ്ങളും വിശുദ്ധരായിരിപ്പിൻ' എന്നു മനുഷ്യരായ ഞങ്ങളോടു കൽപിക്കുകയും, ജീവിത ലക്ഷ്യമായി അതിനെ ഞങ്ങൾക്കു നൽകുകയും ചെയ്ത ദൈവമേ! നിന്നിൽനിന്നും ജീവനും ജീവിതവും, വിശുദ്ധിയും സത്യവിശ്വാസപാലനത്തിനുള്ള താൽപര്യവും ഞങ്ങൾ പ്രാപിക്കുന്നു. വിശുദ്ധീകരണം കൂടാതെ ആരും ഒരു നാളും ദൈവത്തെ ദർശിക്കുകയില്ല എന്ന് അപ്പോസ്തോലൻ ഞങ്ങളെ പഠിപ്പിച്ചിരിക്കയാൽ, വിശുദ്ധി ദൈവത്തിന്റെ മർമ്മവും, തന്നെ സമീപിക്കുന്നവരുടെ യോഗ്യതയും, ദൈവാനുരൂപരായവരുടെ ലക്ഷണവുമായി ഞങ്ങൾ ഗ്രഹിക്കുന്നു. ലോകാവസാന കാലത്തെ ദണ്ഡന നാളുകൾ, നിന്റെ വ്രതസ്ഥരായ പുണ്യവാന്മാർ നിമിത്തം ലഘൂകരിക്കപ്പെടുമെന്നും നീ അരുളി ചെയ്തിരിക്കുന്നു. ആകയാൽ, നിന്നെ അനുകരിച്ച് ജീവിച്ച പുണ്യവാന്മാരേയും, പുണ്യവതികളേയും ഞങ്ങൾക്ക് മാർഗ്ഗദർശികളും ജീവിത മാതൃകകളുമായി നീ നൽകിയിരിക്കുന്നു. വിശുദ്ധനായ മാർ ദിവന്നാസ്യോസ് സഭയ്ക്കുവേണ്ടി തന്റെ ആയുസ്സിനെ സമർപ്പിച്ചു. പരദേശാക്രമണങ്ങളിൽനിന്നും സഭയെ സംരക്ഷിക്കുന്നതിന്, സ്വജീവനെ പോലും തൃണവൽക്കരിച്ചുകൊണ്ട് അദ്ദേഹം പോരാട്ടം ചെയ്തു. അദ്ദേഹത്തിന്റെ കലർപ്പില്ലാത്ത സഭാസ്നേഹവും, ത്യാഗസന്നദ്ധതയും, വിപദിധൈര്യവും, നിഷ്ക്കളങ്കമായ നിഷ്ഠാജീവിതവും ഞങ്ങളെ വിസ്മയഭരിതരാക്കുന്നു. ആകയാൽ പുണ്യവാനും, വിശുദ്ധനും, സത്യവിശ്വാസ സംരക്ഷകനും, വേദശാസ്ത്രപാരംഗതനുമായി അദ്ദേഹത്തെ ഞങ്ങൾ കീർത്തിക്കുന്നു.

അദ്ദേഹത്തിന്റെ സ്മരണയെ ആദരിച്ചുകൊണ്ടും ദൈവസന്നിധിയിൽ ആഹ്ലാദിച്ചുകൊണ്ടും ഞങ്ങൾ പറയുന്നു:

"മാർ ദീവന്നാസ്യോസ്, നിനക്കു ഭാഗ്യം. വിശുദ്ധ സഭയെ പരിരക്ഷിക്കുന്നതിനും, പ്രകാശിപ്പിക്കുന്നതിനും, അപ്പോസ്തോലിക പൈതൃകവും, സത്യവിശ്വാസവും അതിൽ നിലനിർത്തുന്നതിനും നിന്റെ നാഥൻ നിന്നെ നിയോഗിച്ചതിനാൽ നിനക്കു ഭാഗ്യം. മഹാതാപസിയും പുണ്യവാനുമായ പരുമല മാർ ഗ്രീഗോറിയോസിനെ ഗുരുവായി ലഭിച്ചതിൽ നീ ഭാഗ്യവാനാകുന്നു. വി. സഭയുടെ ശ്രേയസ്സിനെപ്പറ്റി ഉത്തമവും സ്ഥായിയുമായ ദർശനത്തെ നീ പോറ്റി വളർത്തിയതിനാൽ നിനക്കു ഭാഗ്യം. നിന്റെ നാഥന്റെ മുന്തിരിത്തോപ്പിൽ, പകലന്തിയോളം, വിശ്രമലേശമന്യേ വേല ചെയ്ത്, 'ഉത്തമനും വിശ്വസ്തനുമായ ദാസാ' എന്ന വിളി കേൾക്കുന്നതിന് യോഗ്യനായിത്തീർന്നിരിക്കുന്നതിനാൽ നീ ധന്യനാകുന്നു. സഭയുടെ നിലനിൽപ്പിനും, പുരോഗതിക്കും വേണ്ടി അനവരതം പ്രയത്നിച്ചതിനാൽ നിനക്കു ഭാഗ്യം. മലങ്കരയിൽ പൗരസ്ത്യ കാതോലിക്കേറ്റ് സ്ഥാപിക്കുന്നതിനും, സഭാഭരണഘടന രൂപീകരിക്കുന്നതിനും നേതൃത്വം നൽകുവാനായി ദൈവം നിന്നെ തെരഞ്ഞെടുക്കുന്നതിനാൽ നീ ഭാഗ്യവാനാകുന്നു. സഭയുടെ അടിസ്ഥാന വിശ്വാസസത്യങ്ങളെ ക്രോഡീകരിച്ച് സഭാമക്കളെ പഠിപ്പിക്കുന്നതിന് ശുഷ്കാന്തി കാണിച്ചതിനാൽ നീ ധന്യനാകുന്നു.. സഭയുടെ സ്വാതന്ത്ര്യത്തെ ഹനിക്കുന്നതിന് ഉദ്യമിച്ച ശക്തികളെയും അവർ ഉതിർത്തു വിട്ട പീഡകളെയും, ദൈവകൃപയുടെ നിറവിൽ നേരിട്ട്, അവയുടെ മേൽ വിജയം നേടിയതിനാൽ നീ ഭാഗ്യശാലിയാകുന്നു.

ആകയാൽ കർത്താവേ! ഈ പിതാവിനെ ഞങ്ങൾക്കു മദ്ധ്യസ്ഥനായി തിരുമുമ്പാകെ സമർപ്പിച്ചുകൊണ്ട് ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു: മാർ ദീവന്നാസ്യോസ് ഏതിനു വേണ്ടി പോരാടി പീഡകൾ സഹിച്ചുവോ, ആ നിന്റെ പരിശുദ്ധ സഭയെ നീ തൃക്കൺപാർക്കണമെ. അതിന്റെ ചരിത്രത്തെയും പ്രശോഭിത നിലയേയും വികലമാക്കാൻ ശ്രമിക്കുന്ന എല്ലാ വിപരീത ശക്തികളിൽനിന്നും സഭയെ സംരക്ഷിക്കണമെ. സഭയ്ക്കുവേണ്ടി മാർ ദീവന്നാസ്യോസ് സഹിച്ച പീഡകൾ വൃഥാവിലാകാൻ ഇടയാകരുതെ. വി. മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിതമായ വി. സഭ, നീതിയിലും, വിശുദ്ധിയിലും, സ്വാതന്ത്ര്യത്തിലും, ഉത്തമസാക്ഷ്യത്തിലും മുന്നേറുന്നതുവഴി നിന്റെ തിരുനാമം മഹത്തീകരിക്കപ്പെടണമെ. ജാതികൾക്കു സാക്ഷിയിൻ ഭവനമായി അതിനെ നിലനിർത്തണമെ. മാർ ദീവന്നാസ്യോസ് തന്റെ ത്യാഗസന്നദ്ധതയാലും ആത്മത്യാഗത്താലും, നിശ്ചയദാർഢ്യത്താലും വ്രതനിഷ്ഠയാലും തെളിച്ചു തന്നിരിക്കുന്ന പാതയിലൂടെ ഞങ്ങളും ചരിക്കുമാറാകണമെ. ഈ പിതാവിന്റെ മദ്ധ്യസ്ഥതയാൽ രോഗികൾക്കു സൗഖ്യവും, മനോദു:ഖിതർക്ക് ആശ്വാസവും, വഴി യാത്ര ചെയ്യുന്നവർക്ക് സംരക്ഷണവും, പൈതങ്ങൾക്ക് യോഗ്യമായ വളർച്ചയും, പള്ളികൾക്ക് നിരപ്പും, ദറാകൾക്കു സമാധാനവും നൽകണമെ. ഈ പിതാവിന്റെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ചുകൊണ്ട് നിന്റെ തിരുസന്നിധിയിൽ സമർപ്പിക്കുന്ന യാചനകൾക്ക് മറുപടിയരുളണമെ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും, പരിശുദ്ധ റൂഹായ്ക്കു സ്തുതിയും സ്തോത്രവും കരേറ്റും. ഹോശോ...

ദൈവത്തിൽനിന്നു കടങ്ങൾക്കു പരിഹാരവും, പാപങ്ങൾക്കു മോചനവും, രണ്ടു ലോകങ്ങളിലും എന്നേയ്ക്കും നാം കൈക്കൊള്ളുമാറാകട്ടെ. ആമ്മീൻ.

## കോലോ
### മൊറിയോ മോറാൻ

1. ദീവന്നാസ്യോസ് - പാവനചരിതൻ തന്നോർമ്മ
സഭയും സുതരും - മോദത്തോടേൽപ്പൂ
പ്രാണപ്രിയനാം - നാഥൻ തൻ പേർക്കായ് സഭയാം
വയലിൽ പണിതാ - നതികുതുകത്തോടെ
മാർത്തോമ്മാ തൻ - പ്രേഷിത വയലിൽ മുളപൊന്തിയ
കളകളെയെല്ലാം - നീക്കി വെടിപ്പാക്കി
ക്രൂരമൃഗങ്ങൾ - ക്കിരയാകാതജവൃന്ദത്തെ
രാവും പകലും - ജാഗ്രതയാൽ കാത്തു.

2. ദീവന്നാസ്യോസ് - കർത്താവിങ്കൽനിന്നും നീ
പ്രാപിച്ചോരാ - താലന്തുകളെല്ലാം
ഉൽസാഹത്താൽ - സൂക്ഷ്മതയോടെ വ്യാപാരം
ചെയ്തതിനാൽ നീ - പ്രതിപകരം നേടി
വീടിന്നുടയോൻ - വന്നെത്തും നാൾ ധൈര്യത്തോ
ടത്തിരുമുമ്പിൽ - നിലകൊണ്ടീടും നീ
സത്തമരൊപ്പം - അന്നാൾ നീ നേടും മകുടം
മോദത്തോടെ - റൂഹായിൽനിന്നും
ബാറെക്മോർ-ശുബഹോ...

3. ഗുരുവരനാം ഗ്രീ - ഗോറിയോസിൽനിന്നും നീ
സന്യാസത്തിൻ - ചര്യകൾ കൈക്കൊണ്ടു
സൗമ്യത, ജ്ഞാനം - ധൈര്യം ദർശനമെന്നിവയാൽ
സഭയെ മുറ്റും - പരിപോഷിപ്പിച്ചു
നിഷ്പ്രഭമാക്കി - വൈരിയുതിർത്തോരമ്പുകളെ
ബുദ്ധിവിശേഷ - ത്താലും കൃപയാലും
സ്വാതന്ത്ര്യത്തിൻ - പുലരിയുദിച്ചതു ദർശിച്ചതി
മോദത്തോടെ - വിശ്രാമം പൂകി
മെനഓലം



4. നിൻ ശരണത്തിൽ - നിദ്രിതരാം ദാസരെ നാഥാ!
ഏൽക്കണമെ നിൻ - ശോഭിത ഭവനത്തിൽ
തൽ നാമങ്ങൾ - ബസ്ക്കുദിശായിൽ ത്രോണോസിൽ
ഓർത്തീടുമ്പോൾ - കബറുകളുള്ളിൽത്തൻ
അസ്ഥികളെല്ലാം - ദിവ്യാനന്ദം പൂകട്ടെ
ഉത്ഥാനത്തിൽ - പ്രഭയും നേടട്ടെ
നാഥാ, ദേവാ! - നിന്നെയേറ്റോരാം മൃതരെ
നിൻ വലഭാഗെ - നിർത്തണമൻപോടെ.
മൊറിയോ

### എത്രോ

കാരുണ്യവാനും മനുഷ്യരെ സ്നേഹിക്കുന്നവനുമായ കർത്താവേ! നിന്റെ പരിശുദ്ധ സഭയിൽ ഇടയശ്രേഷ്ഠനായി ശുശ്രൂഷയനുഷ്ഠിപ്പാൻ നീ വിളിച്ച് വേർതിരിക്കുകയും, ഒരു നിർണ്ണായഘട്ടത്തിൽ സഭയ്ക്കു സുധീര നേതൃത്വം നൽകുവാൻ നിയോഗിക്കപ്പെടുകയും ചെയ്ത ഞങ്ങളുടെ പിതാവായ മാർ ദീവന്നാസ്യോസിനെ പ്രതി ഞങ്ങൾ നിന്നെ വാഴ്ത്തുന്നു. ഈ പിതാവിന്റെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ സഭയിൽ ആകമാനം സമാധാനവും സുസ്ഥിതിയും സ്ഥാപിക്കണമെ. സഭയ്ക്കെതിരെ ശണ്ഠകൂടുന്നവരും, സഭയുടെ നിലനിൽപ്പിനെ ഹനിക്കാൻ ശ്രമിക്കുന്നവരും, അനുതപിച്ച് തിരികെ വരുന്നതിനിടയാക്കണമെ. മാർ ദീവന്നാസ്യോസിന്റെ അനുസ്മരണം ഞങ്ങൾക്ക് ദൈവകൃപയും, അനുഗ്രഹത്തിന്റെ കാലങ്ങളും നേടിത്തരുന്നതാകണമെ. അദ്ദേഹത്തിന്റെ ഓർമ്മ സഭയിൽ നിലനിർത്തണമെ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും, പരിശുദ്ധ റൂഹായ്ക്കു സ്തുതിയും സ്തോത്രവും കരേറ്റുന്നു.

ഹോശോ......

**കോലോ**

ലോക് മൊറിയോ കോറോനാൻ

1. സഭയെ ഭാസുരമാക്കാൻ വിളികൊണ്ടോൻ താതാ
ദീവന്നാസ്യോസ്! നിന്നോർമ്മയിതാഘോഷിപ്പൂ സഭ
ശുദ്ധപദത്തിനഴകായ് നീ പരിശോഭിപ്പൂ
നിന്നർത്ഥനയാൽ നേടട്ടെ സംരക്ഷണമെങ്ങൾ
നീ സ്നേഹിച്ചൊരു സഭയുടെ പേർക്കായ്
അനവരതം പ്രാപിക്കുക താതാ!
ദുഷ്ക്കാലം നീങ്ങി സഭയിൽ ശാന്തി പുലർന്നിടുവാൻ

2. ദീവന്നാസ്യോസ് പാവനമാം നിന്നോർമ്മയിതിൽ
തിരുസഭയും സുതരും മോദമോടാഘോഷിക്കുന്നു
മശിഹാതൻ പേർക്കായ് നീയേറ്റൊരു യാതനകൾ
വത്സലരാം നിൻമക്കൾ തൻ സംഘം കീർത്തിപ്പൂ
നിൻ പോരാട്ടത്തെയേറ്റോനാം
താതനും, സുതനും റൂഹായ്ക്കും
നതിയർപ്പിച്ചു വണങ്ങുന്നു സഭയാദരവോടെ
ബാറെക്മോർ
ശുബഹോ...

3. മലയാം കരയിൽ മാർത്തോമ്മാ രുധിരം ചിന്തി
നട്ടു വളർത്തിയ സഭയെ നീ പരിപോഷിപ്പിച്ചു
സ്ഥാനം, മാനം, ധനമിങ്ങനെ ലോകരെയെല്ലാം
തൃഷ്ണയിൽ ബന്ധിക്കും പാശങ്ങളെ നീ-ഛേദിച്ചു
ക്ലേശങ്ങൾ പീഡകളെന്നിവയെ
സഹദേർതുല്യം നീ കയ്യേറ്റു
സത്തമനാമിടയൻപോൽ സഭയെ സം-രക്ഷിച്ചു
മെനഓലം.....



4. നാഥാനിൻതനുരുധിരങ്ങൾ കൈക്കൊണ്ടോരാം
വാങ്ങിപ്പോയോർക്കാശ്വാസവുമലിവും നൽകണമെ
വലമാം ഭാഗത്തേക്കവരെ ഏറ്റീടണമെ
നിൻ വദനത്തിൻ ദീപ്തിയിലവർ മോദിച്ചീടട്ടെ
നിൻ തിരുനാമം തള്ളാത്തോരെ
തള്ളരുതെ, മനുജപ്രിയനെ നീ
ശുദ്ധന്മാരുടെയറകളിലവരും ചേർന്നീടട്ടെ!

**ഏവൻഗേലിയോൻ**

**പെസ്ഗോമോ:**

ഹാ-ഹാ-നന്നായ് ഞാൻ പൊരുതി, യാനം തീർത്തു
വിശ്വാസം കാത്തു
നീതിയതിൻ മകുടമിതാ കാത്തീടുന്നെന്നെ-ഹാ
വി. യോഹന്നാൻ 17: 1-12

**കുക്കിലിയോൻ**

മക്കളിലപ്പൻ കൃപചെയ്‌വതുപോലെ ഹാ - ഹാ
ഭക്തന്മാരിൽ ദൈവം കൃപ ചെയ്യും
പുല്ലിനുതുല്യം നരനുടെ നാളുകളഹോ ഹാ - ഹാ
പൂക്കുന്നിതു വയലിൽ പൂച്ചെടിപോലെ
ശുബഹോ...
മെനഓലം.....

ശരണത്താലേ നിൻകൃപയിൽ
മരണമടഞ്ഞൊരു ദാസരെ നിൻ
ജീവസ്വരമതുണർത്തണമെ
കബറീന്നുദ്യാനത്തിന്നായ്
സ്തൗമൻകാലോസ് കുറിയേലായിസോൻ

## കോലോകൾ

നാഥാ താവകമിരു ലോകം
നിന്നധികാരം താനെങ്ങും
സ്ലീബായാൽ ജീവിതരെക്കാ-
ത്തൻപാൽ മുക്തി മൃതർക്കേക

ബാറെക്മോർ

ശുബഹോ......
സ്തോത്രം മൃതജീവ പ്രദനേ
കബറീന്നേറ്റീടുന്നോനെ!
നിൻ പ്രേഷകതാതനുമമലൻ
റൂഹായ്ക്കും - ഹാലേലുയ്യാ

മൊറിയോ....

## മാർ യാക്കോബിന്റെ ബോവൂസോ

പ്രാർത്ഥിച്ചാലും ദിവന്നാസ്യോസ്! പ്രാർത്ഥിച്ചാലും
നിൻ പ്രാർത്ഥനയാൽ ചൊരിയട്ടെ കാരുണ്യം നാഥൻ

നിർമ്മല ബലിയായ് നാഥൻ സവിധേ നിന്നായുസ്സിനെ
അർപ്പിച്ചതിനാൽ സുരഭിതമല്ലോ സഭയാം ഗാത്രം

സ്ഥാനം, മാനം, സമ്പത്തിവയെല്ലാം തൃണതുല്യം
കരുതി താതൻ, സഭയുടെ പേർക്കായദ്ധ്വാനിച്ചു.

തവഗുരുവാകും ഗ്രീഗോറിയോസ് കാട്ടിയ വഴിയെ
താപസനായ് നീ യാനം ചെയ്താൽ സൂഷ്മതയോടെ

നിന്നർത്ഥനയാൽ സഭയും സുതരും ദേശവുമെല്ലാം
വാഴ്വുകൾ നേടി നിറയും ശാന്തിയിലമരട്ടെന്നും

രോഗം, പട്ടിണി, ശത്രുത, സ്വാർത്ഥതയെല്ലാം നീങ്ങി
സ്നേഹത്തിൻ പൊൻ കൊടിയുയരട്ടങ്ങംബരമോളം

ദീവന്നാസ്യോസ്! നിന്നോർമ്മയെ മാനിക്കുന്നോരിൽ
നിൻ പ്രാർത്ഥനയാൽ നാഥൻ ചൊരിയട്ടെ കാരുണ്യം.



1. ശുദ്ധൻ നീ ആലോഹോ !
ശുദ്ധൻ നീ ബലവാനേ !
ക്രൂശേറ്റോനേ ! മൃതിഹീനാ പരിശുദ്ധൻ നീ
കൃപ ചെയ്തീടണമെ (മൂന്നു പ്രാവശ്യം)

2. നാഥാ ! കൃപ ചെയ്തീടണമെ
നാഥാ ! കനിവാൽ കൃപ ചെയ്ക
നാഥാ ! കർമ്മവുമർത്ഥനകളുമേറ്റിട്ടവയാൽ
കൃപ ചെയ്തീടണമെ

3. സ്തോത്രം തേ ! ദേവേശാ
സ്തോത്രം തേ ! സൃഷ്ടാവേ
സ്തോത്രം പാപികളടിയാരിൽ-കൃപചെയ്തീടും
മശിഹാ രാജാവേ ബാറെക്മോർ

സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ......
കൃപനിറഞ്ഞ മറിയമേ.......

# സുത്താറ നമസ്കാരം

## ഒരു കൗമാ

### കോലോകൾ

(മെൻ ഹാബായ് മോർ)

1. ഞാനഞ്ചുന്നെൻ പാപത്താൽ;
ശുദ്ധർക്കേകും-മോദപ്പൂങ്കാവിൽ
വേലി-ക്കൊത്തെന്നേ നാഥാ!
എൻ പാ-പം രോധിക്കല്ലേ;
രക്ഷിച്ചെന്നേ നരകത്തീ-
ന്നേകുക വാസം-തിരുഹിതമാം സ്ഥാനേ
ബാറെക്മോർ
ശുബഹോ-മെനഓലം...

2. സ്തുതിയനുതാപക്കാർ മുമ്പിൽ
വാതിൽ തുറക്കും-രാജാവാമീശോ!
പാത-കിയാം ഞാനർത്ഥിപ്പൂ;
നൽവര-ദാനത്താൽ മോദം.
നൽകുക ഭാവുക ദാതാവേ!
തീരണമെ ഞാൻ-നിന്നുടെ കിന്നരമായ്
മൊറിയോറാഹേം.....



## മാർ ബാലായിയുടെ ബോവൂസാ

(ഹോയൻ ലഹത്തോയേ)

1. പാപം ചെയ്തോരോ-ടാർദ്രതയുള്ളോനേ!
അൻപുണ്ടാകണമെ-നിൻവിധി ദിവസത്തിൽ
2. ആർത്തന്മാർ വാതിൽ-മുട്ടുന്നു കൃപാലോ
കനിവോടർത്ഥനകൾ-ക്കുത്തരമരുളണമെ.
3. വാനവനാം താതാ-യാചിക്കുന്നടിയാ-
രീശുശ്രൂഷയെയേ-റ്റാർദ്രത തോന്നേണം.
4. വാനവർ ത-ന്നീശാ-മാനവർ തൻ-ഗതിയേ
ഈ ശുശ്രൂഷയെയേ-റ്റാർദ്രത തോന്നേണം.

### അല്ലെങ്കിൽ

(ബ്കുൽമേദം എസ്ബാക്കീസ്)

1. അഖിലം ഞാനാരാഞ്ഞീട്ടും
ദൈവഭയത്തെ മികച്ചൊന്നും-
ഞാൻ ദർശിച്ചില്ല-തൽ സ്നേഹത്താലെ
ധാർമ്മികനാം യൗസേപ്പാർന്നു-മിസ്രേം രാജത്വം
മഹിതൻ മൂശ വിഭാഗിച്ചാൻ-വടിയാൽ വാരിധിയെ
ഹാനനിയാദ്യന്മാരതിനാൽ-
അഗ്നിയിൽനിന്നും രക്ഷിതരായ്
തങ്കത്തേക്കാളതു കാമ്യം;
മധു വിലുമതു മധുരം പാരം
ദൈവാരാധനയെ-സ്നേഹിപ്പോൻ ധന്യൻ
ബാറെക്മോർ ശുബഹോ-മെനഓലം...

2. കടലോരം വഴി പോകുമ്പോ-
ളന്യോന്യം വെട്ടിത്തിന്നും
മത്സ്യത്തെ ദർശി-ച്ചാർന്നേനാശ്ചര്യം
വിസ്മയസഹിതം നിൽക്കുമ്പോൾ-ചിന്തിച്ചേവം ഞാൻ
ഭുവനേ[1] തമ്മിൽ വിഴുങ്ങുന്നോ-രുണ്ടീ മർത്യരിലും
ന്യായവിധിക്കെത്തീടാത്ത
ജീവിയെയെന്തിനു നിന്ദിപ്പൂ;
കൺമുമ്പിൽ വിധി കണ്ടാലും
പരനെ വിഴുങ്ങും മർത്യന്മാർ
കുറ്റക്കാരവരേ-യേൽക്കുന്നോൻ ധന്യൻ
മൊറിയോറാഹേം.....

### മാർ അപ്രേമിന്റെ ബോവൂസാ
(മോറാനെസ്റാഹാംമേലൈൻ)

ആർദ്രത തോന്നണമെ നാഥാ!
ഇക്കർമ്മം കൈക്കൊള്ളണമെ.

1. വൃത്തി[2]കളാൽ കർത്താവേ! ഞാൻ
നിൻ കോപത്തിനു പാത്രമതായ്
കരുണാബ്ധേ! നീ കോപിക്കാ
സുസ്ഥിരമേ നിൻ നിർമ്മലത.

2. നിബിവാക്യംപോൽ ജനമെല്ലാം
ജലബിന്ദു[3]ക്കൾക്കൊപ്പമതാം
നൈർമ്മല്യത്തെ ഭഞ്ജിപ്പാൻ
തിന്മയ്ക്കെങ്ങിനെ സാധിക്കും.

3. പ്രാർത്ഥന കേട്ടീടുന്നോനെ!
യാചന നൽകീടുന്നോനേ!
പ്രാർത്ഥനയിൽ പ്രീത്യാ[4]സദയം
യാചനയേ നൽകീടണമെ.

1. ഭുവാനേ = ഭൂമിയിൽ. 2. വൃത്തി = പ്രവൃത്തി
3. ബിന്ദു= തുള്ളി. 4. പ്രീത്യാ = പ്രീതിപ്പെട്ടു



### (അല്ലെങ്കിൽ)
### എക്ബോ
(പെരുന്നാളുകൾക്ക് - വൊയിലി ദഹവീസ്)

നീതിജ്ഞന്മാർ-മദ്ധ്യേ കഷ്ടം!-ഞാൻ തുണയറ്റോൻ
സന്മാർഗ്ഗം ഞാൻ ശീലിച്ചില്ല
ഹാ! ഞാനന്യൻ-തൽപെരുന്നാളിൽ;
എൻ ദുഷ്കൃത്യം-പായിച്ചീടു-ന്നവരീന്നെന്നെ
കുറിയേലായിസ്സോൻ, കുറി....കുറി....

### 91-ാം മസ്മൂർ[1]

ബാറെക്മോർ, ഉയരപ്പെട്ടവന്റെ മറയിൽ ഇരിക്കുന്നവനും ദൈവത്തിന്റെ നിഴലിൽ മഹത്വപ്പെടുന്നവനുമേ!

"ഞാൻ ആശ്രയിച്ചിരിക്കുന്ന ദൈവം എന്റെ ശരണവുംഎന്റെ സങ്കേതസ്ഥലവും" എന്നു കർത്താവിനെക്കുറിച്ച് നീ പറയുക.

എന്തെന്നാൽ അവൻ വിരുദ്ധത്തിന്റെ കെണിയിൽനിന്നും വ്യർത്ഥ സംസാരത്തിൽനിന്നും നിന്നെ വീണ്ടുകൊള്ളും.

അവൻ അവന്റെ തൂവലുകൾകൊണ്ടു നിന്നെ രക്ഷിക്കും. അവന്റെ ചിറകുകളുടെ കീഴിൽ നീ മറയ്ക്കപ്പെടും; അവന്റെ സത്യം നിന്റെ ചുറ്റും ആയുധമായിരിക്കും.

നീ രാത്രിയിലെ ഭയത്തിൽനിന്നും, പകൽ പറക്കുന്ന അസ്ത്രത്തിൽനിന്നും, ഇരുട്ടിൽ സഞ്ചരിക്കുന്ന വചനത്തിൽനിന്നും, ഉച്ചയിൽ ഊതുന്ന കാറ്റിൽനിന്നും ഭയപ്പെടുകയില്ല.

1. ഈ മസ്മൂർ മുതലായവ ഗദ്യത്തിൽ കൊടുത്തിരിക്കുന്നതോ 31-ാം പേജിൽ കൊടുത്തിരിക്കുന്നതോ ഉപയോഗിക്കാവുന്നതാണ്.

നിന്റെ ഒരു ഭാഗത്തുനിന്ന് ആയിരങ്ങളും വലത്തു ഭാഗത്തുനിന്നു പതിനായിരങ്ങളും വീഴും.

അവർ നിങ്കലേക്ക് അടുക്കയില്ല; എന്നാലോ നീ നിന്റെ കണ്ണുകൾകൊണ്ടു നീ കാണുക മാത്രെ ചെയ്യും. ദുഷ്ടന്മാർക്കുള്ള പ്രതിഫലത്തെ നീ കാണും.

എന്തെന്നാൽ സ്വന്തവാസസ്ഥലം ഉയരങ്ങളിൽ ആയിരിക്കുന്നു എന്ന എന്റെ ശരണമായ കർത്താവു നീ ആകുന്നു.

ദോഷം നിന്നോട് അടുക്കുകയില്ല; ശിക്ഷ നിന്റെ വാസസ്ഥലത്തിനു സമീപിക്കയുമില്ല.

എന്തെന്നാൽ നിന്റെ സകല വഴികളിലും നിന്നെ കാക്കേണ്ടതിന് അവൻ നിന്നെക്കുറിച്ച് മാലാഖമാരോടു കല്പിക്കും.

നിന്റെ കാലിൽ നിനക്ക് ഇടർച്ച ഭവിക്കാതിരിപ്പാൻ അവർ തങ്ങളുടെ ഭുജങ്ങളിന്മേൽ നിന്നെ വഹിക്കും.

സർപ്പത്തെയും അണലിയെയും നീ ചവിട്ടും; സിംഹത്തെയും പെരുമ്പാമ്പിനെയും നീ മെതിക്കും.

അവൻ എന്നെ അന്വേഷിച്ചതുകൊണ്ട് ഞാൻ അവനെ രക്ഷിച്ചു ബലപ്പെടുത്തും. എന്റെ നാമം അറിഞ്ഞതുകൊണ്ട് അവൻ എന്നെ വിളിക്കും.

ഞാൻ അവനോട് ഉത്തരം പറയും; ഞെരുക്കത്തിൽ ഞാൻ അവനോടുകൂടെ ഇരുന്ന് അവനെ ഞാൻ ബലപ്പെടുത്തി ബഹുമാനിക്കും.

ദീർഘായുസ്സുകൊണ്ടു ഞാൻ അവനെ തൃപ്തിപ്പെടുത്തും; എന്റെ രക്ഷ അവനെ ഞാൻ കാണിക്കുകയും ചെയ്യും.



ഞാൻ പർവ്വതത്തിലേക്ക് എന്റെ കണ്ണുകൾ ഉയർത്തും. എന്റെ സഹായക്കാരൻ എവിടെനിന്നു വരും.

എന്റെ സഹായം ആകാശവും ഭൂമിയും സൃഷ്ടിച്ച കർത്താവിന്റെ സന്നിധിയിൽനിന്നാകുന്നു.

അവൻ നിന്റെ കാൽ ഇളകുവാൻ സമ്മതിക്കയില്ല. നിന്റെ കാവൽക്കാരൻ ഉറക്കം തൂങ്ങുകയുമില്ല.

എന്തെന്നാൽ ഇസ്രായേലിന്റെ കാവൽക്കാരൻ ഉറക്കം തൂങ്ങുന്നുമില്ല; ഉറങ്ങുന്നുമില്ല.

നിന്റെ കാവൽക്കാരൻ കർത്താവാകുന്നു. കർത്താവു തന്റെ വലത്തുകൈകൊണ്ടു നിനക്കു നിഴലിടും. പകൽ ആദിത്യനെങ്കിലും രാത്രിയിൽ ചന്ദ്രനെങ്കിലും നിന്നെ ഉപദ്രവിക്കയില്ല.

കർത്താവു സകല ദോഷങ്ങളിൽനിന്നും നിന്നെ കാത്തുകൊള്ളും. കർത്താവു നിന്റെ ആത്മാവിനെ കാത്തുകൊള്ളും.4ൊ3

അവൻ നിന്റെ ഗമനത്തെയും നിന്റെ ആഗമനത്തെയും ഇതുമുതൽ എന്നേക്കും കാത്തുകൊള്ളും. ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

ഹാലേലൂയ്യാ, ഉഹാലേലൂയ്യാ, ഉഹാലേലൂയ്യാ, മെനഓലം വാദാമൊലഓലം ഒൽമ്മീൻ ആമ്മീൻ.

### അപേക്ഷ

മഹോന്നതന്റെ മറവിൽ ഇരിക്കുന്നവനായ കർത്താവേ! നിന്റെ കരുണയിൻ ചിറകുകളുടെ നിഴലിൻ കീഴിൽ ഞങ്ങളെ മറച്ച് ഞങ്ങളോടു കരുണചെയ്യണമെ.

സകലവും കേൾക്കുന്നവനേ! നിന്റെ കരുണയാൽ നിന്റെ അടിയാരുടെ അപേക്ഷ നീ കേൾക്കണമെ.

മഹത്വമുള്ള രാജാവായി ഞങ്ങളുടെ രക്ഷകനായ മിശിഹാ! നിറപ്പുനിറഞ്ഞിരിക്കുന്ന സന്ധ്യയും പുണ്യമുള്ള രാവും ഞങ്ങൾക്കു നീ തരണമെ.

ഞങ്ങളുടെ കണ്ണുകൾ നിന്റെ അടുക്കൽ നോക്കിക്കൊണ്ടിരിക്കുന്നു. ഞങ്ങളുടെ കടങ്ങളും പാപങ്ങളും നീ പുണ്യപ്പെടുത്തി ഇഹവും പരവുമായ രണ്ടു ലോകങ്ങളിലും ഞങ്ങളോടു കരുണചെയ്യണമെ.

കർത്താവേ! നിന്റെ കരുണ ഞങ്ങളെ മറച്ച് നിന്റെ കൃപ ഞങ്ങളുടെ മുമ്പിൽ നിൽക്കണമെ. നിന്റെ സ്ലീബാ ദുഷ്ടനിൽനിന്നും അവന്റെ സൈന്യങ്ങളിൽനിന്നും ഞങ്ങളെ കാത്തുകൊള്ളണമെ.

ഞങ്ങൾ ജീവനോടിരിക്കുന്ന നാളുകളൊക്കെയും നിന്റെ വലത്തുകൈ ഞങ്ങളുടെമേൽ ആവസിപ്പിക്കണമെ.

നിന്റെ സമാധാനം ഞങ്ങളുടെ ഇടയിൽ വാഴുമാറാകണമെ. നിന്നോട് അപേക്ഷിക്കുന്ന ആത്മാക്കൾക്കു ശരണവും രക്ഷയും നൽകണമെ.

നിന്നെ പ്രസവിച്ച മറിയാമിന്റെയും നിന്റെ സകല പരിശുദ്ധന്മാരുടെയും പ്രാർത്ഥനയാൽ ദൈവമേ! ഞങ്ങളുടെ കടങ്ങൾക്കു നീ പരിഹാരമുണ്ടാക്കി ഞങ്ങളോടു കരുണ ചെയ്യണമെ.

**കൗമാ**

(ക്രൂബേന്മാരുടെ സ്തുതി)

കർത്താവിന്റെ ബഹുമാനം തന്റെ സ്ഥാനത്തുനിന്നു എന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു. +

+ കുരിശു വരയ്ക്കണം



കർത്താവിന്റെ ബഹുമാനം തന്റെ സ്ഥാനത്തുനിന്നു എന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു. +

കർത്താവിന്റെ ബഹുമാനം തന്റെ സ്ഥാനത്തുനിന്നു എന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു. +

വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ! ഞങ്ങളോടു കരുണ ചെയ്യണമെ.

വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ! ഞങ്ങളോടു കരുണ ചെയ്യണമെ.

വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ! കൃപയുണ്ടായി ഞങ്ങളോടു കരുണ ചെയ്യണമെ.

നീ എന്നേക്കും വിശുദ്ധിയും മഹത്വവുമുള്ളവനാകുന്നു. നീ എന്നേക്കും വിശുദ്ധിയും മഹത്വവുമുള്ളവനാകുന്നു. നീ എന്നേക്കും വിശുദ്ധിയുള്ളവനും നിന്റെ തിരുനാമം വാഴ്ത്തപ്പെട്ടതുമാകുന്നു.

ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി, ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി. എന്നേക്കും ഞങ്ങളുടെ ശരണവുമേ നിനക്കു സ്തുതി. ബാറെക്മോർ.

(സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ!...കൃപനിറഞ്ഞ മറിയമേ....)

**(അല്ലെങ്കിൽ)**

(91-ാം മസ്മൂർ പദ്യം)

(യോസെബുസേത്തോറേ ദമറൈമോ-ഹാലേലുയ്യാ)

1. ബാറെക്മോർ, അത്യുന്നതരുടെ-മറവിങ്കൽ-ഹാ
   ദേവേശൻ തൻനിഴലിലിരിപ്പോൻ-സംസ്തുത്യൻ.
2. ബാറെക്മോർ, കർത്താവോടുരചെയ്തീടുമവൻ-ഹാ
   ശരണവുമെൻ ഗതിയാം-പരനും നീ.

3. പ്രതികൂലതയിൻ കെണിയിൽനിന്നും----ഹാ
പാഴ്വചനത്തിൽനിന്നും-കാക്കുമവൻ.
4. തൂവലുകൊണ്ടവനംചെയ്തു[1]മറയ്ക്കും ചിറകുകളാൽ-ഹാ
ആയുധമായ് ചുറ്റും നിന്നെ-ത്തിരുസത്യം.
5. രാവിൻ ഭീഷണിയാൽ ഭയമാർന്നീടാ-ഹാ
പകലിൽ പാറിടു[2]മസ്ത്ര-ത്തിൽനിന്നും.
6. രാത്രിഞ്ചരമാം[3] വചനത്തിൽനിന്നും-ഹാ
ഉച്ചയിലൂതും കാ-റ്റിൽനിന്നും.
7. നിൻ പാർശ്വത്തായിരമായിരമായ് നിപതിക്കും[4]-ഹാ
പതിനായിരമായ് നിൻ വലഭാഗത്തും.
8. നിന്നരികത്തണയാനെളുതല്ല[5] വരാൽ-ഹാ
ദർശിക്കും നീ നിൻ ദൃഷ്ടികളാൽ.
9. കാണമധർമ്മം ചെയ്യുന്നവരുടെ പ്രതിപകരം നീ-ഹാ
എൻ ശരണം കർത്താ-വായതിനാൽ.
10. നിൻ പാർപ്പിടമുയരങ്ങളിലാക്കുകയാൽ-ഹാ
നിന്നെ അധർമ്മം തീ-ണ്ടുകയില്ല.
11. നിൻ കൂടാരത്തൊടു ദണ്ഡനമാർന്നീടാ-ഹാ
നിന്നെ പ്രതിമാലാഖകളോടവനാ-ജ്ഞാപിക്കും.
12. മാർഗ്ഗങ്ങളിലഖിലം നിന്നെ പരിരക്ഷിപ്പാൻ-ഹാ
നിന്നെ ഭുജങ്ങളിലവരേ-റ്റിടുവാനായ്.
13. നിൻ പാദത്തിനിടർച്ച ഭവിക്കായ്‌വാൻ-ഹാ
സർപ്പം വിരിയൻ പാമ്പിവയെ നീ മർദ്ദിക്കും.
14. കേസരിനക്രങ്ങളെ[6] നീ തട്ടിമെതിക്കും-ഹാ
പരിരക്ഷിച്ച് ബലം നൽകും ഞാനവനെന്നെ-ത്തേടുകയാൽ.
15. എൻനാമമറിഞ്ഞെന്നെ വിളിച്ചതിനാൽ ഞാനുത്തരമരുളും-ഹാ
പീഡയിലവനൊടു ചേർന്നമരും ഞാൻ.

---

1. അവനം ചെയ്തു = മൂടി. 2. രാത്രിഞ്ചരം = രാത്രിയിൽ സഞ്ചരിക്കുന്ന. 3. നിപതിക്കും = വീഴും. 4. എളുതല്ല = എളുപ്പമല്ല
5. കേസരിനക്രങ്ങൾ = സിംഹവും മുതലയും



16. ബലവാനാക്കി ബഹുമാനിച്ചിടുമവനെ ഞാൻ-ഹാ
നെടുനാളേക്ക്[1]വനു കൊടുക്കും ഞാൻ-സംതൃപ്തി.

### 120-ാം മസ്മൂർ

17. എൻ പരിരക്ഷയെ ഞാനവനെ ദർശിപ്പിക്കും-ഹാ
ഗിരിയതിലേക്കെൻ നയനങ്ങളെ ഞാ-നേറ്റീടും.
18. ആഗതനായീടുമെവിടുന്നെന്നാശ്രയമായോൻ-ഹാ
എൻ തുണ കർത്താവിൻ തിരുമു-മ്പിൽനിന്നും.
19. വാനിടവും[2] പാരും നിർമ്മിച്ചോൻ-ഹാ
നിൻപാദംവഴുതിടുവാനവനടിയാ-ക്കുകയില്ല.
20. നിദ്രാവശനാകാ നിന്നുടെ കാവൽക്കാരൻ-ഹാ
കർത്താവല്ലോ നിന്നുടെ കാവൽക്കാരൻ
21. നിദ്രാവേശവുമില്ലവനിഹ നിദ്രാഭാരമതും-ഹാ
യിസ്രായേലിൻ കാ-വൽക്കാരൻ.
22. വീശും നിഴൽ നിന്നുപരിതലേ കർത്തൻ വലതു കരത്താൽ-ഹാ
പകലോൻ[3] പകലിൻ നിനക്കപകാ-രം[4] ചെയ്യാ.
23. രാത്രീശ്വരനും[5] രാവിങ്കൽ-ഹാ-ഹാ
കർത്തൻ ദോഷങ്ങളിൽ നിന്നഖിലം-കാത്തീടും.
24. കാത്തീടും നിന്നാത്മാവിനെ നാഥൻ-ഹാ-ഹാ
നിൻഗതി വിഗതികളെപ്പാ-ലിക്കുമവൻ.
25. മേന്മേലെന്നന്നേക്കും-ഹാ
സ്തുതിയങ്ങേയ്ക്കുചിതം ദേവേശാ ബാറെക്മോർ

പട്ടക്കാരൻ:- ശുബഹോ-ഹാ-ഹാ-ഹാ-മെനഓലം

---

1. നെടുനാളേക്ക് = ദീർഘനാളേക്ക് .2. വാനിടം = സ്വർഗ്ഗം
3. പകലോൻ = സൂര്യൻ. 4. അപകാരം = ഉപദ്രവം
5. രാത്രീശ്വരൻ = ചന്ദ്രൻ

## അപേക്ഷ

(യോസെബ് സേത്തോറേ ദമറൈമോ)

1. അത്യുന്നതരുടെ മറവിലിരിക്കും-നാഥാ!
കൃപയിൻചിറകിൻ കീഴിൽ ചേ-ർക്കണമേ.
2. കാരുണ്യം മൂലം-കൃപയാലെല്ലാം-കേൾക്കുന്നോനേ
നിന്നടിയാർ തൻ യാചനയെ കേ-ട്ടീടണമെ.
3. മഹിമയെഴും രാജാവാം-രക്ഷക മശിഹാ! [1]ശമനമെഴും
സന്ധ്യയതും പുണ്യം നിറയും-രാവും ഞങ്ങൾക്കേണമെ.
4. മിഴി നിങ്കലുയർത്തുന്നെങ്ങൾ-കടപാപങ്ങളെ മോചിക്ക
ഇരുലോകങ്ങളിലും-ഞങ്ങൾ-ക്കരുളീടണമെ കാരുണ്യം.
5. നിൻകൃപയിവരെ മറയ്ക്കണമെ അഭിമുഖമായ് ദയനൽകണമെ
ദുഷ്ടപ്പടയിൽനിന്നും-കാത്തീടട്ടേനിൻസ്ലീബാ
6. ആജീവം[2] മേവീടണമേ-നിന്റെ വലങ്കൈ-ഞങ്ങടെമേൽ
നിൻശമമെങ്ങിലമരട്ടെ യാചിച്ചിടുമാത്മാക്കൾക്കായ്-
ശരണവു മവനവു[3]-മേകണമെ.
7. മാതൃവിശുദ്ധാഭ്യർത്ഥനയാൽ-കടപരിഹാ-രം നൽകി
എന്മേൽ ദേവേശാ! ചെയ്തീടണമേ കാ-രുണ്യം.

### കൗമാ (ക്രോബേന്മാരുടെ സ്തുതി)

8. + എന്നെന്നും കർത്താവിൻ ബഹുമാനം ധന്യം!!
\+ എന്നെന്നും കർത്താവിൻ ബഹുമാനം ധന്യം!!
\+ എന്നന്നേക്കും കർത്താവിൻ ബഹുമാനം ധന്യം!!
9. പരിപാവനനേ! സംസ്തുത്യാ-
ത്രിത്വാത്മാകനേ! ദയചെയ്തീ-ടണമെ.

1. ശമനമെഴും = സമാധാനമുള്ള
2. ആജീവം = ജീവിതകാലമൊക്കെയും
3. അവനം= സംരക്ഷണം. + കുരിശു വരയ്ക്കണം



പരിപാവനനേ! സംസ്തുത്യാ-
ത്രിത്വാത്മാകനേ! ദയചെയ്തീടണമെ.
പരിപാവനനേ! സംസ്തുത്യാ-
ത്രിത്വാത്മാകനേ! കൃപയാൽ ദയചെയ്തീടണമെ.
10. പരിപാവനനും സംസ്തുത്യനുമാണെന്നും നീ-
പരിപാവനനും സംസ്തുത്യനുമാണെന്നും നീ-
നീ പരിപാവനനെന്നേക്കും തിരുനാമം-ധന്യം.
11. കർത്താവേ! സ്തോത്രം
കർത്താവേ! സ്തോത്രം
നിത്യവുമാശ്രയമേ സ്തോത്രം. ബാറെക്മോർ.

(സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ!......)
(കൃപനിറഞ്ഞ മറിയമേ!..........)

## വിശ്വാസപ്രമാണം

**പട്ടക്കാരൻ:-** സർവ്വശക്തിയുള്ള പിതാവായി ആകാശത്തിന്റെയും ഭൂമിയുടെയും

**ശുശ്രൂഷക്കാരൻ:-** കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്തിന്റെയും സ്രഷ്ടാവായ സത്യ ഏക ദൈവത്തിൽ (ഞങ്ങൾ വിശ്വസിക്കുന്നു.)

ദൈവത്തിന്റെ ഏകപുത്രനും സർവ്വലോകങ്ങൾക്കും മുമ്പായി പിതാവിൽനിന്നു ജനിച്ചവനും പ്രകാശത്തിൽനിന്നുള്ള പ്രകാശവും സത്യദൈവത്തിൽനിന്നുള്ള സത്യദൈവവും ജനിച്ചവനും സൃഷ്ടിയല്ലാത്തവനും സാരാംശത്തിൽ പിതാവിനോടു സമത്വമുള്ളവനും തന്നാൽ സകലവും നിർമ്മിക്കപ്പെട്ടു എന്നവനും മനുഷ്യരായ ഞങ്ങൾക്കും ഞങ്ങളുടെ രക്ഷയ്ക്കുംവേണ്ടി തിരുവിഷ്ടപ്രകാരം സ്വർഗ്ഗത്തിൽനിന്നിറങ്ങി + വിശുദ്ധ റൂഹാ

\+ കുരിശു വരയ്ക്കണം

യിൽനിന്നും ദൈവമാതാവായ കന്യകമറിയാമിൽനിന്നും ശരീരിയായിത്തീർന്നു മനുഷ്യനായി പൊന്തിയോസ് പിലാത്തോസിന്റെ ദിവസങ്ങളിൽ ഞങ്ങൾക്കുവേണ്ടി +കുരിശിൽ തറയ്ക്കപ്പെട്ട് കഷ്ടതയനുഭവിച്ച് മരിച്ച് അടക്കപ്പെട്ട് മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റവനും +സ്വർഗ്ഗത്തിലേക്കു കരേറി തന്റെ പിതാവിന്റെ വലത്തുഭാഗത്ത് ഇരുന്നവനും, ജീവനുള്ളവരെയും മരിച്ചവരെയും വിധിപ്പാൻ തന്റെ വലിയ മഹത്വത്തോടെ ഇനിയും വരുവാനിരിക്കുന്നവനും തന്റെ രാജ്യത്തിന് അവസാനമില്ലാത്തവനുമായ യേശുമിശിഹായായ ഏകകർത്താവിലും (ഞങ്ങൾ വിശ്വസിക്കുന്നു.)

സകലത്തെയും ജീവിപ്പിക്കുന്ന കർത്താവും പിതാവിൽനിന്ന് പുറപ്പെട്ട് പിതാവിനോടും പുത്രനോടുംകൂടെ വന്ദിക്കപ്പെട്ട് സ്തുതിക്കപ്പെടുന്നവനും നിബിയന്മാരും ശ്ലീഹന്മാരും മുഖാന്തരം സംസാരിച്ചവനുമായി ജീവനും വിശുദ്ധിയുമുള്ള ഏക റൂഹായിലും കാതോലികവും ശ്ലൈഹികവുമായ ഏക വിശുദ്ധ സഭയിലും (ഞങ്ങൾ വിശ്വസിക്കുന്നു.)

പാപമോചനത്തിനുള്ള മാമോദീസാ ഒന്നു മാത്രമേയുള്ളൂവെന്നു ഞങ്ങൾ ഏറ്റുപറഞ്ഞ് മരിച്ചുപോയവരുടെ ഉയിർപ്പിനും വരുവാനിരിക്കുന്ന ലോകത്തിലെ പുതിയ ജീവനുമായി ഞങ്ങൾ നോക്കിപ്പാർക്കുന്നു.

**ജനം:-** ആമ്മീൻ.

**ശുശ്രൂഷക്കാരൻ:-** ബാറെക്മോർ. സ്തൗമെൻകാലോസ്, കുറിയേലായിസോൻ.

(പട്ടക്കാരുണ്ടെങ്കിൽ തുടർന്ന് ധൂപപ്രാർത്ഥനകൾ നടത്തുന്നു. ഇല്ലാത്ത പക്ഷം കുറിയേലായിസ്സോൻ....കുറി...കുറി... ഞങ്ങളുടെ കർത്താവേ! ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യണമെ എന്നതും കർതൃപ്രാർത്ഥനയും ചൊല്ലി അവസാനിപ്പിക്കുന്നു.)

---

+ കുരിശു വരയ്ക്കണം



## ധൂപപ്രാർത്ഥനകൾ

### 1. ബസ്മൽക്കോ
(ദൈവമാതാവ്)

**കുക്കിലിയോൻ**

നിന്നാൾ സ്തുതിയൊടു രാജമകൾ ഹാ-ഉ-ഹാ-
നിൻവലമായ് രാജഭാമിനി[1]യും.
നിന്നഴകരചൻ മോഹിപ്പാൻ ഹാ-ഉ-ഹാ-
നിൻജനമോർക്കായ്ക പിതൃഗൃഹവും ബാറെക്മോർ.
ശുബഹോ... മെനഗാലം...

**എക്ബൊ** (മാർ അപ്രേം)

ഭക്തർ പുകഴ്ചാ ഭാജനമേ![2]
നിന്നിലുദിച്ചോരേക സുതൻ
തൃക്കരൾ ഞങ്ങളിലലിവാൻ തൻ
പക്കലപേക്ഷയണയ്ക്കേണം
സ്തൗമൻകാലോസ് കുറിയേലായിസോൻ

**കോലോകൾ** (ഹൌ റിശഅ മാലാഖേ)

1. മന്നമകൾക്കായി ശ്ലോമ്മോ,[3]
വന്നേകി ദൂതവരൻ[4]
നിന്നൊടുകൂടെൻ നാഥൻ നി-
ന്നിൽ തന്നുദയമതും. ബാറെക്മോർ
ശുബഹൊ...

---

1. രാജഭാമിനി = രാജ്ഞി. 2. ഭാജനം = പാത്രം
3. ശ്ലോമോ = സമാധാനം. 4. ദൂതവരൻ = ദൂതശ്രേഷ്ഠൻ

അഖിലജഗൽപതിയെ നായക-
നായേറ്റി ഘോഷിച്ച-
ങ്ങതി ബഹുമാനിച്ചു മറിയാം
വലുതാം പടവായ്താൻ.

മൊറിയോ....

**അല്ലെങ്കിൽ**

(ല്മറിയാം യൊൽദാസ് ആലോഹോ)

2. ദൈവത്തിൻ-മാതാമറിയാമിന്നും നിബിയ-
ന്മാർക്കും ശ്ലീഹന്മാർ-ക്കും നൽ സഹേദന്മാർക്കും
സഭയിൻ മക്കൾക്കൊ-ക്കെയ്ക്കും കാലം തോറും
എന്നേയ്ക്കും നല്ലോ-രോർമ്മയതുണ്ടാകട്ടെ.

ബാറെക്മോർ

ശുബഹൊ...

തിരുവുള്ളത്താൽ ക-ന്യകയാം മറിയാമിന്നുൾ
ജാതനതായ് ജാതി-ക്കാരേ വഴി നേരാക്കി
രക്ഷിച്ചവൾ തന്നോർ-മ്മയ്ക്കൗന്നത്യം ചേർത്ത
സുതനായ് സ്തോത്രം പ്രാർ-ത്ഥിക്കട്ടവൾ ഞങ്ങൾക്കായ്

മൊറിയോ....

**അല്ലെങ്കിൽ**

(ബ്സുൽത്തോദെസ്ബഗിയാസ്)

3. സ്വീകരണം നേടി-ദൈവത്തിൻ മാതാവാ-
യിക്ഷിതി[1] ശാപത്തേ-നീക്കിയ കന്യകയേ!
ശാന്തിക്ഷേമങ്ങൾ, സഭയിലുമെങ്ങും വാണീ-
ടാനേകാത്മജനോ[2]-ടഭ്യർത്ഥിക്കണമേ.

ബാറെക്മോർ

ശുബഹൊ...

1. ഇക്ഷിതി = ഭൂമി.
2. ഏകാത്മജൻ = ഏകപുത്രൻ



ക്രോബേസ്രാപ്പികൾ തൻ സവിധം[1] വിട്ടവതരണം
ചെയ്താ[2]ക്കന്യക ത-ന്നുദരേ വാണോനേ!
ആദാമ്യരെ സാത്താൻ-മൃതിയിവതന്നടിമയിൽനി
ന്നേറ്റിടുവാൻ മെയ്യേ-ന്തിയ വീരാ സ്തോത്രം

**അല്ലെങ്കിൽ**

(ദുകറോനൊ ദ്മറിയാം)

4. മറിയാമിൻസ്മരണം-വരദായക[3]മാകാ
തൽപ്രാർത്ഥന ഞങ്ങൾ-ക്കാത്മാവിനുകോട്ട.

ബാറെക്മോർ

ശുബഹൊ...

ദൈവപ്രസവിത്രി[4] കന്യകമറിയാമി-
ന്നുയരുന്നോയാറി[5]ൽ-സുഖപരിമളധൂപം

മൊറിയോ....

**ബോവൂസാ** - (ബസലീബൊക് മോറാനേശു)

മോറാനേശു കുരിശും നിൻ-
മാതൃജനത്തിൻ പ്രാർത്ഥനയും
അടികളെയും നിൻ കോപത്തിൻ
വടികളെയും മായിച്ചീടേണം.

**അല്ലെങ്കിൽ**

(ലോ തെശ്ലേൻ ഓ! കാദീശ്തോ)

നിർത്തീടരുതേ പരിശുദ്ധേ!
ഞങ്ങൾക്കായുള്ളർത്ഥനയെ
ഞങ്ങളിലാർദ്രത തോന്നീടാ-
നേകാത്മജനോ[6] ടർത്ഥിക്ക.

1. സവിധം = സന്നിധി. 2. അവതരണം ചെയ്തു = ഇറങ്ങിവന്നു
3. വരദായകം = അനുഗ്രഹപ്രദം 4. ദൈവപ്രസവിത്രി = ദൈവത്തെ പ്രസവിച്ചവൾ. 5. ഓയാർ = വായുമണ്ഡലം.
6. ഏകാത്മജൻ = ഏകപുത്രൻ

2. സാദിക്കൊ (പരിശുദ്ധന്മാർ)

**കുക്കിലിയോൻ**

നയവാൻ പനപോലെ തളിർത്തിടുമേ ഹാ-
വളരുമവൻ ലബനോൻ കാരകിൽപോൽ
വൃദ്ധതയിലുമവർ തളിരിട്ടുതഴച്ചിടുമേ ഹാ-
വർദ്ധിക്കുമവർക്കു തുഷ്ടി പുഷ്ടികളും

ബാറെക്മോർ

ശുബഹൊ...

**എക്ബൊ** (മാർ അപ്രേം)

ഒരുപോലിങ്ങും മാർ ദീവന്നാസ്യോസ്
ഉണ്ടേ മേലും നിന്നോർമ്മ
ഉതകണമെ നിൻ പ്രാർത്ഥന നി-
ന്നോർമ്മയെ ബഹുമാനിച്ചോർക്കായ്

സ്തൗമൻകാലോസ്...

പ്രാർത്ഥനയിൻ സമയമിതല്ലോ മാർ ദീവന്നാസ്യോസ്
പതിവിൻപടി നിൻ കൂട്ടത്തലയായ്[1] പ്രാർത്ഥിക്ക
ഇമ്പമെഴും നിൻപാട്ടിൽ ശ്രദ്ധിച്ചീടും നി-
ന്നാടുകളെ മൂശേപ്പോൽ തൃക്കൈവാഴ്ത്തേണം.

ശുബഹൊ...

നിന്നെ വരിച്ചൊരു താതനും മാർ ദീവന്നാസ്യോസ്
നിന്നോർമ്മയെ ബഹുമാനിച്ച സുതനും സ്തോത്രം
നിന്നെ മുടി[2]ചൂടീടുന്ന റൂഹാ വന്ദ്യൻ
നിൻ പ്രാർത്ഥന കൃപയേറ്റട്ടെ ഞങ്ങൾക്കെന്നും

മൊറിയോ....

1. കൂട്ടത്തലയായ് = കൂട്ടത്തിന്റെ തലവനായ്.
2. മുടി = കിരീടം



**അല്ലെങ്കിൽ**

(ശ്ലോംലേക് ഓ ഗബിയോ)

2. ലോകർക്കുപകാരം-ചൊരിയുന്ന മഹാനിധിയാകും
വാണിജവീരാ![1] സ്വീകൃതനേ! ശ്ലോമ്മോ
രോഗങ്ങളെയാറ്റി ദുഷ്ടാത്മാക്കളെ നീക്കണമെ
നിൻ പ്രാർത്ഥനയാൽ-കൃപ നേടട്ടെങ്ങൾ

ബാറെക്മോർ

ശുബഹൊ...

സത്യോദ്യോഗസ്ഥാ![2] നീതി തികച്ചിഹ വാഗ്ദത്തം
ചെയ്തൊരു നിത്യ-ജീവിതമാർജ്ജിപ്പാൻ,
നിർനിദ്രം നോമ്പും-പ്രാർത്ഥനയും പീഡയുമേറ്റ
ദീവന്നാസ്യോസ് തൻ-സ്മൃതിയിൽ സ്തുതി മശിഹാ.

മൊറിയോ....

**അല്ലെങ്കിൽ**

(തൂബോ ലൻബീയേ)

4. ഭാഗ്യം നിബിർക്കും-ഭാഗ്യം ശ്ലീഹർക്കും
ഭാഗ്യം സഹദേർക്കും-പുനരുത്ഥാനദിനെ.

ബാറെക്മോർ

ശുബഹൊ...

മശിഹായെകാണ്മാൻ-കാംക്ഷിച്ചൊരു സഹദേർ
വാളാൽ ചിറകുകൾ-പൂണ്ടുന്നതപദമേറി.

മൊറിയോ....

**എക്ബാ**

1. പരിശുദ്ധന്മാരേ! നിങ്ങൾ
പ്രാർത്ഥിപ്പിൻ കർത്താവോടായ്

1. വാണിജവീരൻ = പ്രധാന കച്ചവടക്കാരൻ. 2. സത്യദ്യോഗസ്ഥൻ = സത്യം പ്രവർത്തിക്കുന്നവൻ. 3. നിർനിദ്രം = ഉറക്കമൊഴിഞ്ഞ്

അടികളെയും തൻ കോപത്തിൻ
വടികളെയും മായിച്ചീടാൻ.

**അല്ലെങ്കിൽ**
**(ഈത്തോദ് സയ്ഹാസ് ദുക്റോനോക്)**

ദീവന്നാസ്യോസ് സൽഗുണനിധിയേ!
നിൻ സ്മൃതികൊണ്ടാടും സഭയിൽ
അനവരതം[1] നിൻനാഥന്റെ
ശമ[2]വും ശാന്തിയുമമരട്ടെ.

**3. കൊഹനെ** (പട്ടക്കാർ)

**കുക്കിലിയോൻ**

ചാർത്തും നീതിയെ നിന്നാചാര്യന്മാരും
മഹിമയെ നയവാന്മാരും ഹാലേ-ഉ-ഹാ-
നിന്നഭിഷിക്തമുഖം തിരിപ്പിക്കല്ലേ നിൻ ദാസൻ
ദാവീദിൻമൂലം.
നിൻ പുത്രന്മാർ കാത്തിടുമെങ്കിൽ ഹാ-ഉഹാ-
എൻ നിയമത്തെയും ഞാനുപദേശിച്ചിടുമീ
സാക്ഷിയെയും
ബാറെക്മോർ.

ശുബഹൊ... മെനഓലം...

**എക്ബൊ** (മാർ അപ്രേം)

ശുചിയൊടു ശുദ്ധ്യാ ബെസ്ക്കുദിശാ[3]-
സ്പർശിച്ചുള്ള പാദങ്ങൾ

1. അനവരതം = എപ്പോഴും 2. ശമം = സമാധാനം
3. ബസ്കുദിശ = വിശുദ്ധസ്ഥലം.



പുക്കു[4]ദ്യാനദ്വാരങ്ങൾ[5]
വാനവരൊ[6]ത്തു വസിക്കേണം.സ്തൗമൻകാലോസ്...

**കോലോകൾ**

നിർമ്മലമദ്ബഹായിൽ കർതൃ-
സ്നേഹാൽ ശുശ്രൂഷിച്ചോരാം
വൈദികരെ പിൻചെല്ലും വ-
ന്നീറേന്മാർ ദേവാഗാരേ.[7]
ബാറെക്മോർ.

ശുബഹൊ...

ഭംഗ്യാ ദൈവസുദാ! നിന്നെ
ശുശ്രൂഷിച്ചോരു വൈദികരെ
നിന്നാഗമനമഹാ നാളിൽ
ഓർത്തു മുഖപ്രഭയേകണമെ. മൊറിയോ....

4. പൂക്കു = പ്രവേശിച്ച
5. ഉദ്യാനദ്വാരങ്ങൾ = പറുദീസിൻ വാതിലുകൾ.
6. വാനവർ = സ്വർഗ്ഗീയർ. 7. ദേവാഗാരം = സ്വർഗ്ഗം

## *ഹൂത്തോമ്മൊ
(സ്ലീബോ സ്ഗീദൊ)

**പട്ടക്കാരൻ:-** മാലാഖമാർക്ക് ബഹുമാനവും, പിശാചുകൾക്ക് ഭയങ്കരവും, സത്യവിശ്വാസികൾക്ക് ബലമുള്ള കോട്ടയുമാകുന്ന ദൈവപുത്രന്റെ വന്ദ്യസ്ലീബാ രാത്രിയിലും, പകലും, സന്ധ്യയിലും, പ്രഭാതത്തിലും, മദ്ധ്യാഹ്നത്തിലും, എല്ലാനാഴികയിലും, എല്ലാകാലത്തും, എല്ലാസമയത്തും, നമ്മോടുകൂടെയും, നമ്മുടെ ഇടയിലും ഇരുന്നു, നമ്മെ കാത്തു മറച്ചുകൊള്ളുമാറാകട്ടെ. ദുഷ്ടന്മാരുടെ കഠിന കോപത്തിൽനിന്നും, പിശാചുക്കളുടെയും, പുറജാതികളുടെയും അസൂയയിൽനിന്നും, അന്യായക്കാരായ അധികാരികളിൽനിന്നും, കരുണയില്ലാത്ത യജമാനന്മാരുടെ കൈകളിൽനിന്നും രഹസ്യവും പരസ്യവുമായ സകല ശത്രുക്കളിൽനിന്നും, ബലബന്ധം ചെയ്യുന്ന കയ്യിൽനിന്നും അന്യായമായ കാലിൽനിന്നും, സാത്താന്റെ കെണിയിൽനിന്നും, ആത്മാവിനെയും ശരീരത്തെയും നശിപ്പിക്കുന്ന നിന്ദ്യവികാരങ്ങളിൽനിന്നും, പാപത്തിന്റെ സകല ശക്തിയിൽനിന്നും, നാം ഉദ്ധരിക്കപ്പെട്ട് രക്ഷ പ്രാപിച്ച് വീണ്ടുകൊള്ളപ്പെടുമാറാകട്ടെ. കരുണയുള്ള മാതാവും, ജയം ധരിച്ചവളും, രണ്ടാമത്തെ സ്വർഗ്ഗവും, സത്യക്രിസ്ത്യാനികളുടെ പുകഴ്ചയുമായ മാലിന്യമില്ലാത്ത പരിശുദ്ധ കന്യകയും, ദൈവമാതാവുമായ മറിയാമിന്റെ പ്രത്യേക പ്രാർത്ഥനകളാലും, അപേക്ഷകളാലും തന്നെ.

ബാറെക്മോർ

ജയമുള്ളതും രക്ഷാകരവും ജീവൻ നൽകുന്നതുമായ സ്ലീബായുടെ വലിയ ശക്തിയാലും, നിബിയന്മാരുടെയും, ശ്ലീഹന്മാരുടെയും, സഹദേന്മാരുടെയും, മൗദ്യാനന്മാരുടെയും, നീതിമാന്മാരുടെയും ആചാര്യന്മാരുടെയും, പരിശുദ്ധ പിതാക്കന്മാരുടെയും, സത്യഇടയന്മാരുടെയും, സത്യവിശ്വാസികളായ മല്പാന്മാരുടെയും പ്രാർത്ഥനകളാലും; വി. സഭയിലെ മല്പാന്മാരായ മാർ അപ്രേമിന്റെയും, മാർയാക്കോബിന്റെയും, മാർ ഇസഹാക്കിന്റെയും, മാർ ബാലായിയുടെയും, മാർ ബർസൌമായുടെയും പ്രാർത്ഥനകളാലും, മാർ തോമാശ്ലീഹായുടെയും, മാർ ഗീവർഗ്ഗീസ് സഹദായുടെയും, മാർ ബഹനാമിന്റെയും, അവന്റെ സഹോദരിയായ സാറായുടെയും, അവന്റെ സഖികളായ നാൽപതു സഹദേന്മാരുടെയും പ്രാർത്ഥനകളാലും, മാർ യോഹന്നാൻ മാംദാനയുടെയും, മാർ എസ്തേപ്പാനോസ് ശെമ്മാശ്ശന്റെയും പ്രാർത്ഥനകളാലും, നമ്മുടെ കർത്താവിനെ സ്നേഹിച്ച് തന്റെ കൽപനകളെ ആചരിച്ചിട്ടുള്ള പരിശുദ്ധന്മാരുടെ സകല സംഘത്തിന്റെയും ഗണത്തിന്റെയും പ്രാർത്ഥനകളാലും, ഇന്ന് നമ്മുടെ അദ്ധ്യക്ഷനായിരിക്കുന്ന നമ്മുടെ പിതാവായ ഭാഗ്യവാനായ മോറാൻ മോർ ബസേലിയോസിന്റെയും, മാർ ഗ്രീഗോറിയോസിന്റെയും, നമ്മുടെ മേൽപ്പട്ടക്കാരൻ മാർ..............ന്റെയും, ഞങ്ങളോടുകൂടി (ഈ നമസ്കാരം) ഭംഗിയായി നിവർത്തിച്ച ഞങ്ങളുടെ പിതാക്കന്മാരും, സഹോദരങ്ങളും, ശ്രേഷ്ഠരുമായ നിങ്ങളുടെയും പ്രാർത്ഥനകളാലും, എന്നേക്കും നാം കാത്തുകൊള്ളപ്പെടുകയും സംരക്ഷിക്കപ്പെടുകയും ചെയ്യുമാറാകട്ടെ.

ബാറെക്മോർ......

ആകാശവും, ഭൂമിയും സൃഷ്ടിച്ച കർത്താവിനാൽ നിങ്ങളെല്ലാവരും അനുഗ്രഹിക്കപ്പെട്ടവരായിരിക്കട്ടെ. ആത്മീയമായ ഈ ശുശ്രൂഷയിൽ ഞങ്ങളോടു കൂടെ സന്നിഹിതരായിട്ടുള്ള എല്ലാവരെയും (ദൈവംതമ്പുരാൻ) വാഴ്ത്തിപുണ്യപ്പെടുത്തുമാറാകട്ടെ. ദൈവമായ കർത്താവ്

*അവസാന പ്രാർത്ഥന (കൈമുത്തിക്കുമ്പോൾ)

നിങ്ങൾക്കും വിശ്വാസികളായ നിങ്ങളുടെ മരിച്ചു പോയവർക്കും പാപപരിഹാരം നൽകുമാറാകട്ടെ. പിതാവും പുത്രനും പരിശുദ്ധ റൂഹായുമേ! ബലഹീനവും കുറവുള്ളവയുമായ ഞങ്ങളുടെ പ്രാർത്ഥനകൾ ഉന്നതമായ നിന്റെ സിംഹാസനത്തിൻ മുമ്പാകെ കേൾക്കപ്പെട്ടവയും അംഗീകരിക്കപ്പെട്ടവയുമാക്കിത്തീർക്കണമെ.

ഹോശോ വബ്കൂൽ സ്ബാൻ ല്ഒൽമീൻ.

ആമ്മീൻ, കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ. ഞങ്ങളുടെ കർത്താവേ! ഞങ്ങളോട് കരുണ ചെയ്യണമെ. ഞങ്ങളുടെ കർത്താവേ! കൃപയുണ്ടായി ഞങ്ങളോട് കരണ ചെയ്യണമെ. ഞങ്ങളുടെ കർത്താവേ! ഉത്തരമരുളിചെയ്ത് ഞങ്ങളോട് കരുണ ചെയ്യണമെ. ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി. ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി. എന്നേക്കും ഞങ്ങൾക്കുള്ള ശരണവുമേ നിനക്കു സ്തുതി.

ബാറക്മോർ

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ഇത്യാദി.



# രാത്രി നമസ്കാരം

## (ഒരു കൗമാ)

**പട്ടക്കാരൻ:-** ശുബഹോ..........

**ജനം:-** ബലഹീനരും പാപികളുമായ ഞങ്ങളുടെ മേൽ അനുഗ്രഹങ്ങളും കരുണയും രണ്ടുലോകങ്ങളിലും എന്നുമെന്നേക്കും ചൊരിയപ്പെടുമാറാകണമെ, ആമ്മീൻ.

### പ്രാരംഭപ്രാർത്ഥന

ഉറക്കമില്ലാത്ത ഉണർവ്വുള്ളവനായ എന്റെ കർത്താവേ! നിന്റെ ഉണർവ്വിനെ സ്തുതിപ്പാനായിട്ട് പാപമുഴുകലിൽനിന്നു ഞങ്ങളുടെ ഉറക്കത്തെ നീ ഉണർത്തണമെ. മരണമില്ലാത്ത ജീവനുള്ളവനേ! നിന്റെ കരുണയെ വന്ദിപ്പാനായിട്ട് മരണവും ക്ഷയവുമാകുന്ന നിദ്രയിൽനിന്നു ഞങ്ങളുടെ മരണത്തെ നീ ജീവിപ്പിക്കണമെ. പിതാവും പുത്രനും വിശുദ്ധറൂഹായും ആയുള്ളോവേ! സ്വർഗ്ഗത്തിലും ഭൂമിയിലും നീ സ്തുതിക്കപ്പെട്ടവനും വാഴ്ത്തപ്പെട്ടവനും ആകകൊണ്ട് നിന്നെ സ്തുതിക്കുന്നവരായ സ്വർഗ്ഗീയ മാലാഖമാരുടെ മഹത്വമുള്ള കൂട്ടങ്ങളോടൊന്നിച്ചു വിശുദ്ധിയോടുകൂടി ഇപ്പോഴും എല്ലാക്കാലത്തും എന്നേക്കും നിന്നെ സ്തുതിച്ചു പുകഴ്ത്തുവാൻ ഞങ്ങളെ യോഗ്യരാക്കിത്തീർക്കണമെ. ആമ്മീൻ.

### 133, 118, 116 മസുമൂറാകൾ

ബാറെക്മോർ, രാത്രികാലങ്ങളിൽ കർത്താവിന്റെ ഭവനത്തിൽ നിൽക്കുന്നവരായി, കർത്താവിന്റെ സകല ദാസന്മാരുമായുള്ളോരേ! നിങ്ങൾ കർത്താവിനെ സ്തുതിപ്പിൻ.

ബാറെക്മോർ, നിങ്ങൾ ശുദ്ധസ്ഥലത്തേക്കു നിങ്ങളുടെ കൈകളെ ഉയർത്തി കർത്താവിനെ സ്തുതിപ്പിൻ.

ആകാശത്തെയും ഭൂമിയെയും സൃഷ്ടിച്ച കർത്താവ് സെഹിയോനിൽനിന്നു നിന്നെ അനുഗ്രഹിക്കും.

കർത്താവേ! എന്റെ സ്തുതി നിന്റെ മുമ്പാകെ പ്രവേശിക്കയും നിന്റെ വചനത്താൽ എന്നെ ജീവിപ്പിക്കയും ചെയ്യണമെ. എന്റെ അപേക്ഷ നിന്റെ മുമ്പാകെ പ്രവേശിക്കയും നിന്റെ വചനത്താൽ എന്നെ രക്ഷിക്കുകയും ചെയ്യണമെ.

എന്റെ നാവ് നിന്റെ വചനം ഉച്ചരിക്കും. എന്തെന്നാൽ നിന്റെ കല്പനകളെല്ലാം നീതിയോടുകൂടിയവയാകുന്നു.

നീ നിന്റെ കല്പനകൾ എന്നെ പഠിപ്പിക്കുമ്പോൾ എന്റെ അധരങ്ങൾ നിന്റെ സ്തുതികൾ ഉച്ചരിക്കും. ഞാൻ നിന്റെ കല്പനകളിൽ ഇഷ്ടപ്പെട്ടതിനാൽ നിന്റെ കൈ എന്നെ സഹായിക്കും.

എന്റെ ആത്മാവ് നിന്റെ രക്ഷയ്ക്കായിട്ട് കാത്തിരുന്നു. നിന്റെ വേദപ്രമാണത്തെ ഞാൻ ധ്യാനിച്ചു. എന്റെ ആത്മാവ് ജീവിച്ച് നിന്നെ സ്തുതിക്കുകയും നിന്റെ ന്യായവിധി എന്നെ സഹായിക്കുകയും ചെയ്യും.

കാണാതെപോയ ആടുപോലെ ഞാൻ തെറ്റിപ്പോയി. നിന്റെ ഭൃത്യനെ അന്വേഷിക്കണമെ. എന്തെന്നാൽ ഞാൻ നിന്റെ കല്പനകൾ മറന്നില്ല.



സകല ജാതികളുമേ! കർത്താവിനെ സ്തുതിപ്പിൻ. സകല ജനങ്ങളുമേ! അവനെ സ്തുതിപ്പിൻ. എന്തെന്നാൽ അവന്റെ കൃപ നമ്മുടെമേൽ ബലപ്പെട്ടിരിക്കുന്നു. അവൻ സത്യമായിട്ട് എന്നേക്കും കർത്താവാകുന്നു. ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

### എനിയോനോ

(എത്തഈർ ഹാത്തോയൊ)
(പാപീ ഉണരുക നീ...)

1. വാനവസേനകളാൽ-അനവരതം നാഥാ!
   ഉന്നതമാം നിൻ-തിരുനാമം കീർത്തിതമല്ലോ
   ഞങ്ങളുമങ്ങേ കീർത്തിപ്പൂ.
2. ദാവീദാമരചൻ-രാവിൻ ശാന്തതയിൽ
   വാനത്തിൻകാ-ന്തിയെദർശിച്ചഥവിസ്മിതനായ്
   തിരുനാമം മഹിതം നാഥാ!
3. പുണ്യമെഴും താതർ-താപസരൊക്കെയുമേ
   നിന്നെ കൂപ്പും-രാവിൻ നിൻ സ്തുതി പാടീടാൻ
   ഞങ്ങൾക്കർഹതയേകേണം.
4. മാർ ദീവന്നാസ്യോസ്-നല്ലോരിടയനതായ്
   തിരുസഭയെത്തൻ-താപസചര്യാനിഷ്ഠകളാൽ
   മേന്മേലതി ഭാസുരമാക്കി.
5. സഭയുടെ മേൽഗതിയെ-സർവ്വോപരിദർശി
   ച്ചതിനാൽപീഡ-കഷ്ടപ്പാടുകളെയെല്ലാം
   വിനയത്താൽ സ്വയമേയേറ്റു.
6. വാളോ, പീഡ-കളോ, ദൂതർ വാഴ്ചകളോ
   നേട്ടങ്ങളതോ, തിരുസന്നിധിയിൽനിന്നെന്നെ

വേറാക്കില്ലന്നാൻ പൗലൂസ്
ബാറെക്മോർ-ശുബഹോ-മെനഓലം

7. മോശയ്ക്കനുരൂപൻ-മാർ ദീവന്നാസ്യോസ്
മലയാംകരയിൽ-തിരുസഭയെ ദുഷ്ക്കാലത്തിൽ
പാലിച്ചതി സൂക്ഷ്മതയോടെ.
കുറിയേലായിസ്സോൻ-കുറി-കുറി.....

## ഒന്നാം കൗമാ

(ദൈവമാതാവിന്റെ)
എക്ബോ - ആബൊക് സബുവോ

ദൈവത്തിൻ മാതാവായി
തീർന്നൊരുന്നതയാം കന്യ
മറിയാമിനെയെല്ലാ
ഭൂതലജാതികളും
ഭാഗ്യമെഴും നാരിസുതയെ-
ന്നാമോദത്തൊടു കീർത്തിപ്പൂ.

കുറിയേലായിസ്സോൻ - കുറി - കുറിയ.. ഞങ്ങളുടെ കർത്താവേ! ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യണമെ. ഞങ്ങളുടെ കർത്താവേ! കൃപ ചെയ്ത് ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യണമെ. ഞങ്ങളുടെ കർത്താവേ! ഉത്തര മരുളി ചെയ്ത് ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യണമെ. ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി. ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി. എന്നേക്കും ഞങ്ങളുടെ ശരണവുമേ! നിനക്കു സ്തുതി.

ബാറെക്മോർ.



**കോലോ**
ബ്കൂൽ മേദേം

ഭൂതലജാതികളിൽനിന്നും-ദൈവത്തിനിഷ്ടംപാടെ
ചെയ്യും സത്തമരാ-മേവർക്കും ഭാഗ്യം

ഭൂതത്തലവൻ തൻ വചസ്സാൽ
കാതതിലൂടേറ്റു
ദൈവത്തിന്നാത്മജനെത്തൻ
ഗർഭത്തിൽപേറി

മാതാവേ! നിന്നെ ഞങ്ങൾ
മൂശാ നിബി ദർശിച്ചതുപോൽ

അഗ്നിമയൻ വാണരുളീട്ടും
കത്തി ദഹിച്ചു നശിക്കാതെ
ശോഭനമായ് നിൽക്കും
മുൾച്ചെടിയായ് കാൺമൂ.
ബാറെക്മോർ-ശുബഹോ....മെനഓലം

ഹസ്കിയേൽ മുൻ ചൊന്നതുപോൽ-പൂർവ്വമതാമാലയവാതിൽ
നിത്യം ബന്ധിതമാ-യ്ത്തന്നെ നില്കേണം

രാജാക്കന്മാർ തൻരാജാ
വതിലൂടുൾ പൂകി
കന്യകയാം മാതാ മറിയാം
താനീ ദൃഷ്ടാന്തം

തലമുറകൾ മുമ്പെ താതൻ
നിബിയന്മാർ വഴിയായ് കാട്ടി

ലഘുവായൊരു മേഘം പോലെ
സ്വർഗ്ഗത്തിൻ മഴയെ യേറ്റ
മാതാവേ! നിന്നെ
കീർത്തിക്കുന്നെങ്ങൾ

മൊറിയോ.....

### മാർ യാക്കോബിന്റെ ബോവൂസാ

പ്രാർത്ഥിച്ചാലും ദൈവജനനി, പ്രാർത്ഥിച്ചാലും!
നിൻ പ്രാർത്ഥനയാൽ കാരുണ്യം ഞങ്ങൾ നേടട്ടെ.

നമ്പുന്നോർക്കങ്ങാകുലമേറ്റു-ന്നീലോകത്തിൻ
കെണിയിൽ നിപതിച്ചീടാതമ്മേ, കാത്തീടേണം.

യുദ്ധം, മാരി, വ്യാധികൾ, വൈരം, പെരുകുന്നുലകിൽ
ലോകർക്കെല്ലാം-ശാശ്വത ശാന്തിക്കായ് പ്രാർത്ഥിക്ക!

ദോഷികളാം ഞങ്ങൾക്കായമ്മേ, പ്രാർത്ഥിച്ചാലും!
പുത്രൻ മുമ്പിൽ ഞങ്ങൾക്കഭയം നിൻ പ്രാർത്ഥനകൾ.

ദേവകുമാരനു-തനുവരുളി നീ, തായേ, ധന്യ!
തലമുറകൾ നിൻ-വചനം പോൽ ഭാഗ്യം ചൊല്ലുന്നു.

മാതാവേ! നിൻ മദ്ധ്യസ്ഥതയിൽ ശരണം കൊള്ളും
ജന നിവഹത്തിൽ വാഴ്വുകളേറാൻ പ്രാർത്ഥിക്കണമെ.



### രണ്ടാം കൗമ

+കർത്താവിന്റെ ബഹുമാനം തൽസ്ഥാനത്ത് എന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു. (മൂന്നു പ്രാവശ്യം)

വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ! ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യണമേ!

വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ! ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യണമേ!

വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ! കൃപയുണ്ടായി ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യണമേ!

നീ എന്നേക്കും വിശുദ്ധിയും മഹത്വവും ഉള്ളവനാകുന്നു.

നീ എന്നേയ്ക്കും വിശുദ്ധിയും മഹത്വമുള്ളവനും നിന്റെ തിരുനാമം വാഴ്ത്തപ്പെട്ടതുമാകുന്നു.

ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി. ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി. എന്നേക്കും ഞങ്ങളുടെ ശരണവുമേ നിനക്കു സ്തുതി. ബാറെക്മോർ

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ!....
കൃപ നിറഞ്ഞ മറിയമേ!....

**എക്ബോ**

(ആബൊക് സബൊ)

നിബിശ്ലീഹന്മാർ സഹദേരേ!
താപസരാം സിദ്ധന്മാരെ!

രാപകൽ ഞങ്ങൾക്കായ്
പ്രാർത്ഥിച്ചീടണമേ

നാഥാ ഇവർ തൻ യാചനയാൽ
കൃപയടിയാരിൽ ചെയ്യണമേ.
കുറിയേലായിസ്സോൻ-കുറി....കുറി..... ഞങ്ങളുടെ
കർത്താവേ! ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യണമെ...
ഇത്യാദി

**കോലോ**

(ല്മറിയം യെൽദാസ് ആലോഹോ)

കർത്താവിൻ വയലിൻ രാപകലിളവില്ലാതെ
ജാഗ്രതയോടദ്ധ്വാനിച്ചോൻ ദീവന്നാസ്യോസ്
ദീപ്തിയെഴും മണിദീപത്തെപ്പോൽ തിരുസഭയെ
ഭാസുരമാക്കി; കർത്താവിൻ സന്നിധി ചേർന്നു
ബാറെക്മോർ-ശുബഹോ-മെനഓലം....

അഞ്ചോടിരുപതു വത്സരമീയിടയ പ്രമുഖൻ
മാർത്തോമ്മാ തൻ സഭയുടെ സ്വാതന്ത്ര്യത്തിന്നായ്
ദുർവഹ പീഡകളേറ്റിട്ടും തന്നായുസ്സിനെ
സ്വീകൃത ബലിയായ് കർത്താവിന്നായർപ്പിച്ചു.



**സുഗീസോ**

(ഭൂജാതികളെ വന്നെത്തി...)
അല്ലെങ്കിൽ
(മാനവർ വാനോൻ....)

ഭാസുര ചരിതം ശ്രദ്ധിപ്പാൻ
വിരവോടെത്തിൻ സോദരരെ
സഭയെത്തൻ പ്രാണനു തുല്യം
സംരക്ഷിച്ചാനിത്താതൻ.

മാർത്തോമ്മായുടെ തിരുസഭയാം
മലയാം കരയിലെയജവൃന്ദം
ദീവന്നാസ്യോസ് തന്നോർമ്മ
പ്രീതിയോടെന്നും കീർത്തിപ്പൂ.

ഹരിതാഭമെഴും പുൽമേടും
സ്വച്ഛന്ദമതാം തെളിനീരും
ആടുകളൊക്കെയ്ക്കും നൽകാൻ
ഉണർവൊടു പാർത്താനീയിടയൻ.

നന്മകൾ വിളയുമൊരീത്തോട്ടം
കയ്യേറാനും തൻ കാന്തി
തല്ലിയുടയ്ക്കാനും വെമ്പി
വൈരികൾ വ്യൂഹം പാഞ്ഞെത്തി.

വീര പരാക്രമി സിംഹം പോൽ
ഇടയൻ മാർ ദീവന്നാസ്യോസ്
അജരക്ഷയ്ക്കായ് പോരാടി
പീഡകളേറ്റാൻ മനസ്സോടെ.

നിശയുടെ യാമങ്ങൾ ശാന്തം
നീങ്ങുമ്പോൾ താൻ മുട്ടിന്മേൽ
നിന്നഥ കേണാൻ നാഥനോടായ്
“തിരുസഭയെ കനിവാൽ കാക്ക.”

ബുദ്ധിവിശേഷത്തിൽ പ്രമുഖൻ
ഭക്തിയിലോ ബഹു വൈരാഗി
ഗുരുവിനൊടൊപ്പം പുണ്യത്തിൻ
പടവുകളേറി ഭാസുരനായ്

നോമ്പു നമസ്കാരം നിഷ്ഠാ
ജീവിതമിവയാൽ ശോഭിതനായ്
ശുദ്ധപദം പ്രാപിച്ചോനാം
ദീവന്നാസ്യോസ്, നീ ധന്യൻ!

ദീവന്നാസ്യോസ് തൻ സ്മരണം
സഭയിതിനെന്നും വാഴ്വിന്നും
ഭൂലോകത്തിൻ ശാന്തിയ്ക്കും
തവ കൃപയാൽ ചേർക്കുക നാഥാ!

മൊറിയോ.....

**ബോവൂസോ മാർ അപ്രേം**

ദീവന്നാസ്യോസ് തന്നർത്ഥന
തുണയാകട്ടെങ്ങൾക്കെന്നും
അതിനാൽ ജീവിതരും മൃതരും
തുണയോടലിവും നേടട്ടെ.

സഭയെ പരിശോഭിതമാക്കി
ദീവന്നാസ്യോസാം താതൻ
പ്രാർത്ഥന നോമ്പുപവാസങ്ങൾ
വഴിയായ് നേടി സംശുദ്ധി.

ആപത്തിൻ നാളിൽ സഭയെ
പരിപാലിപ്പാൻ വിളികൊണ്ടു
തന്നായുസ്സെല്ലാം താതൻ
സഭയുടെ പേർക്കദ്ധ്വാനിച്ചു.



സ്ലീബാ തൻ ഭുജവീര്യത്താൽ
വൈരികളെ നിഷ്പ്രഭരാക്കി
കണ്ടാലും സഭ കീർത്തിപ്പൂ
ദീവന്നാസ്യോസ് തൽ സ്മരണ.

ഭൂവിൽ തന്നെ മാനിപ്പോ
രെ വാനിൽ മോദിപ്പിക്കും
നാഥാ ! നേടി നിന്നിൽ നി
ന്നിത്താതൻ ശുദ്ധസ്ഥാനം

ദീവന്നാസ്യോസർത്ഥിപ്പൂ
സഭയുടെ പേർക്കായ് ദിനരാത്രം
തൻ പ്രാർത്ഥനയാൽ കർത്താവേ
ശമമൊടു കാക്കുക തിരുസഭയെ.

## മൂന്നാം കൗമാ

കർത്താവിന്റെ ബഹുമാനം .................. ഇത്യാദി

എക്ബാ ആബൊ

നാഥാ! നിൻ ശരണേ മൃതരാം
ദാസർക്കേകണമാശ്വാസം

നിൻമെയ് രക്തങ്ങൾ
കൈക്കൊണ്ടോർക്കെല്ലാം

കടപാപത്തിൻ ഭാരങ്ങൾ
നീക്കീട്ടാനന്ദം നൽക!

കറിയേലായിസ്സോൻ കുറി....കുറി... ഞങ്ങളുടെ കർത്താവേ!
ഇത്യാദി

**കോലോ**

ബാ കുൽമേദേം

കാക്കുക വിഗതരെയെൻ നാഥാ!
ആദാം മുതലിന്നെയോളം-മൃതിപൂകിയ വിഗതന്മാരെ
ശുദ്ധന്മാരോടൊപ്പം-പ്രഭയിൽ പാർപ്പിക്ക

നാഥാ മാമോദീസായാൽ
നിന്നെയേറ്റോരാം



നിൻ പാവനതനുരുധിരങ്ങൾ
തിന്നു കുടിച്ചോരും

നിൻ പ്രഭയുദയം ചെയ്തീടും
നാളിൻ നിൻ വലഭാഗത്തായ്

മോദത്തോടവർ നിൽക്കണമെ-പ്രഭയുതിരുന്നംബരമോടെ
അനവരതം നിന്നെ-യവർ കൊണ്ടാടട്ടെ!
ബാറെക്മോർ-ശുബഹോ-മെനഓലം.....

മൃലോകം പൂകി നാഥൻ-ബന്ധിതരാമാത്മക്കളൊടായ്
ഘോഷത്തോടോതി-"ഖിന്നതകൈവിടുവിൻ

നിങ്ങൾജീവൻ നേടീടാൻ
ഞാൻ മൃതനായല്ലോ
പുനരുത്ഥാനത്താൽ നിങ്ങൾ
മൃതിയെ വെന്നീടും

മരണം സാത്താനിവയെല്ലാം
സ്ലീബായാമടയാളത്തിൽ

മാഞ്ഞതിനാൽ നിങ്ങൾ വീണ്ടും-ഏദനിലേക്കങ്ങേറീടും
പുനരുത്ഥാനത്തിൽസ്വർഗ്ഗം-നേടീടും"
മൊറിയോ.....

**മാർ ബാലായിയുടെ ബോവൂസാ**

1. കരുണ നിറഞ്ഞവനെ-പുനരുത്ഥാനത്തിൽ
   നിന്നുടെ സൃഷ്ടിയെ നീ-പുതുതാക്കീടണമെ.
2. നിന്നിൽ നിദ്രയട-ഞ്ഞാഗമനം കാക്കും
   മൃതരിൽ ശാന്തിയണ-ച്ചേകുക പരിഹാരം.
3. നിന്നഭയേ മൃതരേ-അബറാഹാമിസഹാക്ക്
   യാക്കോബെന്നിർ തൻ-മടിയിൽ പാർപ്പിക്ക.

4. വന്നവനാം വരുവോൻ-മൃതരെ യേറ്റുന്നോൻ
സ്തുതനെന്നാർത്തീടും-മെയ്യോടാത്മാവും.

## നാലാം കൗമാ

ഹാലേലുയ്യാ, ഹാലേലുയ്യാ, ഹാലേലുയ്യാ ദൈവമേ! നിനക്കു സ്തുതി. (മൂന്നു പ്രാവശ്യം)

കരുണയുള്ള ദൈവമേ! നിന്റെ കരുണയാൽ ഞങ്ങളോടു കരുണ ചെയ്യണമെ.

നാം ദൈവത്തിന്റെ മക്കളായിത്തീരുവാൻ ജീവിച്ചിരുന്നപ്പോൾ നമ്മെ പഠിപ്പിച്ചവരായ നമ്മുടെ പിതാക്കന്മാരെ കുർബ്ബാനകളിലും പ്രാർത്ഥനകളിലും നാം ഓർക്കണം. അഴിവില്ലാത്ത ലോകമായ സ്വർഗ്ഗരാജ്യത്തിൽ നീതിമാന്മാരോടും പുണ്യവാന്മാരോടും കൂടെ ദൈവപുത്രൻ അവരെ ആശ്വസിപ്പിക്കും. കർത്താവേ! കൃപ ചെയ്ത് സഹായിക്കണമെ.

മൊറിയൊ...

### (പൊതുപ്രൊമിയോൻ)

**മാവുർബാ** (വി: ലൂക്കോ. 1:46-55)

മറിയാം പറഞ്ഞതെന്തെന്നാൽ, എന്റെ ദേഹി കർത്താവിനെ പുകഴ്ത്തുന്നു. എന്റെ ആത്മാവ് എന്നെ ജീവിപ്പിക്കുന്നവനായ ദൈവത്തിൽ സന്തോഷിച്ചു. എന്തെന്നാൽ അവൻ തന്റെ ദാസിയുടെ താഴ്ചയെ നോക്കിക്കണ്ടിരിക്കുന്നു. കണ്ടാലും ഇതുമുതൽ സകല വംശങ്ങളും എനിക്കു ഭാഗ്യം തരും.

എന്തെന്നാൽ ശക്തിമാനും പരിശുദ്ധ നാമമുള്ളവനുമായവൻ വലിയ കാര്യങ്ങൾ എങ്കൽ പ്രവർത്തിച്ചിരിക്കുന്നു. അവന്റെ കരുണ അവനെ ഭയപ്പെടുന്നവരുടെ മേൽ തലമുറകളായും വംശങ്ങളായും ഉണ്ടാകുന്നു.



അവൻ തന്റെ ഭുജംകൊണ്ടു ജയമുണ്ടാക്കി. തങ്ങളുടെ ഹൃദയവിചാരത്തിൽ അഹങ്കാരികളായവരെ ചിന്നിച്ചു. അവൻ ബലവാന്മാരെ സിംഹാസനങ്ങളിൽനിന്നു മറിച്ചിടുകയും താഴ്മയുള്ളവരെ ഉയർത്തുകയും ചെയ്തു.

അവൻ വിശപ്പുള്ളവരെ നന്മകൾകൊണ്ട് സമ്പൂർണ്ണന്മാരാക്കുകയും സമ്പന്നന്മാരെ വ്യർത്ഥരായി അയയ്ക്കുകയും ചെയ്തു. അവൻ തന്റെ ദാസനായ ഇസ്രായേലിനെ സഹായിക്കുകയും നമ്മുടെ പിതാക്കന്മാരോടു സംസാരിച്ച പ്രകാരം അബ്രഹാമിനോടും അവന്റെ സന്തതിയോടും എന്നേക്കും തന്റെ കരുണയെ ഓർക്കുകയും ചെയ്തു.

ബാറെക്മോർ. ശുബഹോ...മെനഓലം..

### മവുർബൊ ഏഴാം രാഗം

ലഹന ദേസീലെദ് ഗലിയോയിസ്
(പരിണയ മന്യെ കന്യകയി...)

ദൈവത്തിൻ പുത്രനു ജന്മം-നൽകി
യൊരമ്മയെ വാഴ്ത്താൻ വന്നിടുവിൻ
തൻ പ്രവചനമതുപോലവളെ-കീർത്തി
ക്കേണം തൽസുതനെ നാമെല്ലായ്പ്പോഴും
വിശ്രമമെന്യെ സ്തുതി ചെയ്താരാധിക്കേണം.

ദൈവഹിതം പാലിച്ചോരാം സത്ത-
മരെഏൽപ്പോനെ വാഴ്ത്താൻ വന്നിടുവിൻ
അരികൾക്കെതിരെ തിരുസഭയുടെ-കോട്ട
കളാമവർ; തൻ നാഥനെ നിത്യം
വിശ്രമമെന്യെ സ്തുതി ചെയ്താരാധിക്കേണം.

നമ്മുടെ ദൈവത്തിനു പാടിൻ; തൻപീ
ഠത്തിൽ വാഴ്ത്തി വണങ്ങാൻ വന്നിടുവിൻ
നമ്മെ മനഞ്ഞോനവനല്ലോ-സന്തോഷ

ത്തോടാർപ്പിടുവിൻ-തിരുനാമത്തെ
വിശ്രമമന്യെ സ്തുതിചെയ്താരാധിക്കേണം.
ബാറെക്മോർ-ശുബഹോ.....മെനഓലം....

വാങ്ങിപ്പോയോർക്കുത്ഥാനം-നൽകീ
ടുന്നോനെ വാഴ്ത്താൻ വന്നിടുവിൻ
തൻ മരണത്താൽ മരണത്തെ-നിഹ
നിച്ചോനെയധുനാ നാമെല്ലായപ്പോഴും
വിശ്രമമെന്യെ സ്തുതി ചെയ്താരാധിക്കേണം.

**അല്ലെങ്കിൽ**

**മാവുർബോ-എട്ടാംരാഗം**

(വിശ്വാസികൾ നമ്മെ രക്ഷിപ്പാൻ)

1. ആദാമ്യർക്കെല്ലാം-മാതാവാം
ഹവ്വാചെയ്തോ-രപരാധം
രണ്ടാം ഹാവായാം മറിയാം
നീക്കി; തിരുഹിതമാർന്നതിനാൽ
മാതാതൻ-പ്രവചനവാക്യം പോലെയിതാ
ഭാഗ്യങ്ങൾക്കർഹതയെ-ന്നാർത്തിടുന്നെങ്ങൾ

2. സഭയുടെ തൂണുകളാം ശ്ലീഹന്മാർ
സുസ്ഥിര കോട്ടകളാംസഹദേന്മാർ
സിദ്ധർ വന്ദകരൊക്കയുമേ
പ്രാർത്ഥിക്കുന്നനിശം നാഥാ!
അവരുടെയാ-പ്രാർത്ഥനയാചനയെന്നിവയാൽ
നാഥാ നിൻ തിരുസഭയിൽ-ശാന്തി പുലർത്തണമെ.

3. ഭാസുരനാം ദീ-വന്നാസ്യോസ്
ദിവ്യനിയോഗം പ്രാപിച്ചു
ദുഷ്ക്കാലത്തിൽ തിരുസഭയെ
സൂക്ഷ്മതയോടെ നയിച്ചീടാൻ



തവനാമം-കീർത്തിക്കുന്നടിയാർ മോദാൽ
വാഴ്‌വിനായ്ത്തീരണമേ-താതൻ തന്നോർമ്മ.

4. എന്നെ വാഴ്‌വിൽ നമ്പുന്നോൻ
മനുജൻ നിദ്രതനെങ്കിലുമേ
നവജീവൻ പ്രാപിച്ചീടും
എന്നരുളിചെയ്തോൻ നാഥാ!
നിൻ ശരണേ-നിദ്രിതതരാം ദാസന്മാരെ
ചേർക്കണമെ വലഭാഗെ-നിൻ വരവിൻ നാളിൽ.
ആമ്മീൻ.

**132-ാം മസുമൂർ**

സഹോദരന്മാർ ഒരുമിച്ചു വസിക്കുന്നത് എത്രയും നന്മയും എത്ര സൗന്ദര്യവുമാകുന്നു.

അത് അഹറോന്റെ തലയിന്മേലും അവന്റെ അങ്കിയുടെ നെഞ്ചിന്മേൽ വീണുകിടക്കുന്ന താടിയായ അവന്റെ താടിയിന്മേലും ഒലിക്കുന്ന തൈലംപോലെയും സെഹിയോൻ മലമേൽ പൊഴിയുന്ന ഹെർമ്മോൻ മഞ്ഞുപോലെയും ആകുന്നു.

എന്തെന്നാൽ അവിടെ കർത്താവ് എന്നേക്കും അനുഗ്രഹത്തെയും ജീവനെയും കല്പിച്ചു. ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു.

ബാറെക്മോർ. ശുബഹോ...മെനഓലം..

**എനിയോനൊ**

ദൈവമാതാവിന് ഓർമ്മയും അവളുടെ പ്രാർത്ഥനയാൽ നമുക്കു സഹായങ്ങളും ഉണ്ടാകട്ടെ.

നീതിമാന്മാർക്ക് ഓർമ്മയും അവരുടെ പ്രാർത്ഥനയാൽ നമുക്ക് സഹായങ്ങളും ഉണ്ടാകട്ടെ.

ദീർഘദർശിമാരുടെയും ശ്ലീഹന്മാരുടെയും സഹദേന്മാരുടെയും പ്രാർത്ഥന നമുക്കു കോട്ടയായിരിക്കട്ടെ.

**കർത്താവേ! നിന്റെ സഹദേന്മാരുടെ തുറമുഖത്തിനും നിന്റെ സ്നേഹിതന്മാരുടെ കൂടാരങ്ങൾക്കും ഞങ്ങളെ യോഗ്യരാക്കണമെ.**

ദയയുള്ളവനും കരുണ നിറഞ്ഞിരിക്കുന്നവനുമായുള്ളോവേ! നിന്റെ ന്യായവിസ്താരദിവസത്തിൽ ഞങ്ങളോടു കരുണ ചെയ്യണമെ.

തന്നെ വിളിക്കുന്ന പാപികളിൽനിന്നു തന്റെ കരുണയെ വിരോധിക്കാത്തവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

ബാറെക്മോർ.

ശുബഹോ...

കർത്താവേ! വിശ്വാസമുള്ള സഭയുടെ മക്കൾക്കു നല്ല ഓർമ്മയുണ്ടാക്കണമെ. മെനഓലം...

നിന്റെ ശ്രേഷ്ഠത ഉദിക്കുന്ന ദിവസത്തിൽ അവർ നിന്റെ വലത്തുഭാഗത്തു നില്ക്കുമാറാകണമെ.

### വേറൊരു എനിയോനൊ

കന്യകയായ ദൈവമാതാവേ! എല്ലാക്കാലത്തും എല്ലാ നേരത്തും നിന്റെ പ്രാർത്ഥന ഞങ്ങൾക്കു കോട്ടയായിരിക്കണമെ.

(കർത്താവേ)! എല്ലാ നാഴികയിലും ഞങ്ങൾക്കായി കെണികളെ വയ്ക്കുന്ന ദുഷ്ടനെ നിന്റെ പരിശുദ്ധന്മാരുടെ പ്രാർത്ഥനയാൽ ഞങ്ങളിൽനിന്നു മായിച്ചുകളയണമെ.

ഞങ്ങളുടെ കർത്താവായ യേശുമിശിഹാ! നിന്റെ സ്ലീബാ ഞങ്ങൾക്കു കോട്ടയായിരിക്കയും അതിനകത്തു



ഞങ്ങൾ മറയ്ക്കപ്പെടുകയും ചെയ്യണമെ.

വചനമായ യേശുതമ്പുരാനേ! ജീവനോടിരിക്കുന്നവരെ നിന്റെ സ്ലീബായാൽ കാത്തുകൊള്ളുകയും മരിച്ചുപോയവരെ നിന്റെ കരുണയാൽ പുണ്യപ്പെടുത്തുകയും ചെയ്യണമെ.

നാം ജീവനോടിരിക്കുന്ന നാളൊക്കെയും എല്ലായ്പോഴും പിതാവിനെയും പുത്രനെയും വിശുദ്ധ റൂഹായെയും സ്തുതിച്ചു വന്ദിച്ചു മഹത്വപ്പെടുത്തണം.

ഏറ്റവും കരുണയുള്ളവനായ ഞങ്ങളുടെ ദൈവമേ! നീ എഴുന്നെള്ളുന്ന നിന്റെ ആ വലിയ ദിവസത്തിൽ നിന്റെ വലത്തുഭാഗത്തു ഞങ്ങളെ നിറുത്തണമെ.

ഈ സമയത്തു നിനക്കു സ്തുതിപാടുവാൻ ഞങ്ങളെ നീ യോഗ്യരാക്കിയിരിക്കകൊണ്ടു നിന്റെ രാജ്യം അനുഭവിപ്പാനും ഞങ്ങളെ യോഗ്യരാക്കണമെ.

**ഞങ്ങളുടെ മരണത്തിന്റെയും ജീവന്റെയും നാഥനായ കർത്താവേ! നിന്റെ കൃപ ഞങ്ങളുടെമേൽ ഉണ്ടായി ഞങ്ങളുടെയും ഞങ്ങളുടെ മരിച്ചുപോയവരുടെയും ആത്മാക്കളിന്മേൽ കരുണ ചെയ്യണമെ. കർത്താവേ! കൃപ ചെയ്ത് സഹായിക്കേണമെ.**

### 148-ാം മസുമൂർ

**ഉറങ്ങിയവരേ! നിങ്ങൾ ഉണർന്നെഴുന്നേറ്റുസ്തുതിപ്പിൻ.**

ആകാശത്തിൽനിന്നു കർത്താവിനെ സ്തുതിപ്പിൻ. ഉന്നതങ്ങളിൽ അവനെ സ്തുതിപ്പിൻ.

അവന്റെ സകല ദൂതന്മാരുമേ! അവനെ സ്തുതിപ്പിൻ. അവന്റെ സകല സൈന്യങ്ങളുമേ! അവനെ സ്തുതിപ്പിൻ.

ആദിത്യചന്ദ്രന്മാരേ! അവനെ സ്തുതിപ്പിൻ. പ്രകാശ

മുള്ള സകല നക്ഷത്രങ്ങളുമേ! അവനെ സ്തുതിപ്പിൻ. ആകാശങ്ങളുടെ ആകാശങ്ങളും ആകാശങ്ങൾക്കു മീതെയുള്ള വെള്ളങ്ങളുമേ! അവനെ സ്തുതിപ്പിൻ. അവ കർത്താവിന്റെ നാമത്തെ സ്തുതിക്കട്ടെ.

എന്തെന്നാൽ, അവൻ പറഞ്ഞു; അവയുണ്ടായി. അവൻ കല്പിച്ചു. അവ സൃഷ്ടിക്കപ്പെട്ടു. അവൻ അവയെ എന്നേക്കുമായി സ്ഥിരപ്പെടുത്തി. അവൻ ഒരു നിയമം നിശ്ചയിച്ചു. അത് അഴിയുന്നതുമല്ല.

ഭൂമിയിൽനിന്നു മഹാസർപ്പങ്ങളും എല്ലാ ആഴങ്ങളും അഗ്നിയും കല്മഴയും ഉറച്ചവെള്ളവും ഹിമവും അവന്റെ വചനപ്രവർത്തിയായ കാറ്റുകളും കൊടുങ്കാറ്റുകളുമേ! കർത്താവിനെ സ്തുതിപ്പിൻ.

പർവ്വതങ്ങളും സകല കുന്നുകളും ഫലവൃക്ഷങ്ങളും സകല കാരകിലുകളും മൃഗങ്ങളും സകല കന്നുകാലികളും ഇഴജന്തുക്കളും പക്ഷികളും പറവകളുമേ! കർത്താവിനെ സ്തുതിപ്പിൻ.

ഭൂമിയിലെ രാജാക്കന്മാരും സകല ജാതികളും ഭൂമിയിലെ പ്രഭുക്കന്മാരും സകല ന്യായാധിപതിമാരും ശിശുക്കളും കന്യകമാരും വൃദ്ധന്മാരും യൗവ്വനക്കാരും കർത്താവിനെ സ്തുതിക്കട്ടെ.

എന്തെന്നാൽ, അവന്റെ നാമം മാത്രം വലിയതാകുന്നു. അവന്റെ മഹത്വം ഭൂമിയിലും ആകാശത്തിലുമുണ്ട്. അവൻ തന്റെ ജനത്തിന്റെ കൊമ്പും തന്റെ സകല നീതിമാന്മാർക്കും തനിക്കടുത്ത ജനമായ ഇസ്രായേൽ മക്കൾക്കും മഹത്വവും ഉയർത്തുന്നു.



### 149-ാം മസുമൂർ

കർത്താവിന് ഒരു പുതിയ പാട്ടും നീതിമാന്മാരുടെ സഭയിൽ അവന്റെ സ്തുതിയും പാടുവിൻ. ഇസ്രായേൽ തന്റെ സ്രഷ്ടാവിൽ സന്തോഷിക്കയും സെഹിയോന്റെ പുത്രന്മാർ തങ്ങളുടെ രാജാവിൽ ആനന്ദിക്കയും ചെയ്യട്ടെ.

അവർ തപ്പുകളാലും ചതുരത്തപ്പുകളാലും അവന്റെ നാമത്തെ സ്തുതിക്കയും വീണകളാൽ അവനു പാടുകയും ചെയ്യട്ടെ. എന്തെന്നാൽ, കർത്താവ് തന്റെ ജനത്തിൽ ഇഷ്ടപ്പെടുന്നു. അവൻ ദരിദ്രർക്കു രക്ഷ കൊടുക്കുകയും ചെയ്യുന്നു.

നീതിമാന്മാർ ബഹുമാനത്തിൽ ബലപ്പെടും. അവർ തങ്ങളുടെ കട്ടിലുകളിന്മേൽ അവനെ സ്തുതിക്കുകയും തങ്ങളുടെ കണ്ഠങ്ങൾകൊണ്ടു ദൈവത്തെ പുകഴ്ത്തുകയും ചെയ്യും.

പുറജാതികൾക്കു പ്രതിക്രിയയും ജനത്തിനു ശാസനയും കൊടുപ്പാനും അവരുടെ രാജാക്കന്മാരെ ആലാത്തുകൾ കൊണ്ടും അവരുടെ മാന്യന്മാരെ ഇരുമ്പു ചങ്ങലകൾകൊണ്ടും ബന്ധിപ്പാനും എഴുതപ്പെട്ടിരിക്കുന്ന ന്യായവിധി അവരുടെമേൽ നടത്തുവാനും അവന്റെ സകല നീതിമാന്മാർക്കും മഹത്വം ഉണ്ടാക്കുവാനും അവരുടെ കൈകളിൽ ഇരുമുനവാൾ ഉണ്ട്.

### 150-ാം മസുമൂർ

കർത്താവിനെ അവന്റെ ശുദ്ധസ്ഥലത്ത് സ്തുതിപ്പിൻ. അവന്റെ ശക്തിയുടെ ആകാശത്തട്ടിൽ അവനെ സ്തുതിപ്പിൻ.

അവന്റെ വല്ലഭത്വത്തിൽ അവനെ സ്തുതിപ്പിൻ,

അവന്റെ ശ്രേഷ്ഠതയുടെ ബഹുത്വത്തിൽ അവനെ സ്തുതിപ്പിൻ. കൊമ്പിന്റെ ശബ്ദത്താൽ അവനെ സ്തുതിപ്പിൻ. തംബുരുകളാലും വീണകളാലും അവനെ സ്തുതിപ്പിൻ.

തപ്പുകളാലും ചതുരത്തപ്പുകളാലും അവനെ സ്തുതിപ്പിൻ. മാധുര്യമുള്ള കമ്പികളാൽ അവനെ സ്തുതിപ്പിൻ. നാദമുള്ള കൈത്താളങ്ങളാൽ അവനെ സ്തുതിപ്പിൻ. ശബ്ദത്താലും ആർപ്പുവിളിയാലും അവനെ സ്തുതിപ്പിൻ. എല്ലാ ശ്വാസവും കർത്താവിനെ സ്തുതിക്കട്ടെ.

സകല ജാതികളുമേ! കർത്താവിനെ സ്തുതിപ്പിൻ. സകല ജനങ്ങളുമേ! അവനെ സ്തുതിപ്പിൻ. എന്തെന്നാൽ, അവന്റെ കൃപ നമ്മുടെമേൽ ബലപ്പെട്ടിരിക്കുന്നു. അവൻ സത്യമായിട്ട് എന്നേക്കും കർത്താവാകുന്നു. ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു.

ബാറെക്മോർ.

ത്രിത്വത്തിനു സ്തുതി. ത്രിത്വത്തിനു സ്തുതി. സ്തുതിക്കപ്പെട്ടതും ഉണ്മയായതും ആദിയുമന്തവുമില്ലാത്തതുമായ ത്രിത്വത്തെ ഞങ്ങൾ സ്തുതിക്കുന്നു. ദൈവമേ! എല്ലാനേരത്തും സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.



## ധൂപപ്രാർത്ഥനകൾ

### 1. ദൈവമാതാവ്

### കുക്കിലിയോൻ

നിന്നാൾ സ്തുതിയൊടു രാജമകൾ ഹാ-ഉ-ഹാ-
നിൻവലമായ് രാജഭാമിനിയും.
നിന്നഴകരചൻ മോഹിപ്പാൻ ഹാ-ഉ-ഹാ-
നിൻജനമോർക്കായ്ക പിതൃഗൃഹവും ബാറെക്മോർ.
ശുബഹോ... മെനഓലം...

**എക്ബൊ** (മാർ അപ്രേം)

ഭക്തർ പുകഴ്ചാ ഭാജനമേ!
നിന്നിലുദിച്ചോരേക സുതൻ
തൃക്കരൾ ഞങ്ങളിലലിവാൻ തൻ
പക്കലപേക്ഷയണയ്ക്കേണം
സ്തൗമൻകാലോസ് കുറിയേലായിസോൻ

**കോലോകൾ** (ല്മറിയം യൊൽദാസ്)

ദൈവത്തിൻ മാതാമറിയാമ്മിന്നും നിബിയ
ന്മാർക്കും ശ്ലീഹന്മാർക്കും നൽ സഹദേന്മാർക്കും
സഭയിൻ മക്കൾക്കൊക്കെയ്ക്കും കാലം തോറും
എന്നേയ്ക്കും നല്ലോരോർമ്മയതുണ്ടാകട്ടെ.
ബാറെക്മോർ. ശുബഹോ.....

തിരുവുള്ളത്താൽ കന്യകയാം മറിയാമിന്നുൾ
ജാതനതായ് ജാതിക്കാരേ വഴിനേരാക്കി.
രക്ഷിച്ചവൾ തന്നോർമ്മയ്ക്കൗന്നത്യം ചേർത്ത
സുതനായ് സ്തോത്രം, പ്രാർത്ഥിക്കട്ടവൾ ഞങ്ങൾക്കായ്.

### 2. പരിശുദ്ധന്മാർ
### കുക്കിലിയോൻ

നയവാൻ പനപോലെ തളിർത്തിടുമേ-ഹാലേലുയ്യാ
വളരുമവൻ ലബനോൻ കാരകിൽപോൽ,
വൃദ്ധതയിലുമവർ തളിരിട്ടു തഴച്ചിടുമേ-ഹാലേലുയ്യാ
വർദ്ധിക്കുമവർക്കു തുഷ്ടിപുഷ്ടികളും-ബാറെക്മോർ.
ശുബഹോ... മെനഓലം...

### എക്ബൊ (മാർ അപ്രേം)

ഒരുപോലിങ്ങും മാർ ദീവന്നാസ്യോസ്
ഉണ്ടേ മേലും നിന്നോർമ്മ
ഉതകണമെ നിൻ പ്രാർത്ഥന നി-
ന്നോർമ്മയെ ബഹുമാനിച്ചോർക്കായ്
സ്തൗമെൻകാലോസ് കുറിയേ...

### കോലോകൾ (ല്മറിയം യൊൽദാസ്)

പ്രാർത്ഥനയിൻ സമയമിതല്ലോ മാർ ദീവന്നാസ്യോസ്
പതിവിൻപടി നിൻ കൂട്ടത്തലയായ്[1] പ്രാർത്ഥിക്ക
ഇമ്പമെഴും നിൻപാട്ടിൽ ശ്രദ്ധിച്ചീടും നി-
ന്നാടുകളെ മൂശേപ്പോൽ തൃക്കൈവാഴ്ത്തേണം.
ബാറെക്മോർ.....ശുബഹൊ...

നിന്നെ വരിച്ചോരു താതനും മാർ ദീവന്നാസ്യോസ്
നിന്നോർമ്മയെ ബഹുമാനിച്ച സുതനും സ്തോത്രം
നിന്നെ മൂടിചൂടീടുന്ന റൂഹാ വന്ദ്യൻ
നിൻ പ്രാർത്ഥന കൃപയേറ്റട്ടെ ഞങ്ങൾക്കെന്നും

1. കൂട്ടത്തലയായ് = സംഘനേതാവായി.



### 3. പരേതർ
### കുക്കിലിയോൻ

മക്കളിലപ്പൻ കൃപ ചെയ്‌വതുപോലെ-ഹാ-
ഭക്തന്മാരിൽ ദൈവം കൃപചെയ്യും
പുല്ലിനു തുല്യം നരനുടെ നാൾകളഹൊ-ഹാ
പൂക്കുന്നിതു വയലിൽ പൂച്ചെടിപോലെ.
ബാറെക്മോർ.
ശുബഹൊ...മെനഓലം...

### എക്ബൊ

ശരണത്താലേ നിൻകൃപയിൽ
മരണമടഞ്ഞൊരു ദാസരെ നിൻ
ജീവസ്വരമതുണർത്തണമെ
കബറീന്നുദ്യാന'ത്തിന്നായ്
സ്തൗമൻകാലോസ് കുറിയേലായിസോൻ

### കോലോകൾ (ല്മറിയം യൊൽദാസ്)

രക്ഷകനേ നിൻ ഗാത്രത്തെ ഭക്ഷിച്ചും നിൻ
വിലയേറും രക്തക്കാസാ പാനം ചെയ്തും
മൃതരായോരെ നാശം നീക്കി ജീവിപ്പി-
ച്ചണിയേണം നിന്നെ നോക്കുന്നവരിൽ കാന്തി!
ബാറെക്മോർ
ശുബഹൊ...

മൃതരേ ജീവിപ്പിപ്പാനെഴുന്നെള്ളും രാജാ-
മുകിലഴകിൻ[2] മേലാഘോഷിതനായീടുന്നു.
നയവാന്മാർ തൻ മുൻ കൊമ്പിൻ നാദംകേട്ടി-
ട്ടങ്കിയണിഞ്ഞെതിരേല്പാനായ് പോയീടുന്നു.
മൊറിയോ റാഹേം...

2. ഉദ്യാനം = തോട്ടം 2. മുകിലഴക് = മേഘഭംഗി

## മാർ അപ്രേമിന്റെ പൊതുവായ ബോവൂസ

1. കർത്താവേ കൃപ ചെയ്യണമേ
മാതൃവിശുദ്ധ പ്രാർത്ഥനയാൽ
2. മറിയാമിന്നായ് ശ്ലോമ്മോവ-
ന്നറിയിച്ചോരാ മാലാഖ
ദൈവം യോജിപ്പായെന്നായ്
വന്നറിവിങ്ങേകീടേണം.
3. പനിനീർ ഹാനനിയാദ്യർ[1] മേൽ
വീഴ്ത്തിയൊരാ മാലാഖാ തൻ
മൃതർ തന്നസ്ഥിക്കൂട്ടത്തിൽ
കൃപയാം നീർ വീഴ്ത്തീടേണം.
4. കർത്താവേ കൃപ ചെയ്യണമേ
മാതൃവിശുദ്ധാഭ്യർത്ഥനയാൽ
പുണ്യം ഞങ്ങൾക്കും വാങ്ങി-
പ്പോയോർക്കും നൽകീടേണം.

### മാലാഖമാരുടെ സ്തുതിപ്പ്

അത്യുന്നതങ്ങളിൽ സ്വർഗ്ഗീയ മാലാഖമാർ സ്തുതിക്കുന്നതുപോലെ ബലഹീനരും മണ്മയരുമായ ഞങ്ങളും സ്തുതിച്ചു പറയുന്നു.

കാലമൊക്കെയിലും നേരമൊക്കെയിലും, ഉയരങ്ങളിൽ ദൈവത്തിനു സ്തുതിയും ഭൂമിയിൽ സമാധാനവും നിരപ്പും മനുഷ്യമക്കൾക്കു നല്ല ശരണവും ഉണ്ടായിരിക്കട്ടെ.

ഞങ്ങൾ നിന്നെ സ്തുതിക്കുകയും വാഴ്ത്തുകയും വന്ദിക്കുകയും ചെയ്യുന്നു. സ്തുതിയുടെ ശബ്ദം നിനക്കു ഞങ്ങൾ കരേറ്റുന്നു.

1. ആദ്യർ = ആദിയായവർ



സർവ്വശക്തിയുള്ള പിതാവും സ്വർഗ്ഗീയരാജാവും സ്രഷ്ടാവും ആകുന്ന ദൈവമായ കർത്താവും യേശുമിശിഹായാകുന്ന ഏകപുത്രനായ ദൈവമായ കർത്താവും പരിശുദ്ധറൂഹായുമാകുന്ന നിന്നെ നിന്റെ സ്തുതിയുടെ വലിപ്പം നിമിത്തം നിന്നെയും ഞങ്ങൾ സ്തോത്രം ചെയ്യുന്നു.

പിതാവിന്റെ പുത്രനും വചനവും ലോകത്തിന്റെ പാപത്തെ വഹിക്കുന്നവനും വഹിച്ചവനുമായ ദൈവത്തിന്റെ കുഞ്ഞാടായ കർത്താവേ! ഞങ്ങളോടു കരുണ ചെയ്യണമെ.

ലോകത്തിന്റെ പാപത്തെ വഹിക്കുന്നവനും വഹിച്ചവനുമായുള്ളോവേ! നിന്റെ ചെവി ചായിച്ചു ഞങ്ങളുടെ അപേക്ഷ കൈക്കൊള്ളണമെ.

പിതാവിന്റെ വലത്തുഭാഗത്തു മഹത്വത്തോടെ ഇരിക്കുന്നവനേ! ദയ തോന്നി ഞങ്ങളോടു കരുണ ചെയ്യണമെ.

എന്തെന്നാൽ, നീ മാത്രം പരിശുദ്ധനാകുന്നു. പിതാവാം ദൈവത്തിന്റെ മഹത്വത്തിന് വിശുദ്ധ റൂഹായോടുകൂടെ യേശുമിശിഹായായ നീ മാത്രം കർത്താവുമാകുന്നു.

ആമ്മീൻ

എല്ലാക്കാലവും ഞങ്ങൾ ജീവനോടിരിക്കുന്ന ദിവസങ്ങളൊക്കെയും നിന്നെ വാഴ്ത്തുകയും എന്നേക്കും വാഴ്ത്തപ്പെട്ടതും നിത്യതമുള്ളതുമായ നിന്റെ പരിശുദ്ധ തിരുനാമത്തെ സ്തുതിക്കുകയും ചെയ്യും.

ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ സർവ്വശക്തിയുള്ള കർത്താവേ! നീ വാഴ്ത്തപ്പെട്ടവനാകുന്നു. നിന്റെ തിരുനാമം സ്തുതിക്കപ്പെട്ടതും എന്നേക്കും സ്തുതികളാൽ പ്രബലപ്പെട്ടതുമാകുന്നു.

സ്തുതി നിനക്കു യോഗ്യമാകുന്നു. മഹത്വം നിനക്കു യുക്തമാകുന്നു. സകലത്തിന്റെയും ദൈവവും സത്യത്തിന്റെ പിതാവും ആയവനേ! നിനക്കും ഏകപുത്രനും ജീവനുള്ള വിശുദ്ധ റൂഹായ്ക്കും എപ്പോഴും എല്ലാ സമയത്തും എന്നേയ്ക്കും പുകഴ്ച ചേർച്ചയാകുന്നു.

ആമ്മീൻ

ഞങ്ങളുടെ കർത്താവായ യേശുമിശിഹാ! നിന്റെ കരുണയുടെ വാതിൽ ഞങ്ങളുടെ മുഖങ്ങളിൽ നീ അടയ്ക്കരുതേ. കർത്താവേ!ഞങ്ങൾ പാപികളാകുന്നു എന്നു ഞങ്ങൾ ഏറ്റുപറയുന്നു. ഞങ്ങളോടു കരുണയുണ്ടാകണമെ.

കർത്താവേ! നിന്റെ മരണത്താൽ ഞങ്ങളുടെ മരണം മാഞ്ഞുപോകുവാനായിട്ട് നിന്റെ സ്നേഹം നിന്റെ സ്ഥാനത്തുനിന്നു ഞങ്ങളുടെ പക്കൽ നിന്നെ ഇറക്കി. ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യണമെ.

(ഒരു കൗമാ)



## പ്രഭാത നമസ്കാരം

### ഒരു കൗമാ

### സ്ലൂസോ

ശുബഹോ......

ബലഹീനരും പാപികളുമായ..........

ദൈവമായ കർത്താവേ! പ്രഭാതം മുതൽ സന്ധ്യവരെ, നിന്റെ സഭയാകുന്ന തോട്ടത്തിൽ അത്യുത്സാഹത്തോടെ അദ്ധ്വാനിക്കുകയും തിരുസഭയ്ക്കുവേണ്ടി പീഡകളും ക്ലേശങ്ങളും സന്തോഷപൂർവ്വം കൈക്കൊള്ളുകയും, ആയുസ്സുമുഴുവൻ പൂർണ്ണശക്തിയോടും, പൂർണ്ണആത്മാവോടും, പൂർണ്ണ മനസ്സോടും നിന്നെ സ്നേഹിക്കുകയും സേവിക്കുകയും, വിശുദ്ധ സഭയെ അതിന്റെ സ്വകീയമായ സ്വാതന്ത്ര്യത്തിന്റെ ശീതളച്ഛായയിലേയ്ക്ക് വഴിനടത്തുകയും ചെയ്ത സഭാഭാസുരൻ വി. ഗീവറുഗീസ് മാർ ദീവന്നാസ്യോസിന്റെ പെരുനാളിനെ ആഘോഷിക്കുവാൻ ഞങ്ങളെ യോഗ്യരാക്കേണമെ, നിർമ്മല ജീവിത്താലും സുകൃതങ്ങളാലും അവൻ നിന്നെ പ്രസാദിപ്പിക്കുകയും, നിന്റെ നിയോഗപ്രകാരം വിശുദ്ധപദം പ്രാപിക്കുകയും ചെയ്തിരിക്കുന്നു. ഈ വിശുദ്ധന്റെ ഓർമ്മയിൽ സഭ അഭിമാനം കൊള്ളകുകയും നിനക്കും നിന്റെ പിതാവിനും, നിന്റെ പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റുകയും ചെയ്യുന്നു. ഹോശോ....

**51-ാം മസുമൂർ**

ദൈവമേ! നിന്റെ കൃപയിൻപ്രകാരം...... (പേജ് 8)

**എമോദ് കീസോ**

(ഒലിവീന്തൽ ...................................................... രീതി)

ആടുകളെ-പ്രതിസ്വയമേ ബലിയാവാൻ
സ്വർഗ്ഗതലംവി-ട്ടെത്തിയ നല്ലിടയാ-
ദേവാ ! ദയചെയ്തീടണമേ

തോമ്മാശ്ലീ- ഹായാൽ ഭാരതഭൂവിൽ
സുവിശേഷ - ത്തിൻ ദീപം തെളിയിച്ചോൻ - ദേവാ

സഭയുടെ സാ- രഥിയായ് നാഥൻ പേർക്കായ്
ദീവന്നാ-സ്യോസ് ക്ലേശങ്ങളെയേറ്റു - ദേവാ! ..........

നിർമ്മല വി -ശ്വാസത്തിൻ രക്ഷകനായ്
ഭാരതസ -ഭയിൽ ഭാസുരനായ് താതൻ ദേവാ! !..........

അരികളുതിർ-ത്തൊരു കൂരമ്പുകളെല്ലാം
താളടിയാക്കി ജയമകുടം ചൂടി - ദേവാ !..........

പുണ്യപിതാ - വാം ഗ്രീഗോറിയോസിൻ
വത്സലശി - ഷ്യൻ ദീവന്നാസ്യോസിനെ
സഭയിന്നാദരവോടേല്പൂ

ബാറെക്മോർ - ശുബഹോ - മെനഓലം....

മാർ ദീവ - ന്നാസ്യോസ് തന്നർത്ഥനയാൽ
സഭയിൽ - ക്ഷേമം ശാന്തിയുമമരട്ടെ - ദേവാ !..........
കുറിയേലായിസ്സോൻ

**63-ാം മസുമൂർ**

എന്റെ ദൈവമേ! നീ എന്റെ ദൈവമാകുന്നു. ഞാൻ നിനക്കായിട്ടു കാത്തിരിക്കും.



ദാഹിച്ചും വരണ്ടും വെള്ളത്തിനായി ആഗ്രഹിച്ചിരിക്കുന്ന ഭൂമിയെപ്പോലെ എന്റെ ആത്മാവ് നിന്നെക്കുറിച്ച് ദാഹിച്ചിരിക്കുന്നു. എന്റെ ജഡവും നിനക്കായി കാത്തിരിക്കുന്നു.

നിന്റെ ബലവും നിന്റെ ബഹുമാനവും കാണ്മാൻ ഇപ്രകാരം സത്യമായിട്ടു ഞാൻ നിന്നെ നോക്കി.

എന്തെന്നാൽ, നിന്റെ കരുണ ജീവനേക്കാൾ നല്ലതാകുന്നു. എന്റെ അധരങ്ങൾ നിന്നെ സ്തുതിക്കും.

ഞാൻ ജീവനോടിരിക്കുമ്പോൾ ഇപ്രകാരം ഞാൻ നിന്നെ വാഴ്ത്തുകയും നിന്റെ നാമത്തിൽ ഞാൻ എന്റെ കൈകൾ ഉയർത്തുകയും ചെയ്യും.

എന്റെ ആത്മാവ് കൊഴുപ്പും മേദസ്സും കൊണ്ടെന്നപോലെ പുഷ്ടിയാകും. എന്റെ വായ് സ്തുതിയുള്ള അധരങ്ങൾകൊണ്ട് നിന്നെ സ്തുതിക്കുകയും ചെയ്യും.

എന്റെ കിടക്കമേൽ ഞാൻ നിന്നെ ഓർത്തു. രാത്രികാലങ്ങളിൽ ഞാൻ നിന്നെ ധ്യാനിക്കുകയും ചെയ്തു.

എന്തെന്നാൽ, നീ എനിക്കു സഹായക്കാരനായിത്തീർന്നു. നിന്റെ ചിറകുകളുടെ നിഴലിൽ ഞാൻ മറയ്ക്കപ്പെടും.

എന്റെ ആത്മാവു നിന്നെ പിന്തുടർന്നു. നിന്റെ വലത്തുകൈ എന്നെ താങ്ങുകയും ചെയ്തു.

അവർ എന്റെ ആത്മാവിനെ നശിപ്പിപ്പാൻ അന്വേഷിച്ചു. അവർ ഭൂമിയുടെ ആഴങ്ങളിലേക്കു പ്രവേശിക്കും.

അവർ വാളിന് ഏല്പിക്കപ്പെടുകയും കുറുനരികൾക്കു ഭക്ഷണമായിത്തീരുകയും ചെയ്യും. രാജാവ് ദൈവത്തിൽ സന്തോഷിക്കും.

അവനെക്കൊണ്ട് ആണയിടുന്ന ഏവനും പുകഴ്ചയുണ്ടാകും. എന്തെന്നാൽ അസത്യം പറയുന്നവരുടെ വായ് അടയ്ക്കപ്പെടും. ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു.
ബാറെക്മോർ.

**എനിയോനോ**

(എന്റെ നാഥാ നിൻ കൃപ നിന്നെ ............................ രീതി)

ദീവന്നാസ്യോസ് ! നിൻ സ്മരണ
വാഴ്വതിനായിത്തീരണമെ
നിൻ നാമം കീർത്തിക്കുന്നോ -
ർക്കരുളട്ടെ നാഥൻ, ശാന്തി

ക്ലേശങ്ങൾ, പീഢകളെല്ലാം
കർത്തൻ പേർക്കായേറ്റതിനാൽ
കണ്ടാലും ഭൂവാനങ്ങൾ
നിന്നോർമ്മയതിൽ പുകഴുന്നു.

മാർത്തോമ്മയുടെ തിരുനാമം
പേറും ഭാരത സഭതന്നിൽ
പുണ്യത്തിൻ നിറദീപം നീ
ധീര മഹാശയനാം യോഗീ !

ക്ലേശങ്ങൾ, വൈരം, ദോഷം
എന്നിവയേതും കൂസാതെ
സഹനത്തിൻ പീഠം കയറി
വീരകിരീടം പ്രാപിച്ചാൻ

സഭയുടെ സ്വാതന്ത്ര്യം ഹൃത്തിൽ
മദ്ധ്വനി പോൽ ലാളിച്ചാൻ
ദൈവികമാമധികാരത്താൽ
പാഷണ്ഡതയെ തോല്പിച്ചാൻ



നിശയിൽ ശാന്തത വിരിയുമ്പോൾ
മുട്ടിന്മേൽ നിന്നിത്താതൻ
നെടുവീർപ്പോടങ്ങർത്ഥിച്ചു
"തിരു സഭയെ കാക്കുക നാഥാ"

മെഴുതിരിപോൽ കത്തിയെരിഞ്ഞു
ദീവന്നാസ്യോസാം ദീപം
മലയാം കരയുടെ തീരങ്ങൾ
അപ്രഭയിൽ പുളകിതമായി

കണ്ടാലും സഭയുടെ മക്കൾ
സ്നേഹത്തോടേല്പു നിന്നെ
നിൻ പെരുനാൾ കൊണ്ടാടുന്നോർ
കാരുണ്യം പ്രാപിക്കട്ടെ!
കുറിയേലായിസ്സോൻ

**148-ാം മസുമൂർ**

ആകാശങ്ങൾ ദൈവത്തിന്റെ മഹത്വത്തെ അറിയിക്കുന്നു. ആകാശത്തട്ട് അവന്റെ കൈവേലയെ കാണിക്കുന്നു; പകൽ പകലിനു വാക്കിനെ ഉച്ചരിക്കുന്നു, രാത്രി രാത്രിയ്ക്ക് അറിവിനെ അറിയിക്കുകയും ചെയ്യുന്നു.

അവയുടെ ശബ്ദം കേൾക്കപ്പെടാത്ത ഭാഷയുമില്ല, വാക്കുകളുമില്ല. ഭൂമിയിൽ എല്ലായിടവും അവയുടെ അറിയിപ്പും ഭൂലോകത്തിന്റെ അതിർത്തികളോളം അവയുടെ വചനങ്ങളും പുറപ്പെട്ടിരിക്കുന്നു.

അവൻ അവയിൽ സൂര്യന്റെമേൽ അവന്റെ കൂടാരം അടിച്ചു; അതു തന്റെ മണവറയിൽനിന്നു പുറപ്പെടുന്ന മണവാളൻ എന്നപോലെ ആകുന്നു. പരാക്രമമുള്ളവൻ എന്നപോലെ തന്റെ വഴി ഓടുവാൻ സന്തോഷിക്കും.

ആകാശത്തിന്റെ അറ്റങ്ങളിൽനിന്ന് അതിന്റെ പുറപ്പാടും, അതിന്റെ അറുതികളിന്മേൽ അതിന്റെ താങ്ങലും

ആകുന്നു. അതിന്റെ ആവിയിൽനിന്നു മറവായിരിക്കുന്നതു ഒന്നമില്ല.

കർത്താവിന്റെ വേദപ്രമാണം കറയില്ലാത്തതും, ആത്മാവിനെ തിരിക്കുന്നതും ആകുന്നു. കർത്താവിന്റെ സാക്ഷി വിശ്വാസ യോഗ്യവും ശിശുക്കളെ ജ്ഞാനമുള്ള വരാക്കുന്നതും ആകുന്നു. കർത്താവിന്റെ പ്രമാണങ്ങൾ ചൊവ്വുള്ളതും, ഹൃദയത്തെ സന്തോഷിപ്പിക്കുന്നതും ആകുന്നു. കർത്താവിന്റെ കൽപന തിരഞ്ഞെടുക്കപ്പെട്ട തും, കണ്ണുകളെ പ്രകാശിപ്പിക്കുന്നതും ആകുന്നു.

കർത്താവിനെക്കുറിച്ചുള്ള ഭയം വെടിപ്പുള്ളതും, എന്നേയ്ക്കും നിലനിൽക്കുന്നതും ആകുന്നു. കർത്താവിന്റെ ന്യായവിധികൾ സത്യമായിട്ടുള്ളവയും, സകലത്തിലും നീതിയായിട്ടുള്ളവയും ആകുന്നു. അവ സ്വർണ്ണത്തേക്കാളും നല്ല രത്നത്തേക്കാളും ആഗ്രഹിക്കത്തക്കവയും, തേനിനേക്കാളും തേൻക്കട്ടയേക്കാളും മാധുര്യമുള്ളവയും ആകുന്നു.

അത്രയുമല്ല തന്റെ ദാസൻ അവയാൽ സൂക്ഷിക്കപ്പെടും. അവൻ അവയെ ആചരിച്ചാൽ വളരെ പ്രതിഫലം കിട്ടും. പിഴകളെ തിരിച്ചറിയുന്നവൻ ആര്? രഹസ്യകാര്യങ്ങളിൽ എന്നെ കുറ്റമില്ലാത്തവനാക്കിത്തീർക്കേണമേ.

ദുഷ്ടന്മാർ എന്നിൽ അധികാരപ്പെടാതിരിപ്പാനും പാപങ്ങളിൽനിന്നു ഞാൻ വെടിപ്പുള്ളവനായിരിപ്പാനുമായിട്ട് അന്യായങ്ങളിൽനിന്നു നിന്റെ ദാസനെ തടയണമേ.. എന്റെ സഹായക്കാരനും എന്റെ രക്ഷിതാവുമായ കർത്താവേ! എന്റെ വായിലെ വചനങ്ങൾ നിന്റെ ഇഷ്ട പ്രകാരവും, എന്റെ ഹൃദയത്തിലെ ധ്യാനം നിന്റെ മുമ്പാകെയും ഇരിക്കേണമെ.



ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ

ശുബഹോ......മെനഓലം........

**കോലോ**

**ഏനോനോ നുഹറോ**

ശിഷ്യന്മാരെ നാനാ - ദേശേ
സുവിശേഷം ഘോഷിപ്പാനായ്
നാഥനയയ്ക്കുമ്പോൾ ചൊ-ന്നേവം
ചെന്നായ്ക്കൾ മദ്ധ്യേ നിങ്ങൾ

കുഞ്ഞാടതുപോലായീടും
ഉരഗത്തെപ്പോൽ മതിയുള്ളോർ
പ്രാവെന്നതുപോൽ നിർമ്മലരും

മമശിഷ്യന്മാരാകേണം
എൻ സാക്ഷികളല്ലോ നിങ്ങൾ

ശില്പിയതെന്നതുപോൽ മാർത്തോമ്മാ
കൊട്ടാരം പണിയാനെത്തി
ധരണീശൻ പേർക്കായ് കൊട്ടാരം
പണിതാൻ സുരലോകേ ശ്ലീഹാ

ഭാരതമാം പൂർവ്വംദേശം
സുവിശേഷത്താൽ പ്രോജ്വലമായ്
തൻ സഭയുടെ പോഷണമതിനായ്

സ്വപ്രാണൻ നൽകി ശ്ലീഹാ
തിരുബലിയായ് കർത്തൻ സവിധേ
ബാറെക്മോർ - ശുബഹോ....മെനഓലം..

ഗുരുവരനാം ഗ്രീഗോറിയോസിൻ
കാലടി പിൻ ചെന്നോരിടയൻ
ഉന്നതനാകും ദീവന്നാസ്യോസ്
താതനെ വാഴ്ത്തീടുന്നെങ്ങൾ

അഞ്ചോടിരുപതുവർഷങ്ങൾ
പ്രാണൻ പോൽ സഭയെ കാത്തു
തിന്മയോടടരാടി ധീരൻ

തിരുസഭയെ ഭാസുരമാക്കി
ശുദ്ധപദത്തെ പ്രാപിച്ചു.

കുറിയേലായിസ്സോൻ

**ഏശായ 42:1013; 45:8**

കർത്താവിന് ഒരു പുതിയ പാട്ടും, അവന്റെ സ്തുതിയെ ഭൂമിയുടെ അതിർത്തികളിൽനിന്നും പാടുവിൻ. സമുദ്രത്തിലേയ്ക്ക് ഇറങ്ങിപ്പോകുന്നവരും, അതിലുള്ള സകലവും, ദ്വീപുകളും അവയിൽ കുടിയിരിക്കുന്നവരുമേ! (കർത്താവിനു പാടുവിൻ.)

വനവും അതിലെ ഗ്രാമങ്ങളും സന്തോഷിക്കട്ടെ, കാദോർ മേച്ചിൽ സ്ഥലങ്ങളായിരിക്കട്ടെ. പാറകളിൽ കുടിയിരിക്കുന്നവർ സ്തിതിക്കട്ടെ. അവർ പർവ്വതങ്ങളുടെ മുകളിൽനിന്ന് ആർത്തു കൊള്ളട്ടെ. കർത്താവിന് മഹത്വം കൊടുക്കുകയും, അവന്റെ സ്തുതികളെ ദ്വീപുകളിൽ അറിയിക്കുകയും ചെയ്യട്ടെ.

കർത്താവ് പരാക്രമി എന്ന പോലെ പുറപ്പെടും. അവൻ യോദ്ധാവ് എന്നപോലെ വാശിയെ ജ്വലിപ്പിക്കും. അവൻ ആർത്ത് ബലപ്പെട്ട് തന്റെ ശത്രുക്കളെ സംഹരിക്കും.

ആകാശങ്ങളെ! മേലിൽനിന്ന് ആനന്ദിപ്പിൻ മേഘങ്ങൾ നീതിയെ തളിക്കട്ടെ. ഭൂമി തുറക്കപ്പെടട്ടെ. രക്ഷ വർദ്ധിക്കട്ടെ. നീതി ഒന്നിച്ച് മുളക്കുമാറാകട്ടെ. ഇവയെ സൃഷ്ടിച്ച കർത്താന് ഞാനാകുന്നു. ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ

ശുബഹോ......മെനഓലം.......



എനിയോനോ

യൗമ്മോനോ

എന്നെസ്നേ-ഹിപ്പോനെൻ-കല്പനകാത്തീടും മടിയന്യെ
എന്നെ സേവിപ്പാനെന്നരികിൽ വാസം ചെയ്യും
നിത്യമതെങ്ങ-രുളിയ നാഥാനിൻ-കൃപധന്യം

സ്നേഹത്തെ- പ്രതിജീവൻ-ബലിയായ് നൽകും സ്നേഹമപാരം!

മശിഹായെപ്രതി-ദീവന്നാസ്യോസ്-സഭയുടെ പേർക്കായ്
തന്നായുസ്സിനെ-സ്വീകൃതമാം ബലിയായർപ്പിച്ചു.

യജമാനൻ-കല്യാണത്തിൽ-നിന്നെത്തി വാതിൽ മുട്ടുമ്പോൾ

ജാഗ്രതയോടെ-തുറന്നുകൊടുക്കും ഭൃത്യൻ ധന്യൻ
പന്തിക്കവനെ-വീട്ടുടയോൻ മോദത്തിൽ ചേർക്കും

സഭയാകും-തോട്ടം കാപ്പാൻ വിളികൊണ്ടൊരു മാർദീ-വന്നാസ്യോസ്

ഉണർവ്വോടതിനെ-പരിപാലിച്ചാൻ ഉടയോനെത്തും
നാളിൽ പൂകും-സത്തമരൊപ്പം ശോഭനഗേഹം

നിങ്ങളെയേ-ൽക്കുന്നോനെന്നെനേൽക്കുന്നതിനാലെൻ താതനെയും,

തിരുവചനം പോൽ ദീവന്നാസ്യോസ് താതൻ സ്മരണം
മാനിക്കുന്നീ-യടിയാരിൽ കൃപചെയ്യുക നാഥാ!

ബാറക്മോർ-ശബഹോ - മെനഓലം

ഗുരുവരനേ!-ദീവന്നാസ്യോസ്! ഘോഷിക്കുന്നെങ്ങൾ
നിൽചരിതം
സഭയുടെ പേർക്കായ് പ്രാർത്ഥിക്കണമെ-നിന്നർത്ഥനയാൽ
ദുഷ്കാലങ്ങൾ-നീങ്ങി സമാധാനം പുലരട്ടെ!
കുറിയേലായിസ്സോൻ

**ലൂക്കോസ് 1:46-55**

മറിയാം പറഞ്ഞതെന്തെന്നാൽ... ഇത്യാദി.... പേജ് 60

**എനിയോനോ**

**അൽമോനോ റൊഹമ്മത്**

നാൾതോറും നിങ്ങളോടൊപ്പം
ലോകാന്ത്യം വരെ ഞാനുണ്ടെ
ന്നരുളിചെയ്തോനം നാഥാ
സത്യമതാം നിൻ വാഗ്ദാനം
ഏഴകളാമീ ദാസരിലും
നിറവേറാൻ നീ കനിയേണം

ബാലാർക്കൻ തൻ കനകപ്രഭ
പുലരിയെ ദീപ്തമതാക്കുന്നു
നിശമാഞ്ഞൊളി പാരിടമാകെ
തെളിയുന്നോരീ പുലർകാലെ
അകവെളിവോടെ തിരുനാമം
കീർത്തിപ്പാനേകുക ഭാഗ്യം

നിങ്ങളെ ഞാനുമയയ്ക്കുന്നു
എന്നെ താതനയച്ചതുപോൽ
സ്വർഗ്ഗത്തിൻ രാജ്യം വന്നെ -
ന്നറിയിപ്പിൻ ലോകരെയെല്ലാം
എന്നെ പ്രതി ലോകസുഖങ്ങൾ
വെടിയുന്നോനേൽക്കും സ്വർഗ്ഗം



വൈദേശിക മേല്ക്കോയ്മയതാം
അടിമനുകത്തെ ധ്വംസിച്ച്
യീഹുദായുടെ സിംഹംപോൽ
വൈരിയെ ദൂരെപ്പായിച്ച
ദീവന്നാസ്യോസ് തൽ സ്മരണം
വാഴ്വതിനായിത്തീരട്ടെ!

മലയാം കരയുടെ മാണിക്യം
സ്വാതന്ത്ര്യത്തിൻ മണിദീപം
നിർമ്മലമാം വിശ്വാസത്തെ
കാത്തൊരു ധീരമഹായോഗി
ഭാസുരനാം ദീവന്നാസ്യോസ്!
ശ്വാശതമല്ലോ നിന്നോർമ്മ
കുറിയേലായിസ്സോൻ

**മത്തായി 5:3-12**

ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ; എന്തുകൊണ്ടെന്നാൽ സ്വർഗ്ഗരാജ്യം അവരുടേതാകുന്നു.

ദു:ഖിച്ചിരിക്കുന്നവർ ഭാഗ്യവാന്മാർ; എന്തുകൊണ്ടെന്നാൽ അവർ ആശ്വാസപ്പെടും.

സൗമ്യതയുള്ളവർ ഭാഗ്യവാന്മാർ; എന്തുകൊണ്ടെന്നാൽ അവൻ ഭൂമിയെ അവകാശമായി അനുഭവിക്കും.

നീതിക്കായി വിശന്നു ദാഹിക്കുന്നവർ ഭാഗ്യവാന്മാർ; എന്തുകൊണ്ടെന്നാൽ അവർ തൃപ്തരാകും.

കരുണയുള്ളവർ ഭാഗ്യവാന്മാർ; എന്തുകൊണ്ടെന്നാൽ അവരുടെ മേൽ കരുണയുണ്ടാകും.

ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ; എന്തുകൊണ്ടെന്നാൽ അവർ ദൈവത്തെ കാണും.

സമാധാനം നടത്തുന്നവർ ഭാഗ്യവാന്മാർ; എന്തുകൊണ്ടെന്നാൽ അവർ ദൈവത്തിന്റെ പുത്രന്മാരെന്ന് വിളിക്കപ്പെടും.

നീതി നിമിത്തമായിട്ടു പീഡിപ്പിക്കപ്പെടുന്നവർ ഭാഗ്യവാന്മാർ; എന്തുകൊണ്ടെന്നാൽ സ്വർഗ്ഗരാജ്യം അവരുടേതാകുന്നു.

അവർ നിങ്ങളെ നിന്ദിക്കുകയും നിങ്ങളെ പീഡിപ്പിക്കുകയും എന്റെ നിമിത്തം സകല ദുർവചനത്തെയും നിങ്ങളുടെ നേരെ വ്യാജമായിട്ടു പറയുകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ.

നിങ്ങളുടെ പ്രതിഫലം സ്വർഗ്ഗത്തിൽ വർദ്ധിച്ചിരിക്കകൊണ്ട് നിങ്ങൾ സന്തോഷിച്ച് ആനന്ദിപ്പിൻ.

ബാറെക്മോർ

ശുബഹോ......മെനഓലം........

**എനിയോനോ**

**(നാഥാ നിൻ രാജ്യ ...................)**

മാനവരക്ഷകനെ!
കനിവാലരുളണമേ!
ഭൂവിൽ ശമവും-
സഭയിൽ ശാന്തിയുമമരട്ടെ

നിർമ്മല വിശ്വാസം
സഭയിൽ നിലനിർത്താൻ
പീഡകളേറ്റു-,
ദീവന്നാസ്യോസാം താതൻ

ശൈശവ ദശമുതലേ
നിഷ്ഠാജീവിതമാം



ചൂളത്തീയിൽ
രത്നംപോൽ പരിശോഭിതനായ്

അടിമത്തത്തിൽ നി-
ന്നും സഭയെ താതൻ
സ്വാതന്ത്ര്യത്തിൻ
സൂര്യപ്രഭയതിലങ്ങേറ്റി

ഉജ്ജ്വല തേജസ്സാം
ഗ്രിഗോറിയോസിൽ
നിന്നു പകർന്നൊ-
രു ദീപം- മാർദീവന്നാസ്യോസ്

ദൃഢതരമാമചലം
പോൽ നിലകൊണ്ടതിനാൽ
വൈരികളാഞ്ഞു-
തന്നെ ഭൃഷ്ഠാക്കിചെയ്വാൻ

കർത്താവിൻ ശക്തി
തന്നെ നയിച്ചതിനാൽ
ദീവന്നാസ്യോസ്-
പീഡകർമേൽ വിജയം നേടി

ബാറെക്മോർ ശുബഹോ...മെനഓലം...

സുകൃതത്താൽ സഭയെ
ശ്രീയിൽ നയിച്ചോനാം
ദീവന്നാസ്യോസ് -
പ്രാർത്ഥിച്ചീടണമെങ്ങൾക്കായ് - ആമ്മീൻ

**113-ാം മസുമൂർ**

പ്രകാശത്തിന്റെ സ്രഷ്ടാവിനു സ്തുതി. കർത്താവിന്റെ ഭൃത്യന്മാരേ! സ്തുതിപാടുവിൻ. നിങ്ങൾ കർത്താവിന്റെ നാമത്തെ സ്തുതിപ്പിൻ.

കർത്താവിന്റെ നാമം ആദിമുതൽ എന്നേക്കും വാഴ്ത്തപ്പെട്ടതായിരിക്കട്ടെ.

സൂര്യന്റെ ഉദയം മുതൽ അതിന്റെ അസ്തമനം വരെയും കർത്താവിന്റെ നാമം വലിയതാകുന്നു.

കർത്താവ് സകല ജാതികൾക്കും മേലായി ഉന്നതനും അവന്റെ മഹത്വം ആകാശങ്ങൾക്കു മീതെയുമാകുന്നു.

ഉയരത്തിൽ വസിക്കുകയും ആഴത്തിൽ നോക്കുകയും ചെയ്യുന്ന നമ്മുടെ ദൈവമായ കർത്താവിനോടു സദൃശൻ ആകാശത്തിലും ഭൂമിയിലും ആരുള്ളു ?

അവൻ എളിയവനെ ജനത്തിന്റെ പ്രഭുക്കന്മാരോടു കൂടെ ഇരുത്തേണ്ടതിന് കുപ്പയിൽനിന്ന് ഉയർത്തുന്നു. അവൻ മച്ചിയായവളെ മക്കളുടെ സന്തോഷമുള്ള മാതാവായി ഭവനത്തിൽ വസിക്കുമാറാക്കുകയും ചെയ്യുന്നു. ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു.

**148-ാം മസുമൂർ**

ആകാശത്തിൽനിന്നു കർത്താവിനെ സ്തുതിപ്പിൻ. ഉന്നതങ്ങളിൽ അവനെ സ്തുതിപ്പിൻ.... ഇത്യാദി പേജ് 69

**എക്ബോ**

**(മാനവർ വാനോർ .................. രീതി)**

ദീവന്നാസ്യോസ് തൻ സ്മരണ
രാപകൽ സഭയെ കാത്തീടും
കോട്ടയതായ് നില്കൊണ്ടീടാൻ
കനിയുക നാഥാ! കരുണാബ്ധേ!

സ്തൗമൻ കാലൊസ്............



**പ്രുമിയോൻ**

തലമുറതോറും തന്റെ വിശുദ്ധ സഭയെ പരിപാലിക്കുന്നതിന് ഉൽകൃഷ്ടരായ ഇടയന്മാരെ തെരെഞ്ഞെടുക്കുകയും, തന്റെ ദൈവീക അധികാരത്താൽ ഗൗരവതരവും വിശിഷ്ടവുമായ ശുശ്രൂഷ അവരെ ഭരമേല്പിക്കുകയും, സഭയ്ക്കു മദ്ധ്യസ്ഥരും സത്യവിശ്വാസത്തിന്റെ കാവൽഭടന്മാരായി അവരെ നിയോഗിക്കുകയും ചെയ്യുന്ന ശ്രേഷ്ഠ മഹാപുരോഹിതനായ കർത്താവിനു സ്തുതി. അവിടുത്തേയ്ക്ക് തന്റെ ദാസനും, ഞങ്ങളുടെ പിതാവുമായ സഭാഭാസുരൻ വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസിന്റെ പെരുനാൾ ആഘോഷിക്കുന്ന ഈ നേരത്തും .......................

എങ്കിലോ പുണ്യമാക്കുന്നവനും.........

**സെദറാ**

നിങ്ങൾ ഭൂമിയുടെ അറുതികൾ വരെയും എന്റെ സാക്ഷികളായിത്തീരുമെന്ന് തന്റെ വാത്സല്യ ശിഷ്യന്മാരോട് അരുളിചെയ്തവനായ കർത്താവേ !, നിന്റെ ശിഷ്യന്മാർ വഴി വി. സഭയെ ഭരമേല്പിച്ചിരിക്കുന്ന ദിവ്യകൂദാശകളാൽ സഭയെ നീ പുലർത്തുന്നു. നിന്റെ അജവൃന്ദത്തെ പച്ചയായ പുല്പുറങ്ങളിലേയ്ക്കും, സ്വസ്ഥതയുള്ള വെള്ളത്തിനരികത്തെക്കും നടത്തി പരിപാലിക്കുന്നതിന് ഇടയന്മാരെ നീ എഴുന്നേല്പ്പിക്കുന്നു. അവർ നിന്റെ ദിവ്യരഹസ്യങ്ങളെ പരിസേവിക്കുന്നതിനും, നിന്നിൽ നിന്നും ദൂതുകൾ ഏറ്റുവാങ്ങി പ്രവാചകതുല്യരായി, നിന്റെ ജനങ്ങളെ അറിയിക്കുന്നതിനും, അവരെ സത്യവിശ്വാസത്തിൽ നിലനിർത്തുന്നതിനും, നീ അധികാരപ്പെടുത്തിയിരിക്കുന്നു. അവർ സഭയ്ക്കുവേണ്ടി കഠിനാദ്ധ്വാനം ചെയ്യുകയും ലോകത്തെ ത്യജിക്കുകയും, രാപകലുള്ള പ്രാർത്ഥനകളാലും, അനുഷ്ഠാനങ്ങളാലും തങ്ങളുടെ ആത്മാക്കളെ

പ്രശോഭിപ്പിക്കുകയും, തിരുനാമത്തെ ആദരിക്കുകയും ചെയ്തു. അവരിൽ ചിലർ ക്രൂരന്മാരായ ഭരണകർത്താക്കളാൽ ആക്ഷേപിക്കപ്പെടുകയും പീഡിപ്പിക്കപ്പെടുകയും, ചിലർ നിനക്കുവേണ്ടി അക്രമികളാൽ കൊല്ലപ്പെടുകയും ചെയ്തു. അവരുടെ നിഷ്ഠയും ത്യാഗവും, സഹനവും മൂലം അവൻ നിന്റെ ഉത്തമ സാക്ഷികളായിത്തീർന്നിരിക്കുന്നു.

കർത്താവേ! നിന്റെ വത്സല ശിഷ്യനായ മാർത്തോമ്മാശ്ലീഹായുടെ സഭയിൽ ഇടയനായി ഒരു നിർണ്ണായക ഘട്ടത്തിൽ നീ നിയമിച്ചാക്കിയ പിതാവായ വി. മാർ ദീവന്നാസ്യോസിനെ പ്രതി ഞങ്ങൾ നിന്നെ വാഴ്ത്തുന്നു. സഭയുടെ സ്വകീയമായ സ്വാതന്ത്ര്യത്തെയും സ്വയശീർഷകത്തെയും തച്ചുടച്ച്, സഭയിൽ വൈദേശീകാധിപത്യത്തിന്റെ പ്രഭാവം രൂഢമൂലമാക്കുന്നതിന് ഉദ്യമിച്ച ശക്തികളുമായി അദ്ദേഹം ഏറ്റുമുട്ടി. ആയുസ്സു മുഴുവൻ സഭയ്ക്കുവേണ്ടി അദ്ദേഹം അക്ഷീണം പ്രയത്നിച്ചു. സഭയുടെ സല്പേരും അഭിമാനവും സ്വന്തം അഭ്യുന്നതിയെക്കാൾ വിലമതിച്ചതിനാൽ വിപരീത ശക്തികളിൽ നിന്ന് ക്ലേശങ്ങളും പീഡകളും സഹിക്കേണ്ടിവന്നു. എങ്കിലും തളർന്നുപോകാതെ മഹാമേരു പോലെ ഉയർന്നുനിന്ന് സഭയുടെ സ്വാതന്ത്ര്യവും സുസ്ഥിതിയും അദ്ദേഹം സംരക്ഷിച്ചു. സഭയെക്കുറിച്ചുള്ള എരിവ് സ്വഹൃദയത്തിൽ നിറഞ്ഞുനിന്നിരുന്നതിനാൽ എതിർപ്പുകളെയും പ്രതിബന്ധങ്ങളെയും അദ്ദേഹം ധീരമായി നേരിട്ടു.

തന്റെ ഗുരുവായ പരുമല മാർഗ്രീഗോറിയോസിൽ നിന്നും അദ്ദേഹം സന്യാസ ചര്യകൾ അഭ്യസിച്ചു. സുകൃതാഭ്യസനത്തിലും നിഷ്ഠാജീവിതത്തിലും മാർ ഗ്രീഗോറിയോസ് അദ്ദേഹത്തിന് മാതൃകയായിരുന്നു. വിപരീത സാഹചര്യങ്ങളെ നേരിട്ടുകൊണ്ട്, സഭയ്ക്ക് സുധീര



നേതൃത്വം നൽകുമ്പോഴും, യാമപ്രാർത്ഥനകൾ, നോമ്പ് ഉപവാസം, ജാഗരണം, സന്യാസത്വത്തിനടുത്ത വിനയം, അനുസരണം, ക്ഷമ, ജീവിത വിശുദ്ധി എന്നിവയിൽ പൗരസത്യ സന്യാസപിതാക്കന്മാരുടെ കാലടികളെ അദ്ദേഹം പിൻതുടർന്നു. ദൈവദത്തമായി അദ്ദേഹത്തിൽ വിളങ്ങിയ ബുദ്ധിവൈഭവവും, നേതൃത്വവരവും തന്റെ സഭയ്ക്കുവേണ്ടി അദ്ദേഹം വിനിയോഗിച്ചു. ബുദ്ധികൂർമ്മതയോടൊപ്പം ഭക്തിവൈരാഗ്യത്തിലും അദ്ദേഹം ഉയർന്ന് പരിശോഭിച്ചിരുന്നു. അകാരണമായി തനിക്കെതിരെ വാളോങ്ങിയ പ്രതിലോമ ശക്തികളെ ദൈവകൃപയാൽ അദ്ദേഹം നിഷ്പ്രഭമാക്കി.

അദ്ദേഹത്തിന്റെ ഭരണകാലത്തു സഭയിൽ സുവിശേഷപരവും, ഭരണക്രമീകരണപരവും, വിശ്വാസസംരക്ഷണപരവുമായ പുതിയ നീക്കങ്ങളുണ്ടായി. മലങ്കരയിൽ സ്ഥാപിതമായ പൗരസ്ത്യകാതോലിക്കേറ്റിന്റെ പ്രധാന ശില്പിയായി അദ്ദേഹം പ്രകീർത്തിക്കപ്പെടുന്നു. ഈ പിതാവിനെ ശ്രേഷ്ഠഗുരുവും, അദ്വിതീയ മല്പാനും, വിശ്വാസസംരക്ഷകനും, സുപരിചിതനായി തിരിച്ചറിഞ്ഞ സഭ അദ്ദേഹത്തെ സഭാഭാസുരനും വിശുദ്ധനുമായി അംഗീകരിച്ച് ആദരിച്ചിരിക്കുന്നു.

ആകയാൽ കർത്താവേ! മാർ ദീവന്നാസ്യോസിന്റെ മഹത്തായ ഈ അനുസ്മരണയിൽ അനുഗൃഹീത മദ്ധ്യസ്ഥനായി അദ്ദേഹത്തെ ഞങ്ങൾ സമർപ്പിക്കുന്നു. ഈ പിതാവിന്റെ പ്രാർത്ഥനയാൽ, അദ്ദേഹം അഭിലഷിച്ചിരുന്ന പ്രകാരം സഭ പരിപൂർണ്ണസ്വാതന്ത്ര്യത്തിലും സമാധാനത്തിലും പുലരുവാനിടയാക്കണമെ. അതിനാൽ രോഗികൾക്കു സൗഖ്യവും, ഞെരുക്കങ്ങളിലും വൈഷമ്യങ്ങളിലും ക്ലേശിക്കുന്നവർക്ക് ആശ്വാസവും നൽകണമെ.

പൈതങ്ങളെ വളർത്തണമെ. വൃദ്ധജനങ്ങളെ താങ്ങണമെ. വഴിയാത്രചെയ്യുന്നവരെ അനർത്ഥങ്ങളിൽ നിന്നും കാത്തുകൊള്ളണമെ. ദൂരസ്ഥരെയും സമീപസ്ഥരെയും സംരക്ഷിക്കണമെ. മാർ ദീവന്നാസ്യോസിനെ സഭയ്ക്ക് ഇടയനാക്കി തെരഞ്ഞെടുത്ത പിതാവിനും, അവനെ ശക്തീകരിച്ച പുത്രനും, പോരാട്ടത്തിൽ അവനെ മഹത്വ കീരിടം അണിയിച്ച പരിശുദ്ധറൂഹായ്ക്കും ഞങ്ങൾ സ്തുതിയും സ്തോത്രവും കരേറ്റുന്നു. ഹോശോ...............

ദൈവത്തിൽ നിന്ന് ................

**കോലോ**

**കൂക്കോയോ**

നിങ്ങളെനിക്കായ് സാക്ഷികളാം നാലതിരുകളോളം
ലോകാന്ത്യം വരെ ഞാൻ നിങ്ങൾക്കൊപ്പം മേവീടും
നല്ലൊരു വാർത്ത-ഘോഷിപ്പിൻ നിങ്ങൾ
സൗഖ്യം നൽകിൻ-രോഗാർത്തന്മാർക്കായ്
എൻ പേർക്കായ് പീഡകൾ നിങ്ങൾ, ക്ലേശങ്ങളുമേല്ക്കും
ദേഹത്തെ കൊല്ലുന്നോരെ ശങ്കിച്ചീടായ്‌വിൻ
ഹാലേലൂയ്യാ - എന്നരുളി നാഥൻ

ഭാസുരനാം മാർ ദീവന്നാ-സ്യോസ് - സഭ തൻ പേർക്കായ്
ദുർവഹ പീഡകൾ ക്ലേശങ്ങൾ - ഏറ്റാൻ വിനയത്താൽ
പ്രാണനുതുല്യം - സഭയെ സ്നേഹിച്ചു
നൈർമ്മല്യത്താൽ - പരിശോഭിതനായി
സുകൃതത്താലീകാര്യസ്ഥൻ - കർത്തനെമാനിച്ചു
നീതി കിരീടമവനേകി - സഭയുടെ മണവാളൻ
ഹാലേലൂയ്യാ - ശുദ്ധൻമാർക്കൊപ്പം
ബാറെക്മോർ - ശുബഹോ - മെനഓലം



കലഹത്തിൻ വിത്തുവിതച്ചാൻ സാത്താൻ തിരുസഭയിൽ
സഭയുടെ തേജസ്സൊടുക്കീടാൻ വൈരികൾ പാഞ്ഞെത്തി
ദീവന്നാസ്യോസ് നല്ലോരിടയൻപോൽ
വൈരിയെയേൽപ്പാൻ മുമ്പിൽ നടകൊണ്ടു
ക്ഷതമേറ്റിട്ടും തളരാതെ പോരാട്ടം ചെയ്തു.
രാപകൽ തന്നജവൃന്ദത്തെ കാവൽ കാത്തിടയൻ
ഹാലേലൂയ്യാ- തൽസ്മൃതിയതിധന്യം

മൊറിയോ .............

**എത്രോ**

കർത്താവേ ! പരിശുദ്ധപിതാവായ മാർ ദീവന്നാസ്യോസിന്റെ ഈ പെരുനാളിൽ ഞങ്ങളുടെ ബലഹീന കൈകളാൽ നിന്റെ മഹിമയുടെ മുമ്പാകെ സമർപ്പിക്കപ്പെടുന്ന ഈ പരിമളധൂപം കൈക്കൊള്ളണമെ. അദ്ദേഹത്തിന്റെ പ്രാർത്ഥനയാൽ ഞങ്ങളുടെ കുറവുകൾ മാഞ്ഞുപോകുകയും, ഞങ്ങൾക്കു സുകൃതങ്ങൾ വർദ്ധിക്കുകയും ചെയ്യണമെ. ഭൂമിയിലെ വിശുദ്ധന്മാർ നിനക്കു പ്രസാദമുള്ള ശ്രേഷ്ഠരാണെന്നു നീ അരുളിചെയ്തിരിക്കുന്നതിനാൽ മാർ ദിവാന്നാസ്യോസിന്റെ നാമത്തിൽ ഞങ്ങൾ അർപ്പിക്കുന്ന അപേക്ഷകളെ നീ അംഗീകരിക്കണമെ. ഈ പിതാവിന്റെ മദ്ധ്യസ്ഥതയാൽ ഭിന്നതകളും സംഘർഷങ്ങളും നീങ്ങി സഭയിൽ സമാധാനം വർദ്ധിക്കണമെ. ഈ പെരുനാളിൽ വന്നുകൂടിയിരിക്കുന്ന നിന്റെ ജനങ്ങളെ വാഴ്ത്തി അനുഗ്രഹിക്കണെമെ. മോറാൻ വാലോഹാൻ..............

**കോലോ - മൊറിയോ മോറാൻ**

1. നാഥനും പ്രിയനാം - ദീവന്നാസ്യോസിൻ സ്മരണം
ഭൂവാനങ്ങൾ - മോദത്തോടേൻപ്പൂ
ഭാസുരതാതാ - സഭയും മക്കളുമാർപ്പോടി-
ന്നാഘോഷിപ്പൂ - മഹതാം നിൻ നാമം

നാഥങ്കൽ നീ - നല്ലൊരു സ്വീകാര്യം നേടി
നിൻമക്കൾക്കായ് - താതാപ്രാർത്ഥിക്ക
ഹാലേലൂയ്യാ - നിന്നോർമ്മയെ ബഹുമാനിപ്പോൻ
പിതൃസുതറൂഹാ - യ്ക്കെന്നും സ്തുതിമേന്മേൽ

2. മാർത്തോമ്മാതൻ - ഭാരതസഭയാം തോട്ടത്തിൽ
നല്ലൊരു കർഷ - കനായദ്ധ്വാനിച്ചു
കളയും പിശറും - ദൂരെയെറിഞ്ഞാത്തോട്ടത്തിൽ
നൽ വിത്തുകളെ - സൂക്ഷമതയിൽ പോറ്റി
വേനൽ വർഷം - എന്നിവയെല്ലാമേറ്റിട്ടും
ഖിന്നതകൂടാ - തതിജാഗ്രതയോടെ
ഹാലേലൂയ്യാ - അരികളുതിർത്തൊരു ശരവർഷം
രോധിച്ചേറ്റം - ജയശ്രീയാർജ്ജിച്ചു

ബാറെക്മോർ-ശുബ്ഹോ.......

3. ദീവന്നാസ്യോസ് - താതൻ പാടവമാർജ്ജിച്ചു
പ്രാർത്ഥന സുകൃതം - നോമ്പെന്നിവയാലെ
രാവിൻ നടുവിൽ - മിഴികൾ തുറക്കും ദീപത്തിൽ
ചാരെമുട്ടി - ന്മേൽ നിന്നർത്ഥിച്ചു
മശിഹാ, ദേവാ ! - തവ വത്സലനാം മാർത്തോമ്മാ
തൻ സഭയെ നീ - പരിരക്ഷിക്കേണം
ഹാലേലുയ്യാ - സഭയെ ഭാസുരമാക്കിയൊരീ
താതൻ സ്മരണം - വാഴ്വതിനാകട്ടെ!

മെനഓലം

4. ദീവന്നാസ്യോസ് ! - ശുദ്ധന്മാരുടെ തിരുസംഘം
നിരനിരയായ്നി - ന്നെതിരേല്പു നിന്നെ
താതൻ നിന്നെ - ശുദ്ധരൊടൊപ്പം ചേർക്കുന്നു
തനയൻ മഹതാം - അംബരമണിയിപ്പൂ
പാവന റൂഹാ - വിജയത്തിൽ ശോഭിതമകുടം



തവമൗലിയതിൽ - ചാർത്തുന്നാമോദാൽ
ഹാലേലുയ്യാ - നാഥൻ ചൊന്നാനെൻ പ്രിയരെ
മാനിപ്പോരെ - ഞാനും മാനിക്കും

**പെത്ഗോമോ**

ഹാ - ഹാ ഭൂവിതിലെൻ സ്നേഹിതരാം പുണ്യാത്മാക്കൾ
എന്നുള്ളം മോദിപ്പിക്കും ശ്രേഷ്ഠന്മാരല്ലോ-ഹാലേലുയ്യാ

വി. യോഹന്നാൻ 15 9 - 21

നിന്നാൾ സ്തുതിയൊടു രാജമകൾ ഹാ-ഉ-ഹാ-
നിൻവലമായ് രാജഭാമിനി'യും.

നയവാൻ പനപോലെ തളിർത്തിടുമേ ഹാ-
വളരുമവൻ ലബനോൻ കാരകിൽപോൽ

മക്കളിലപ്പൻ കൃപചെയ്‌വതുപോലെ ഹാ - ഹാ
ഭക്തന്മാരിൽ ദൈവം കൃപ ചെയ്യും

ബാറെക്മോർ-ശുബഹോ.......മെനഓലം...

സ്തുതി ദൈവത്തിനുയരത്തിൽ
തൻ മാതാവിന്നുന്നതിയും
മഹിമാ മുടി സഹദേന്മാർക്കും
മൃതരിൽ കരുണയുമുണ്ടാക
സതൗമെൻ കാലൊസ് .................

താതൻ ശ്ലോമ്മോ ഗബ്രിയേൽ
മൂലം മേലീന്നാ ധന്യ
മറിയാമിന്നു നൽകപ്പെട്ടു
തീ പൂണ്ടോൻ വായിൽ തിങ്ങും
ശ്ലോമ്മോ, ചൊന്നാൽ നാഥൻ നിൻ
കൂടെത്തന്നുദയം നിന്നിൽ
ബാറെക്മോൽ - ശുബഹോ—

ശ്ലോമ്മോ തൻ നിബിയന്മാർക്കും
ശ്ലോമ്മോ തൻ ശ്ലീഹന്മാർക്കും
ശ്ലോമ്മോ ശ്ലോമ്മോ നാഥങ്കൽ
കുറേറും സഹദേൻമാർക്കും
ശ്ലോമ്മോ തൻ മക്കൾ വസിക്കും
പരിശുദ്ധ സഭയ്ക്കും ശ്ലോമ്മോ

മെനഓലം.....

നാം ദൈവസുതന്മാരാവാ
നായുഷ്കാലത്തിൽച്ചൊല്ലി
ത്തന്നതാതരെയോർക്കേണം
നയവാന്മാർ പുണ്യപ്പെട്ടോ-
രൊന്നിച്ചേകുമവർക്കാശ്വാ
സംസ്വർഗ്ഗേ പുത്രൻ ദൈവം

മൊറിയോ

## ബോവൂതോ മാർ യാക്കോബ്

പ്രാർത്ഥിച്ചാലും, ദീവന്നാസ്യോസ് ! പ്രാർത്ഥിച്ചാലും
നിൻ പ്രാർത്ഥനയാൽ നാഥൻ പുണ്യം നൽകീടട്ടെ-

അഞ്ചോടിരുപതു വത്സരമേറ്റം ജാഗ്രതയോടെ
ഇടയർക്കിടയൻ മേഷഗണത്തെ പരിപാലിച്ചാൻ

സ്വച്ഛന്ദമതാം ജലവും ഹരിതം പുൽമേടുംതൻ
അജവൃന്ദത്തിനവകാശമതായേകി താതൻ

തോട്ടം കാപ്പാൻ നിയമിതനാമിയുത്തമ ദാസൻ
പീഡകളേറ്റും വൈരികളീന്നും സഭയെ കാത്തു

സ്ഥാനം, ജീവൻ, മാനമിതെല്ലാം നിസ്സാരമതാ-
യെണ്ണീ, സഭയെ സ്വാതന്ത്ര്യത്തിൽ പറുദീസ്സേറ്റി

നോമ്പുപവാസം, കണ്ണീരർത്ഥനയെന്നിവയാലെ
കായമൊതുക്കി, തന്നാത്മാവിനെ ദീപ്തമതാക്കി



ദീവന്നാസ്യോസ് ! നിന്നോർമ്മയിതുൾ പുളകത്തോടെ
മലയാംകരയിൽ സഭയും സുതരും ഘോഷിക്കുന്നു.

ദീവന്നാസ്യോസ് ! നിന്നെയേറ്റൊരു താതൻ സ്തുത്യൻ
ജീവനിലേറെ നീ സ്നേഹിച്ചൊരു പുത്രൻ വന്ദ്യൻ

പോരാട്ടത്തിൽ നിന്നെ നയിച്ചൊരു റൂഹാപൂജ്യൻ
ഭൂവാനങ്ങൾ മഹതാം നിൻ നാമം കീർത്തിപ്പൂ

പ്രാണനുതുല്യം നീ സ്നേഹിച്ചൊരു സഭയിൽ നിന്നും
പീഡകൾ നീങ്ങാൻ ഭാസുരതാതാ പ്രാർത്ഥിക്കേണം.

## കൗമാ (കാദീശാത്ത് ആലോഹോ)

ശുദ്ധൻ നീ ആലോഹോ! ഹാലേലൂയ്യാ
ശുദ്ധൻ നീ ബലവാനേ! കുറിയേലായിസോൻ
ശുദ്ധൻ നീ മൃതിഹീനാ + ക്രൂശേറ്റോനേ കൃപ ചെയ്തീട
ണമേ

(മൂന്നുപ്രാവശ്യം)

കർത്താവേ! കൃപചെയ്യണമേ - ഹാലേലുയ്യാ
കർത്താവേ! കൃപചെയ് കനിവാൽ - കുറിയേലായിനോൻ
കർത്താവേ! കർമ്മാർത്ഥനകളെയേറ്റിട്ടവയാൽ കൃപചെ
യ്തീടണമേ

സ്തുത്യൻ നീ ആലോഹോ! ഹാലേലുയ്യാ
സ്തുത്യൻ നീ സ്രഷ്ടാവേ! കുറിയേലായിസോൻ
സ്തുത്യൻ നീ പാപികളടിയാരിൽ -കൃപചെയ്തീടും
മശിഹാ - രാജാവേ! ബാറെക്മോർ

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ .........
കൃപനിറഞ്ഞ മറിയമേ....

## മൂന്നാംമണി നമസ്കാരം

ഒരു കൗമാ

**കോലോ – ഏനോനോ നുഹറോ**

എൻ പേർക്കായ് പീഡകളേറ്റീടും
ദ്വേഷിതരായീടും നിങ്ങൾ
എന്നേവം ശിഷ്യന്മാരോടായ്
മുന്നറിവായോതി നാഥൻ
കർത്തൻ പേർക്കായ് ക്ലേശങ്ങൾ
ഇടതടവില്ലാതേറ്റീട്ടും
ഇടറാതതി ധീരതയോടെ
ദീവന്നാസ്യോസാം താതൻ-
സഭയാം തോട്ടം പാലിച്ചാൻ

ബാറെക്മോർ – ശുബഹോ – മെനഓലം

ഭാരതസഭയെ വിശ്വാസത്തിൻ
പൊൻ നീർച്ചാലുകളാൽ മേന്മേൽ
പരിപോക്ഷിപ്പിച്ചതിനാൽ തന്നെ
ഭാസുരനായെണ്ണീടുന്നു
ഗുരുവാം ഗ്രീഗോറിയോസും
ശിഷ്യൻ ബസ്സേലിയോസ്സും
ഉജ്ജ്വല തേജോഗോളങ്ങൾ



ദീവന്നാസ്യോസ് തൻ മഹതാം
ശുദ്ധപദത്തെ സാക്ഷിപ്പൂ

മൊറിയോ .........

**ബോവൂസോ – മോർ അപ്രേം**

നാഥാ ! ദീവന്നാസ്യോസിൻ
പ്രാർത്ഥനയാൽ തുണചെയ്യണമെ
ഞങ്ങൾക്കും മൃതരായോർക്കും
നൈർമല്യം നൽകീടേണം

ദീവന്നാസ്യോസിൻ തിരുനാൾ
കൊണ്ടാടുന്നജവൃന്ദത്തെ
പീഡാ ദോഷങ്ങളിൽനിന്നും
അൻപാൽ കാക്കണമേ, നാഥാ!

സ്വീകൃതബലിപോൽ തിരുമുമ്പിൽ
ആയുസ്സിനെ മുഴുമനമോടെ
ഹോമിച്ചാൽ നിത്യം താതൻ
നാഥൻ ബലിയിൽ പ്രീതനതായ്

പീഡാവഴിയിൽ തളരാതെ
അജവൃന്ദത്തിൽ തലയാളായ്
വന്യമൃഗങ്ങൾക്കിരയാകാ
തവയെ താൻ പരിപാലിച്ചു.

സഭയുടെ പേർക്കായ് ക്ലേശങ്ങൾ
മോദത്തോടേറ്റോനാമീ-
ത്താതൻ തൻ വിശ്രുത നാമം
സഭയും സുതരും കീർത്തിപ്പൂ.

നാഥാ! ദീവന്നാസ്യോസിൻ
പ്രാർത്ഥനയാൽ തുണ ചെയ്യണമെ
ഞങ്ങൾക്കും മൃതരായോർക്കും
നൈർമല്യം നൽകീടേണം.

ഒരു കൗമാ

## ആറാം മണി

### ഒരു കൗമാ

(തൂറോ ദ്സീനായ്)

1. ഉടയോൻ നാഥാ:
ഗിരിസീനാ നിൻ സ-
ന്നിധിയിങ്കൽ തുള്ളി
മലയും കടലും പേറും നി-
ന്നെക്കന്യക ഗർഭേ പേറി,
അവൾ ഗർഭിണിയായാശ്ചര്യ-
ത്താൽത്തന്നെപ്പെറ്റാൾ നിന്നെ
വലുതാക്കീടണമവൾ തന്നോർമ്മ.
ബാറെക്മോർ.
ശുബഹോ....

2. കാദീശന്മാർ
ജീവനും രാജ്യ-
ത്തിനുമവകാശക്കാർ.
മശിഹായേ സ്നേഹിച്ചോരേ-
തിനു യോഗ്യന്മാരാ ഭാഗ്യം
കാതുകളാൽ കേട്ടിട്ടില്ലേ,
കണ്ണുകളാൽ കണ്ടിട്ടില്ലേ,
ഇല്ലേചിത്തേ കല്പ്പിച്ചിട്ടും.
മെന്ഓലം...



3. മാമോദീസാ-
മൂലം മശിഹാ തൻ
റൂശ്മാകുത്തപ്പെ-
ട്ടും തൻ ഗാത്രം ഭക്ഷിച്ചും,
തൻ രക്തം പാനം ചെയ്വോർ
താൻ മൂലം ജീവൻ പൂണ്ടി-
പൂഴിയതിൽ നിന്നിങ്ങേറീട്ട്
അണിയും നൽ മഹിമാവിന്നങ്കി.
മൊറിയോ....

### മാർ ബാലായിയുടെ ബോവൂസാ

1. മാതാ കാദീശന്മാർ തൻ പ്രാർത്ഥനയാൽ
അരുളടിയാർക്കും മൃതരായോർക്കും പുണ്യം.
2. വാഴ്വായ്ത്തീരണമേ മറിയാമ്മിന്നോർമ്മ
അവൾ പ്രാർത്ഥനയാത്മാക്കൾക്കായും കോട്ട.
3. നിബിയന്മാർ ശ്ലീഹന്മാർ സഹദേന്മാരേ!
ഞങ്ങൾക്കായ് കൃപയാചിപ്പീനെല്ലാരും.
4. നിൻ ശരണത്താൽ മൃതരാം ഭ്രാതൃപിതൃക്കൾ
മേലാനന്ദപ്പനിനീർ നീ വീഴ്ത്തേണം.
5. മാതൃസ്മരണയുയർത്തിസ്സിദ്ധരെയേറ്റി
മൃതരേ വാഴ്ത്തീടുന്നവനായി സ്തോത്രം.
6. മാതാ കാദീശന്മാർ തൻ പ്രാർത്ഥനയാൽ
അരുളടിയാർക്കും പുണ്യം മൃതരായോർക്കും.

വായനക്കാരൻ: "നീതിമാന്മാരുടെ കൂടാരത്തിൽ മഹത്വത്തിന്റെയും രക്ഷയുടെയും ശബ്ദം" എന്നു ദാവീദു മുഖാന്തിരം പരിശുദ്ധറൂഹാ പാടി.

### പഴയനിയമ വായനകൾ

■■

## വിശുദ്ധ കുർബ്ബാനയിലെ ഏവൻഗേലിയോനുശേഷം (ലോക്മൊറിയോ കോറേറൊൻ)

എൻ മാർഗ്ഗമതേല്പാൻ താൽപര്യം പൂണ്ടോൻ
തൻ കുരിശേന്തിക്കൊണ്ടെൻ പിന്നാലെ ചേരട്ടെ
എന്നിങ്ങരുളിയ നാഥാ! നിൻ കാലടിചേർന്ന
ഭാസുരനാം ദീവന്നാസ്യോസ് തന്നോർമ്മദിനത്തിൽ

തിരുമുമ്പിൽ - അടിയാരർത്ഥിക്കും
കാഴ്ചകളിൽ - കനിവാൽ തെളിയണമെ

ഇപ്പെരുന്നാൾ വാഴ്വതിനായ് തീരണമേ, കർത്താവേ!

### കാസോലിക്കി

(ഖണ്ഡിപ്പിന്റെ സമയത്ത് അൻപുടയോനെ എന്ന ഗീതത്തിന് പകരം)

1. മലയാംകരയുടെ മണിദീപം
ഹാലേലുയ്യാ-ഉ-ഹാലേലുയ്യാ
ഭാസുരനാം - ദീവന്നാസ്യോസ്
കുറിയേലായിസ്സോൻ

2. പുകഴുന്നാദരവോടെങ്ങൾ
ഹാലേലുയ്യാ-ഉ-ഹാലേലുയ്യാ
ധന്യമതാം തൻ സ്മരണയതിൽ
കുറിയേലായിസ്സോൻ

3. ഗുരുവരനാം ഗ്രിഗോറിയോസ്
ഹാലേലുയ്യാ-ഉ-ഹാലേലുയ്യാ
തൻ മാതൃകപോൽ നിർമ്മലനായ്
കുറിയേലായിസ്സോൻ

4. കാറ്റിലുലഞ്ഞൊരു തിരുസഭയെ
ഹാലേലുയ്യാ-ഉ-ഹാലേലുയ്യാ
ശാന്തിയതിൽ തീരത്തേറ്റി
കുറിയേലായിസ്സോൻ

5. കണ്മണിതുല്യം തൻ സഭയെ
ഹാലേലുയ്യാ-ഉ-ഹാലേലുയ്യാ
സ്നേഹിച്ചാനീ മുനിശ്രേഷ്ഠൻ
കുറിയേലായിസ്സോൻ

6. സത്യത്തിൻ വൈരികളെത്തൻ
ഹാലേലുയ്യാ-ഉ-ഹാലേലുയ്യാ
ജ്ഞാനത്താൽനിഷ്പ്രഭരാക്കി
കുറിയേലായിസ്സോൻ

7. നിർമ്മല ധീരൻ, പരിശുദ്ധൻ
ഹാലേലുയ്യാ-ഉ-ഹാലേലുയ്യാ
ദീവന്നാ-സ്യോസുന്നതനേ!
കുറിയേലായിസ്സോൻ

8. നിന്നോർമ്മയിതാഘോഷിക്കും
ഹാലേലുയ്യാ-ഉ-ഹാലേലുയ്യാ
സഭയുടെ പേർക്കായ് പ്രാർത്ഥിക്ക!
കുറിയേലായിസ്സോൻ.